# നവയരൂശലേമും സ്വർഗ്ഗീയ ഉപദേശവും

# സ്വർഗ്ഗത്തിൽ നിന്ന് കേൾക്കപ്പെട്ട പ്രകാരമുള്ള നവയരൂശലേമും അതിന്റെ സ്വർഗ്ഗീയ ഉപദേശവും. ഒപ്പം പുതിയ സ്വർഗ്ഗത്തേയും പുതിയും ഭൂമിയേയും സംബന്ധിച്ച ആമുഖവും

ഇമ്മാനുവേൽ സ്വീഡൻബോർഗിന്റെ
ഈ കൃതി
ലത്തീൻ ഭാഷയിൽ നിന്നും ഇഗ്ലീഷ് പരിഭാഷയുടെ
മലയാള തർജ്ജിമയാണ്

**The New Church Publication**
Kerala, India

Originally Published in Latin as
De Nova Heirosolima et Ejus Doctrina Coelestia

Copywrite 2012 by The New Church Publications, India

All Right Reserved.
No part of this publication may be reproduced or transmitted in any form or by any means, Electronical or Mechanical, including. Photo copying, Recording or any other information storage or reterievel, without prior permission from the publisher.

Traslated by Rev. Peter N. Devassy

First Printing in India 2012

Supervised by Rev. Goran Appelgren, Sweden

*For more information*
The New Church
11/956 Jubilee Nagar
Veli, Fort Kochi, Cochin-1
E-mail:thenewchurch777@gmail.com
www.newchurch.com

*“മുൻപേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ;
അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും ”*

*മത്തായി 6:33*

## ആമുഖക്കുറിപ്പ്

ദി നോവ ഹെയിരോസോലിമ ഏറ്റ് എജൂസ് ദോക്‌ട്റ്റിന കായിലെസ്ത്തി എന്ന തലക്കെട്ടോടു കൂടി ലത്തീൻ ഭാഷയിൽ അതായത് നവയെരുശലേമും അതിന്റെ സ്വർഗ്ഗീയ ഉപദേശവും എന്നുള്ള ഇമ്മാനുവേൽ സ്വീഡൻബോർഗിന്റെ പുതിയ ദൈവശാസ്ത്ര വിവരണങ്ങളുടെ ഒരു സംഗ്രഹമാണ് ഈ ലഘു പുസ്തകം. നവയെരുശലേമും അതിന്റെ സ്വർഗ്ഗീയ ഉപദേശവും എന്നു പൊതുവായി വിളിക്കുന്ന ഈ ലഘു ഗ്രന്ഥത്തിൽ തന്റെ പഠിപ്പിക്കലുകളുടെ ആമുഖങ്ങളിൽ 23 ഭാഗങ്ങൾ പ്രതിപദി ക്കുന്നുണ്ട്. ഇവയിൽ താഴെ പറയുന്ന വിഷയങ്ങളിലൂടെ തന്റെ ഉപദേശ പരമ്പര കടന്നു പോകുന്നു...

നന്മ സത്യം വിശ്വാസം വീണ്ടുംജനനം തിരുവത്താഴം മാനസ്സാന്തരം, സ്നേഹം, വിശുദ്ധ തിരുവെഴുത്തുകൾ, കർത്താവു എന്നിങ്ങനെ :

ഈ വാക്കുകളോടെ അദ്ദേഹത്തിന്റെ മുഖവുര സംഗ്രഹിക്കുന്നു

“സ്വർഗ്ഗത്തിൽ നിന്നും, ദൈവ സന്നിധിയിൽ നിന്നു തന്നെ ഇറങ്ങി വരുന്നതായ് കാണപ്പെട്ട നവയെരുശലേം എന്ന വിശുദ്ധ നഗരം എന്നതിനാൽ അർത്ഥമാക്കുന്നതെന്ന് ഈ വസ്തുതകളാൽ വ്യക്തമാക്കാനാവും. എന്നാൽ പുതിയ സഭയ്ക്കയ്ക്കു വേണ്ടി ഉദ്ധിഷ്ടിതമായ യഥാർത്ഥ പഠിപ്പിക്കലിലേക്ക് ഞാൻ കടക്കു കയാണ്. സ്വർഗ്ഗത്തിൽ നിന്നു എനിക്ക് ഇതു വെളിപ്പെടുത്ത പ്പെട്ടിരിക്കെ ഈ ആശയം പകർന്ന് കൊടുക്കുക എന്ന ലക്ഷ്യം ഈ പുസ്തകത്തിനുള്ളതു കൊണ്ട് ഇതിനെ സ്വർഗ്ഗത്തിന്റെ അനുശാസനങ്ങൾ എന്നു വിളിക്കുന്നു.

ഇവിടെ കർത്താവു എന്ന അദ്ധ്യായ ഭാഗത്ത് നിന്നു ഗ്രന്ഥഭാഗം:

നിത്യമരണത്തിൽ നശിച്ചു പോകുമായിരുന്ന മനുഷ്യ വർഗ്ഗത്തെ രക്ഷിക്കേണ്ടതിനായി കർത്താവു ഈ ലോകത്തിലേക്ക് വന്നു. ഈ ലോകത്തിലേക്കു വരികയും ഇവിടെ നിന്നു വിട്ടുപോവുയും ചെയ്യുന്ന എല്ലാ മനുഷ്യരേയും ആക്രമിച്ചിരുന്ന നരകങ്ങളെ അവൻ കീഴ്പ്പെടുത്തി. അവൻ മഹത്വപ്പെടുത്തിയ അവന്റെ

മനുഷ്യത്വത്താൽ നരകങ്ങളെ അധീനപ്പെടുത്തി സൂക്ഷിക്കുവാൻ കഴിയും. ഒരേ സമയം തന്നെ നരകങ്ങളൂടെ അധീനപ്പെടുത്തലും തന്റെ മനുഷ്യത്വത്തിന്റെ മഹത്വീകരണവും പ്രാപ്തമാക്കിയത് അമ്മയിൽ നിന്നുണ്ടായിരുന്ന മനുഷ്യത്വത്തിലേക്ക് പ്രലോഭനങ്ങളൂടെ മുഖാന്തരങ്ങൾ അനുവദിച്ചുകൊണ്ട് അവയിൽ നിന്നുള്ള അവിരാമമായ വിജയങ്ങളാലും ആണ്. ക്രൂശിന്മേലുള്ള അവന്റെ കഷ്ടാനുഭവങ്ങൾ അവസാന പ്രലോഭനവും ഒടുവിലത്തെ വിജയവുമായിരിന്നു.

**അദ്ധ്യായങ്ങൾ**

പുതിയ സ്വർഗ്ഗവും പുതിയ ഭൂമിയും ഒപ്പം നവയരൂശലേമെന്നാൽ എന്താണ് അർത്ഥമാക്കുന്നത്.


**ഉപദേശത്തിന്റെ ആമുഖം** (18-21)

1. നന്മയും സത്യവും (21-24)
2. ഇച്ഛയും അവബോധവും (24-26)
3. ആന്തരികവും ബാഹ്യവുമായ മനുഷ്യൻ (26-31)
4. പൊതുവായ സ്നേഹം (31-35)
5. സ്വയത്തോടുള്ള സ്നേഹവും ഇഹലോകത്തോടുള്ള സ്നേഹവും (35-42)
6. അയൽക്കാരനോടുള്ള സ്നേഹംഅല്ലെങ്കിൽസാർവ്വത്രീകസ്നേഹം (42-52)
7. വിശ്വാസം (52-57)

8 ദൈവഭക്തി (58-62)

9 മനസാക്ഷി (62-65)

10 സ്വാതന്ത്ര്യം (65-69)

11 അർഹത (69-72)

12 മാനസാന്തരവും പാപങ്ങളുടെ മോചനവും (72-76)

13 വീണ്ടും ജനനം. (76-81)

14 പ്രലോഭനം (81-83)

15 സ്നാനം (83-85)

16 തിരുവത്താഴം (85-86)

17 പുനരുത്ഥാനം (86-88)

18 സ്വർഗവും നരകവും (88-91)

19 സഭ (91-93)

20 വിശുദ്ധ എഴുത്തുകൾ, അല്ലെങ്കിൽ വചനം (93-95)

21 പരിപാലനം (95-98)

22 കർത്താവ് (98-106)

23 സഭാപരവും നാഗരികവുമായ ഭരണം (106-110)

1. പുതിയ സ്വർഗ്ഗവും പുതിയ ഭൂമിയും ഒപ്പം പുതിയ യരൂശലേമെന്നാൽ എന്താണ് അർത്ഥമാക്കുന്നതെന്നും.

വെളിപാടിൽ (21:1, 2, 1224) ഇങ്ങനെ പറയുന്നു, 'ഞാൻ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമെത്ത ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; പുതിയ യെരൂശലേം എന്ന വിശുദ്ധ നഗരം ഭർത്താവിനാൽ അലങ്കരിച്ചിട്ടുള്ള മണവാട്ടിയെ പോലെ ഒരുങ്ങി സ്വർഗത്തിൽ നിന്നു, ദൈവ സന്നിധിയിൽ നിന്നുതന്നെ ഇറങ്ങുന്നതും ഞാൻ കണ്ടു. നഗരത്തിനു പൊക്കമുള്ള വന്മതിലും പന്ത്രണ്ടു ഗോപുരവും ഗോപുരങ്ങളിൽ പന്ത്രണ്ടു ദൂതന്മാരും ഉണ്ട്; ഇസ്രായേൽ മക്കളുടെ പന്ത്രണ്ട് ഗോത്രങ്ങളുടേയും പേർ കൊത്തീട്ടുമുണ്ട്. നഗരത്തിന്റെ മതിലിന്നു പന്ത്രണ്ട് അടിസ്ഥാനവും അതിൽ കുഞ്ഞാടിന്റെ പന്ത്രണ്ട് അപ്പോസ്തലന്മാരുടെ പന്ത്രണ്ട് പേരും ഉണ്ട്. അതിന്റെ മതിൽ അളന്നു; മനുഷ്യന്റെ അളവിന്, എന്നുവച്ചാൽ ദൂതന്റെ അളവിനു തന്നെ.നഗരം സമചതുരമായി കിടക്കുന്നു; അതിന്റെ വീതിയും നീളവും സമം. അളവുകോൽ കൊണ്ടവൻ നഗരത്തെ അളന്നു, ആയിരത്തി ഇരുന്നൂറ് നാഴിക കണ്ടു; അതിന്റെ നീളവും വീതിയും ഉയരവും സമം തന്നെ, ദൂതന്റ അളവിനു തന്നെ നൂറ്റിനാൽപത്തി നാലു മുഴം ഉണ്ടായിരുന്നു. മതിലിന്റെ പണി സൂര്യകാന്തവും നഗരം സ്ഫടികത്തിനൊത്ത തങ്കവും ആയിരുന്നു. പന്ത്രണ്ടു ഗോപുരവും പന്ത്രണ്ട് മുത്ത്; ഓരോ ഗോപുരവും ഓരോ മുത്തു കൊണ്ടുള്ളതും..... നഗരത്തിന്റെ വീഥി സ്ഫടികത്തിനു തുല്യമായ തങ്കവും ആയിരുന്നു. ദൈവ തേജസ്സ് അതിനെ പ്രകാശിപ്പിച്ചു; കുഞ്ഞാട് അതിന്റെ വിളക്കാകുന്നു. ജാതികൾ അതിന്റെ വെളിച്ചത്തിൽ നടക്കും; ഭൂമിയിലെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്കു കൊണ്ടുവരും. ഇതു വായിക്കുന്ന വ്യക്തി അതിന്റെ വാച്യാർത്ഥത്തിൽ മാത്രമേ കാര്യങ്ങളെ മനസ്സിലാക്കുകയുള്ളൂ. വിശേഷിച്ചു പറയുകയാണെങ്കിൽ, ദൃഷ്ടി ഗോചരമായ സ്വർഗ്ഗം ഭൂമിയോടൊപ്പം നശിക്കും, ഒരു പുതിയ സ്വർഗം ഉദയം കൊള്ളും; വിശുദ്ധ നഗരമായ യെരൂശലേം ഭൂമിയിലേക്ക് ഇറങ്ങിവരും, വിവരിക്കപ്പെട്ടിരിക്കുന്നതിൻ പ്രകാരമുള്ള അളവുകളോടു കൂടിയതായിരിക്കും

അത്, തുടങ്ങിയ കാര്യങ്ങൾ. എന്നാൽ ദൂതന്മാർ ഈ വചനങ്ങളെ ആകമാനം വിത്യസ്തമായിട്ടാണ് മനസിലാക്കുന്നത്, എന്നുവെച്ചാൽ മനുഷ്യൻ പ്രാകൃതമായി അർത്ഥമാക്കുന്ന ഓരോ വാക്കും അവർ ആത്മീയമായി ഗ്രഹിക്കുന്നു.; അതായത് വചനത്തിന്റെ ആത്മീയ പൊരുൾ ദൂതന്മാർ ഗ്രഹിക്കുന്ന രീതിക്കനുസരിച്ചുള്ളതാണ് അവയുടെ അർത്ഥ ശക്തിയും ആന്തരികതയും. ദൂതന്മാരിലെ ആന്തരീകവും ആത്മീയവുമായ അർത്ഥത്തിൽ പുതിയ സ്വർഗ്ഗത്തേയും പുതിയ ഭൂമിയെയും അർത്ഥമാക്കുന്നത് സ്വർഗ്ഗത്തിലും അതുപോലെ ഭൂമിയിലുമുള്ള ഒരു നവ്യ സഭയെയാണ്. ഇരു ലോകങ്ങളിലുമുള്ള സഭയെക്കുറിച്ച് താഴെ ചർച്ച ചെയ്യുന്നതായിരിക്കും.

സ്വർഗ്ഗത്തിൽ നിന്നു; ദൈവസന്നിധിയിൽ നിന്നു തന്നെ ഇറങ്ങി വരുന്നതായ യെരുശലേം നഗരത്തിനാൽ അർത്ഥമാക്കുന്നത് ആ സഭയുടെ സ്വർഗ്ഗീയ ഉപദേശത്തെയാണ്; നീളവും വീതിയും ഉയരവും സമം എന്നത് അതിൽ സഞ്ചയിച്ചിരിക്കുന്ന ഉപദേശത്തിന്റെ നന്മകളും സത്യങ്ങളും എന്നർത്ഥമാക്കുന്നു. മതിലിനാൽ അർത്ഥമാക്കുന്നത് അതിനെ പരിരക്ഷിക്കുന്ന സത്യങ്ങളെന്നാണ്. മതിലിന്റെ അളവ്; മനുഷ്യന്റെ അളവിനു എന്നുവെച്ചാൽ ദൂതന്റെ അളവായ നൂറ്റിനൽപ്പത്തിനാലു മുഴം എന്നത് അതിനെ സമഷ്ടമായി പരിരക്ഷിക്കുന്ന സത്യങ്ങളും അവയുടെ ഉൽകൃഷ്ടതകളും എന്നർത്ഥമാക്കുന്നു. മുത്തുകൾ കൊണ്ടുള്ളതായ പന്ത്രണ്ട് ഗോപുരങ്ങൾ അവതാരികയായ സത്യങ്ങളേയും ഗോപുരങ്ങളിലുള്ള പന്ത്രണ്ടു ദൂതന്മാരെ ക്കുറിക്കുന്നതും അതു തന്നെയാണ്. മതിലിന്റെ അടിസ്ഥാനങ്ങൾ എല്ലാം വിലയേറിയ കല്ലുകളാൽ എന്നത് സ്ഥാപിക്കപ്പെട്ട ആ ഉപദേശങ്ങളുടെ കാര്യവബോധവും എന്നണർത്ഥമാക്കുന്നത. സാമന്യവും അതിവിശിഷ്ടവുമായ സഭയുടെ എല്ലാ വസ്തുതകളും എന്നാണ് പന്ത്രണ്ടു ഗോത്രങ്ങൾ കൊണ്ടർത്ഥാമാക്കുന്നത്, അതു തന്നെയാണ് പന്ത്രണ്ടു അപ്പോസ്തലന്മാരെയും കുറിച്ചർത്ഥ മാക്കുന്നത്. നഗരത്തിന്റെ വീഥി സ്വച്ഛസ്ഫടികത്തിനു തുല്യമാ യ തങ്കം ആയിരുന്നു എന്നത് ഉപദേശവും അതിന്റെ സത്യങ്ങളും

പ്രഭാപൂരിതമായ സ്നേഹത്തിന്റ നന്മയെ അർത്ഥമാക്കുന്നു. ജാതികൾ അതിന്റെ വെളിച്ചത്തിൽ നടക്കും; ഭൂമിയിലെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്കു കൊണ്ടുവരും എന്നത് നന്മയിലും സത്യത്തിലുമുള്ളവർ സഭയുടെ ജംഗമസ്വത്തുക്കൾ എന്നർത്ഥമക്കുന്നു. പരിപൂർണ്ണ ദൈവവും ദിവ്യമനുഷ്യനുമായ കർത്താവിനെയാണ് ദൈവവും കുഞ്ഞാടും എന്നതിനാൽ അർത്ഥമാക്കുന്നത്.ആത്മീയവും ഭൗതീകവുമായ ഈ രണ്ട് പൊരുളുകളും അങ്ങനെ ആയിരിക്കെ തന്നെ അതിനു ആസ്പദമായി സേവിക്കുന്ന അക്ഷരത്തിന്റെ പ്രകൃതീത അവബോധത്തോട് ആത്മീയ അവബോധം സാദൃശ്യ ആശയത്തിലൂടെ ഒന്നാക്കി തീർക്കുന്നു. മേൽപറഞ്ഞ എല്ലാ പ്രയോഗ ശൈലിയിലും അത്തരത്തിലുള്ള ഒരു ആത്മീയ അർത്ഥം അടങ്ങിയിട്ടുണ്ട്. ഇപ്പൊഴത്തെ കൃതിയുടെ രൂപകൽപ്പനയിൽ ഇതുൾപ്പെട്ടിട്ടില്ലാത്തതിനാൽ ഇവിടെ അതിനുള്ള സന്ദർഭം നമുക്കില്ല

2. നവ യെരുശലേമിനേയും അതിന്റെ ഉപദേശങ്ങളേയും പരിഗണിക്കുന്നതിനു മുമ്പ് പുതിയ സ്വർഗത്തേയും പുതിയ ഭൂമിയേയും കുറിച്ച് അൽപം പറയേണ്ടതുണ്ട്. അന്ത്യ ന്യായവിധിയും ബാബിലോണിന്റെ നാശവും എന്ന ഹ്രസ്വ രചനയിൽ ഒഴിഞ്ഞുപോയ ‘ മുമ്പിലത്തെ സ്വർഗ്ഗവും ഭൂമിയും‘ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്ന് എടുത്തു കാണിച്ചിട്ടുണ്ട്. അവ ഒഴിഞ്ഞു പോയതിനു ശേഷം, അങ്ങനെ അന്ത്യ ന്യായവിധി നിവർത്തിയാകയും കർത്താവിനാൽ രൂപീകരിച്ച പുതിയ സ്വർഗ്ഗം സൃഷ്ടിക്കപ്പെടുകയും ചെയ്തു. കർത്താവിന്റെ ആഗമനം വഴിയായി അന്നു മുതൽ ഇന്നുവരെ ജനിച്ചിരിക്കുന്നവരും വിശ്വാസത്തിന്റെയും സാർവത്രീക സ്നേഹത്തിന്റേയും ജീവിതം നയിച്ചവരുമായ സകലരും ചേരുന്ന സ്വർഗ്ഗമാണത് എന്തുകൊണ്ടെന്നാൽ സ്വർഗ്ഗത്തിന്റെ ഘടനകൾ ഇതു നിമിത്തം മാത്രമാണ്. എല്ലാ സംയുക്തങ്ങൾക്കും ആശയവിനിമയങ്ങൾക്കും അനുസരിച്ചുള്ള സ്വർഗ്ഗത്തിന്റെ രൂപഘടനയ്ക്ക് പ്രഭാവമായിരിക്കുന്നത് കർത്തവിങ്കൽ നിന്നും നിർഗളിക്കുന്ന ദിവ്യ

നന്മയിൽ നിന്നുള്ള ദിവ്യസത്യമാണ്. ദിവ്യ സത്യത്തിന നുസരിച്ചുള്ള ഒരു ജീവിതത്തിനാൽ ഒരുവൻ തന്റെ ആത്മാവിനോട് ഈ രൂപം ധരിക്കുന്നു. ഈ പ്രഭാവത്തിൽ നിന്നുമാണ് അത്തരത്തിലുള്ള സ്വർഗ്ഗം. (സ്വർഗ്ഗവും നരകവും 200–212) ആത്മലോകത്തിൽ സ്നേഹം സംയുക്തമായിരിക്കു ന്നതിനാൽ പൊതു നന്മയ്ക്കും പരസ്പര പൂരകമായും ഒരുവൻ അവനോടൊപ്പം ഒന്നായിരിക്കുന്ന സ്നേഹത്താൽ തന്നെപോലെ തന്നെ അന്യരെ സ്നേഹിക്കയും സാർവത്രീക സ്നേഹത്തിനാലും വിശ്വാസത്തിനാലും ഒരു ജീവിതം കഴിക്കുന്നവനു വിശേഷിച്ച് അതിന്റെ ഗുണമേയെന്തെന്നും ആരെ കൊണ്ടാണ് പുതിയ സ്വർഗ്ഗം രൂപികരിച്ചിരിക്കുന്നതെന്നും അതു ഏക മനസിന്റേതും കൂടിയാണെന്നും ഇതിൽ നിന്നും അറിയാവുന്നതാണ്. അതുകൊണ്ട് എല്ലാവരും ഒരേ പോലെ പ്രവർത്തിക്കുമ്പോൾ നിരവധി ആളുകളിൽ നിന്നു , അതെ സ്വർഗ്ഗത്തിന്റെ ഘടനയ്ക്കു അനുസരിച്ചു ഒത്തു ചേർന്നിട്ടുള്ള എണ്ണമറ്റ ആളുകളിൽനിന്നും ഏക മനസ്സ് ആവിർഭവിക്കുന്നു, അതു ഒന്നായി മാറുന്നു; അവിടെ വേർതിരിക്കയും വിഭാഗിക്കപ്പെടുകയും ചെയ്യുന്ന ഒന്നുമില്ല, മറിച്ച് എല്ലാം സംയുക്തമാക്കുകയും ഐക്യപ്പെടുത്തുകയും ചെയ്യുന്നു.

3. കർത്താവിന്റെ കാലം മുതൽ വർത്തമാന കാലം വരേയും അത്തരത്തിലുള്ള  വൈശിഷ്ട്യമുള്ള ക്രിസ്ത്യാനികളേയും ജാതികളേയും കൊണ്ട് രൂപികരിച്ചിട്ടുള്ള സ്വർഗ്ഗമാണതെങ്കിലും കർത്താവിന്റെ നാഴികയിൽ ഇതുവരേയും ലോകത്തിൽ നിന്നും മണ്മറഞ്ഞിട്ടുള്ള എല്ല കുഞ്ഞുങ്ങളേയും കർത്താവു സ്വീകരിക്കയും അവരെ അവിടെ വെച്ചു ദൂതന്മാരാൽ ശിക്ഷണം നൽകുകയും പഠിപ്പിക്കയും പരിരക്ഷിക്കുകയും അവരെ ശേഷമുള്ളവരോട് ആകമാനമായി ചേർത്ത് രൂപികരിക്കുന്ന ഒന്നാണ് പുതിയ സ്വർഗ്ഗം. കുട്ടികളായി മരിക്കുന്നവരെല്ലാം സ്വർ ഗത്തിൽ ശിക്ഷണം നേടി ദൂതരായി മാറുന്നുവെന്നത് സ്വർഗ്ഗവും നരകവും എന്ന രചനയിലും കാണാവുന്നതാണ്, ഖണ്ഡിക 329 മുതൽ 345 വരെ. ക്രൈസ്തവരുടേതെ ന്നപോലെ ജാതികളെ

ക്കൊണ്ടും കൂടിയാണ് സ്വർഗം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നതും അതിൽ പറയുന്നുണ്ട്, ഖണ്ഡിക 318 മുതൽ 328 വരെ.

4. പ്രത്യുത, പുതിയ സ്വർഗത്തെ സംബന്ധിച്ചിടത്തോളം അത് പുരാതന സ്വർഗ്ഗം, അതായത് കർത്താവിന്റെ വരവിനു മുമ്പ് മുമ്പുള്ളതിൽ നിന്നും, വ്യതിരിക്തമാണ് എന്ന വീക്ഷിക്കേണ്ടിയിരിക്കുന്നു ; എങ്കിലും ഒരുമിച്ചൊരു സ്വർഗ്ഗം എന്ന രീതിയിൽ സ്ഥാപിക്കപ്പെടുന്നതിനായി ഇവയെല്ലാം പഴയവയ്ക്കൊപ്പം വിദഗ്ധമായി ക്രമീകരിക്കപ്പെട്ടിരിക്കുകയാണ്. ഈ പുതിയ സ്വർഗ്ഗം പുരാതന സ്വർഗ്ഗത്തിൽ നിന്ന് വ്യതിരിക്തമാണ്, കാരണം, പൗരാണിക സഭകളിൽ സ്നേഹത്തിന്റെയും സാർവത്രീക സ്നേഹത്തിന്റേയും ഉപദേശമല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല, മാത്രമല്ല, അന്ന് അവർക്ക് കേവല വിശ്വാസത്തിന്റേതു മാത്രമായ ഉപദേശങ്ങൾ അപരിചിതവുമായിരുന്നു. പൗരാണിക സ്വർഗ്ഗത്തിന് ഉയർന്ന വിതാനം ഉണ്ടായിരിക്കുന്നതിനും പുതിയ സ്വർഗ്ഗത്തിന്റെ വിതാനം അതിന്റെ താഴെയായിരിക്കുന്നതിനുമുള്ള കാരണമിതാണ്; കാരണം ഒന്നിനു മീതെ മറ്റൊന്നായുള്ള വിതാനങ്ങളാണ് സ്വർഗ്ഗങ്ങൾ. ഉയർന്ന വിതാനത്തിലുള്ളവരെ സ്വർഗ്ഗീയ ദൂതർ എന്നു വിളിക്കുന്നു, അവരിൽ മിക്കവരും ഏറ്റവും പൗരാണിക സഭയിൽ നിന്നുള്ളവരായിരിക്കും: അവിടെയുള്ളവരെ കർത്താവിനോടുള്ള സ്നേഹമായ സ്വർഗ്ഗീയ സ്നേഹത്തിൽ നിന്നുള്ള സ്വർഗ്ഗീയ ദൂതർ എന്നു വിളിക്കുന്നു. അവർക്കു താഴെയുള്ള വിതാനത്തിലുള്ളത് ആത്മീയ ദൂതർ എന്നു വിളിക്കപ്പെടുന്നവരാണ്, അവരിൽ മിക്കവരും പൗരാണിക സഭയിൽ നിന്നുള്ളവരായിരിക്കും: അവിടെയുള്ളവരെ അയൽക്കാരനോടുള്ള കാരുണ്യമാകുന്ന ആത്മീയ സ്നേഹത്തിൽ നിന്നുള്ള ആത്മീയ ദൂതർ എന്നു വിളിക്കുന്നു. ഇതിന്റെയും താഴെ വിശ്വാസത്തിന്റെ നന്മയിലുള്ള ദൂതരാണ്: അവർ വിശ്വാസത്തിന്റെ ജീവിതം നയിച്ചവരായിരിക്കും: വിശ്വാസത്തിന്റെ ജീവിതം നയിക്കുകയെന്നാൽ ഒരുവന്റെ സഭയുടെ ഉപദേശങ്ങൾക്ക് അനുസരിച്ച് ജീവിക്കുക എന്നാണ്; ജീവിക്കുകയെന്നാൽ ഇഛിക്കയും പ്രവർത്തിക്കുകയും ചെയ്യുകയെന്നാണ് അർത്ഥം. എന്നിരുന്നാലും കർത്താവിൽ നിന്നുള്ള മധ്യസ്ഥവും സത്വരമായ

പ്രവാഹവും വഴി ഈ സ്വർഗങ്ങളെയെല്ലാം ഒന്നാക്കുന്നു. സ്വർഗ്ഗവും നരകവും എന്ന രചനയിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും ഈ സ്വർഗ്ഗങ്ങളെ കുറിച്ചുള്ള ഒരു പൂർണ ആശയം ലഭിക്കും.

5. അപ്രകാരം പുതിയ സഭയെ കൂടുതലായ് പരിഗണിക്കുമ്പോൾ പുതിയ ഭൂമിയെ സംബന്ധിക്കുന്ന കാര്യവും ഇവിടെ പരിഗണിക്കേണ്ടിയിരിക്കുന്നു. പുതിയ ഭൂമി എന്നാൽ ഭൂമിയിലെ ഒരു പുതിയ സഭ എന്നാണ് അർത്ഥമാക്കുന്നത്; പഴയ സഭ നിന്നുപോകുമ്പോൾ കർത്താവിനാൽ പുതിയതൊന്നു സ്ഥാപിക്കപ്പെടുന്നു. ലോകത്തോടു സ്വർഗ്ഗത്തിന്റേയും മനുഷ്യ വർഗ്ഗത്തോടു കർത്താവിന്റെയും സംയോഗം ഉണ്ടായിരിക്കേണ്ടതിന് ഭൂമിയിൽ എല്ലായ്പ്പോഴും ഒരു സഭയെ കർത്താവു കാലേക്കൂട്ടി നിയമിക്കുന്നു. കർത്താവുമായുള്ള സംയുക്തതയിലുള്ള മനുഷ്യനിലൂടെ ദിവ്യ സത്യങ്ങൾ നിലനിൽക്കുകയും അവിടെ കർത്താവിനെ അറിയു കയും ചെയ്യുന്നു. വർത്തമാന കാലത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു പുതിയ സഭയെക്കുറിച്ച് അന്ത്യന്യായവിധി എന്ന ഹ്രസ്വ കൃതിയിൽ കാണാവുന്നതാണ്. വചനത്തിന്റെ ആത്മീയ അർഥത്തിൽ നിന്നും പുതിയ സഭയെക്കുറിക്കുന്നതാണ് ആ പുതിയ ഭൂമി എന്നത്. ആ അർത്ഥത്തിൽ ആ ദേശത്തിനാൽ അർത്ഥമാക്കുന്നത് ഏതെങ്കിലും പ്രത്യേക ദേശത്താൽ ആശയപ്പെടുത്തുന്നില്ല മറിച്ചു ദേശത്തിനു സമാനർത്ഥമായ രാജ്യവും അതിന്റെ ദിവ്യ ആരാധന സമ്പ്രദായങ്ങളുമെന്നാണ്. വചനത്തിൽ ഏതെങ്കിലും പ്രത്യേക പേരിനാൽ അല്ലാതെ ഭൂപ്രദേശമെന്നോ ദേശമെന്നോ പറയുമ്പോൾ അർത്ഥമാക്കുന്നത് കാനാൻ ദേശമെന്നാണ്. ആ കാനാൻ ദേശത്തിൽ അതിപുരാതന കാലം മുതൽ ഒരു സഭ നിലവിൽ ഉണ്ടായിരുന്നു. ഇപ്രകാരം വചനത്തിൽ പ്രതിപാദിച്ചിരിക്കുന്ന മലകളും പുഴകളും ഉൾപ്പടെ അതിനുള്ളിലെ എല്ലാ സ്ഥലങ്ങളും എല്ല അതിരുകളോടും ചേർന്നു കിടക്കുന്ന സ്ഥലങ്ങളും അതിന്റെ ആത്മീയ കാര്യങ്ങൾ എന്നു വിളിക്കുന്നതായ സഭയുടെ ആന്തരിക കാര്യങ്ങളുടെ പ്രാതിനിധ്യങ്ങളും സുചനകളും ആയി.

ദേശമെന്നത് കനാൻ ദേശമെന്ന് അർത്ഥമാക്കിയിട്ടുള്ളതു കൊണ്ട് വചനത്തിൽ ദേശം സഭയെ ദൃഷ്ഠാന്തപെടുത്തുന്നതിനാൽ ഇവിടെ പുതിയ ഭൂമിയെന്നു കൂടി അർത്ഥമാക്കുന്നു. അക്കാരണം കൊണ്ടു തന്നെയാണ് വചനത്തിൽ പറഞ്ഞിട്ടുള്ളതായ ദേശമെന്നതും കാനാൻ ദേശമെന്നതും സഭയെക്കുറിക്കുന്നത് കൊണ്ട് ഇവിടെ പുതിയ ഭൂമിയെന്നർത്ഥമാകുന്നതും അത്തരത്തിലാണ്. സ്വർഗ്ഗമെന്നർത്ഥമാകുന്നതിനാൽ സ്വർഗ്ഗീയ കാനാനെക്കുറിച്ച് സഭയിൽ പ്രസംഗിക്കുന്നത് പതിവായിരിക്കുന്നത് ഇക്കാരണത്താലാണ്..

6. വചനത്തിന്റെ ആത്മീയ അർത്ഥത്തിൽ യെരൂശലേമിനെ കുറിച്ച് അർത്ഥമാക്കുന്നതെന്തെന്നു കൂടി ഏതാനും വാക്കുകളിൽ പ്രസ്താവിക്കാം. യെരൂശലേം അർത്ഥമാക്കുന്നത്, ഉപദേശങ്ങൾക്ക് അനുസരിച്ചുള്ള സഭയെ തന്നെയാണ്; ഇക്കാരണത്താലാണ്, മറ്റെങ്ങുമല്ലാതെ കാനാൻ ദേശത്ത് തന്നെ ആലയങ്ങളും, യാഗപീഠവും,യാഗങ്ങളും, ഇതേത്തുടർന്ന് ദിവ്യ ആരാധനയ്ക്കു തന്നെയും ആരംഭം കുറിച്ചത്. ഇതിന്റെ പേരിൽ ഓരോ വർഷവും ഇവിടെ മൂന്ന് ഉത്സവങ്ങൾ ആഘോഷിച്ചിരുന്നു, ആ ദേശത്തുള്ള പുരുഷന്മാരെല്ലാം അതിനു പോകണമെന്ന് കൽപ്പിക്കപ്പെട്ടിരുന്നു. ഇക്കാരണത്താലാണ് ആത്മീയ തലത്തിൽ ഉപദേശങ്ങളിൽ പറയുന്നതുപോലെ തന്നെ യെരൂശലേം ആരാധനയ്ക്കായുള്ള സഭയെ കുറിക്കുന്നത്; ആരാധന ഉപദേശങ്ങളാൽ നിർദേശിക്കപ്പെടുകയും അതിന് അനുസൃതമായി ആചരിക്കപ്പെടുകയും ചെയ്യുന്നു; 'യെരുശലേം എന്ന വിശുദ്ധ നഗരം സ്വർഗ്ഗത്തിൽ നിന്നു, ദൈവസന്നിധിയിൽ നിന്നു തന്നെ, ഇറങ്ങുന്നത് ഞാൻ കണ്ടു എന്ന് പറയപ്പെട്ടിരിക്കുന്നു, വചനത്തിന്റെ ആത്മീയ അർത്ഥത്തിൽ പട്ടണവും നഗരവും ഉപദേശത്തെ കുറിക്കുന്നതുകൊണ്ട് വചനത്തിലുള്ള ദിവ്യ സത്യമെന്താണോ അതിനെ വിശുദ്ധമെന്നു വിളിക്കുന്നു. പുതിയത് എന്നു വിളിക്കുന്ന ഭൂമിക്ക് അതെ കാരണം കൊണ്ട്തന്നെയാണ് നവയെരുശലേം എന്നു വിളിച്ചിരിക്കുന്നത്. അൽപം മുമ്പ് പറഞ്ഞിരിക്കുന്ന പ്രകാരം ഭൂമിയെ സഭയെന്നും യെരുശലേം സഭയെന്നത് ഉപദേശത്തെ സമ്പന്ധിച്ച്

പറയപ്പെട്ടിരിക്കുന്നു.;

കർത്താവിൽ നിന്നു, സ്വർഗ്ഗത്തിൽ നിന്നു തന്നെ ഇറങ്ങി വരുന്നതായ ഉപദേശം എല്ലാം ദിവ്യ സത്യമായിരീക്കുന്നതു കൊണ്ട് സ്വർഗ്ഗത്തിൽ നിന്ന് ദൈവ സന്നിധിയിൽ നിന്നു തന്നെ എന്നു പറയപ്പെട്ടിരിക്കുന്നു. നീളവും വീതിയും പോലെ അതിന്റെ ഉയരവും ആയിരത്തിയിരിന്നൂറ് നാഴിക (വെളി:21:16) അതിന്റെ മതിലിന്റെ അളവ് മനുഷ്യന്റെ അളവിന് എന്നുവെച്ചാൽ ദൂതന്റെ അളവിന് തന്നെ നൂറ്റിനാൽപ്പത്തിനാലു മുഴം ഉണ്ടായിരുന്നു.( വെളി:21:17) ഭർത്താവിനു അലങ്കരിച്ചിട്ടുള്ള മണവാട്ടിയെ പോലെ എന്നു കൂടി അതിൽ പറഞ്ഞിരിക്കുന്നു(വെളി:21:2) അതിനു ശേഷം ദൂതന്മാരിൽ ഒരുവൻ പറഞ്ഞു: വരുക കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചു തരാം.......യെരുശലേം എന്ന വിശുദ്ധ നഗരം എനിക്കു കാണിച്ചു തന്നു(വെളി: 21: 9,10) എന്നു പറയപ്പെട്ടിരിക്കുന്നതിൽ നിന്നും സ്പഷ്ഠമായ തെളിവാണ് യെരുശലേം നഗരം ഒരു നഗരമായി കാണപ്പെടുന്നെങ്കിലും അതു നഗരമെന്നർത്ഥമാകുന്നില്ല. വചനത്തിൽ സഭയെ കർത്താവിന്റെ കാന്തയെന്നും മണവാട്ടിയെന്നുമാണ് വിളിച്ചിരിക്കുന്നത്, സംയോഗത്തിനു മുൻപ് മണവാട്ടിയെന്നും സംയോഗത്തിനു ശേഷം അവളെ കാന്തയെന്നും വിളിച്ചിരിക്കുന്നു.

7. സ്വർഗ്ഗത്തിൽ നിലകൊള്ളുന്നതായ ഉപദേശത്തോടൊപ്പം തത്തുല്യമായതാണ് വചനത്തിന്റെ ആത്മീയാർത്ഥം, വചനത്തിന്റെ ആത്മീയ അർത്ഥത്തിൽനിന്നുള്ളതായിരിക്കു ന്നത്രത്തോളം ഇപ്പോൾ പിന്തുടരുന്ന പ്രത്യേക ഉപദേശ പ്രതിപദനങ്ങൾ സ്വർഗ്ഗത്തിൽ നിന്നുള്ളതു കൂടിയാണ്. ഭൂമിയി ലുള്ളതു പോലെ തന്നെ ഒരു സഭ സ്വർഗത്തിലുമുണ്ട്; അവിടെ വചനമുള്ളതിനാൽ, വചനത്തിൽ നിന്ന് അവിടെ ഉപദേശങ്ങളുമു ണ്ടായിരിക്കും; അവിടെ ധർമ്മ പ്രഭാഷണങ്ങൾ നടത്തപ്പെടുന്ന ആലയങ്ങളുണ്ടാവും; കാരണം സഭാസമ്പന്ധവും നഗരികവുമായ ഭരണകൂടങ്ങളും അവിടെയുണ്ടാവും. ചുരുക്കത്തിൽ സ്വർഗത്തി ലുള്ള വസ്തുക്കളും ഭൂമിയുള്ള വസ്തുക്കളും തമ്മിലുള്ള ഏക വ്യത്യാസം, സ്വർഗത്തിലുള്ള വസ്തുക്കളെല്ലാം കൂടുതൽ

അക്ഷയമായ അവസ്ഥയിലായിരിക്കും, കാരണം അവിടെയുള്ള വയെല്ലാം ആത്മീയമാണ്, ആത്മീയ വസ്തുക്കൾ പ്രാകൃതിക വ സ്തുക്കളേക്കാൾ വളരെയധികം വിശിഷ്ഠതയേറിയവ യായിരിക്കും. സ്വർഗവും നരകവും എന്ന രചനയിൽ ഉടനീളം സ്വർ ഗത്തിലെ ഇത്തരം കാര്യങ്ങളെ കുറിച്ച് പറയുന്നുണ്ട്, വിശേഷി ച്ചും സ്വർഗത്തിലെ ഭരണകൂടങ്ങൾ എന്ന അധ്യായത്തിൽ, ഖണ്ഡി ക 213 മുതൽ 220 വരെ; കൂടാതെ ദിവ്യ ആരാധന എന്ന അദ്ധ്യാ യത്തിലും പറയുന്നുണ്ട്, ഖണ്ഡിക 221 മുതൽ 227 വരെ. ദൈവ സന്നിധിയിൽ നിന്ന് ഇറങ്ങിവരുന്ന വിശുദ്ധ നഗരമായ പുതിയ യെരൂശലേം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്തെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ പുതിയ സഭയ്ക്കായുള്ള ഉപദേ ശത്തിലാക്കാണ് ഞാൻ നീങ്ങുന്നത്, അതിനെ സ്വർഗീയ ഉപദേ ശമെന്നു വിളിക്കുന്നു, കാരണം സ്വർഗത്തിൽ നിന്നാണ് എനിക്കത് വെളിപ്പെടുത്തിയത്. ഈ ഉപദേശത്തെ പറഞ്ഞുതരികയാണ് ഈ രചനയുടെ ലക്ഷ്യം.

### 8. ഉപദേശത്തിന്റെ ആമുഖം

സാർവത്രീക സ്നേഹമില്ലാത്തതിനാൽ വിശ്വാസവും ഇല്ലാതായ ഇടത്ത് സഭ അവസാനിക്കുന്നുവെന്ന് അന്ത്യ ന്യായവിധിയും ബാബിലോണിന്റെ തകർച്ചയും എന്ന ഹ്രസ്വ രചനയിൽ കാട്ടി ത്തരുന്നുണ്ട്, ഖണ്ഡിക 33 മുതൽ 39 വരെ. ക്രൈസ്തവ ലോക ത്തെ സഭകൾ ഓരോന്നും വ്യത്യസ്തങ്ങളായി നിൽക്കുന്നത് വി ശ്വാസവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ മാത്രം അടിസ്ഥാനത്തി ലായതിനാലും, സാർവത്രീക സ്നേഹമില്ലാത്തിടത്ത് വിശ്വാ സമില്ലാതിരിക്കുകയും ചെയ്യുമ്പോൾ, പൗരാണികർക്കിടയിലെ സാർവത്രീക സ്നേഹപദേശവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഉപദേശത്തിനു മുമ്പ് മുന്നോട്ടു വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. 'ക്രൈസ്തവ ലോകത്തെ സഭകൾ' എന്ന പദപ്രയോഗമാണ് ഇ വിടെ നടത്തിയിരിക്കുന്നത്, ഇതെല്ലാം അർത്ഥമാക്കുന്നത് നവീകരണ ക്കാരുടേയും സുവിശേഷവിഹിത സഭകളുടേയും എ ന്നാണ്, ക്രൈസ്തവസഭകൾ അവയ്ക്കിടയിൽ വരുന്നതല്ല പാപ്പി സ്റ്റുകൾ: എവിടെ സഭയുണ്ടോ അവിടെ കർത്താവിനെ ആരാധി

ക്കപ്പെടുന്നു, വചനം വായിക്കപ്പെടുന്നു; പാപ്പിസ്റ്റുകളിൽ ഇത് വ്യ ത്യസ്തമായിരിക്കും: കർത്താവിനു പകരം അവർ സ്വയം ആരാ ധിക്കുന്നു, വചനം വായിക്കാൻ ജനങ്ങൾ വിലക്കപ്പെട്ടിരിക്കുന്നു, അതിനു തുല്യമായി പോപ്പിന്റെ ഉത്തരവിന് സ്ഥാനം നൽകിയിരി ക്കുന്നു, അതെ, അതിനും മുകളിലാണ് അതിന് സ്ഥാനം.

9. പൗരാണിക സഭകളിലെ സാർവത്രീക സ്നേഹോപദേശം, അ തായത് ജീവിതോപദേശം, എന്നത് സർവപ്രധാനമായ ഉപദേശം തന്നെയായിരുന്നു; അങ്ങനെ ഉപദേശം എല്ലാ സഭകളേയും സം യോജിപ്പിച്ചു, അങ്ങനെ പല സഭകളേയും സൃഷ്ടിക്കുകയും ചെ യ്തു. വിശ്വാസ വിഷയങ്ങൾ എന്നു ഇന്ന് വിളിക്കപ്പെട്ടിരുന്ന അത്തരം സത്യങ്ങളെ സമ്പന്ധിച്ചു അവർ വിത്യസ്തരായിരുന്നെങ്കിലും സാവർത്രീക സ്നേഹത്തിന്റെ നന്മയിൽ ജീവിച്ചിരുന്ന എല്ലാ സഭ ജനങ്ങളേയും അഗീകരിക്കുന്നതിന് അവരെ സഹോദരന്മാർ എന്നു വിളിച്ചാണ്. സർവത്രീക സ്നേഹമായ അവരുടെ പ്രവൃത്തികൾക്കിടയിലുള്ള പ്രബോധനങ്ങളായി ഈ സത്യങ്ങൾ ഒരുവൻ മറ്റൊരുവനെ പഠിപ്പിച്ചിരുന്നു, ഒരുവന്റെ അഭിപ്രായം മറ്റൊരുവനു അഗീകരിക്കാനായില്ലെങ്കിൽ അവനോട് കോപവും അവഞ്ജയും കൊള്ളുകയോ ചെയ്യില്ലായിരുന്നു. ഒരുവൻ എത്രത്തോളം നന്മയിലായിരിക്കുന്നുവോ ആ അളവിൽ സത്യത്തെ സ്വീകരിക്കുന്നുവെന്ന് അവർ അറിഞ്ഞിരുന്നു. പൗരാണിക സഭകൾ അത്തരം സ്വഭാവ വിശേഷതയുള്ളവരായിരുന്നു. സാർവത്രീക സ്നേഹത്തിലും നന്മയിലും ആയിരുന്നവർ കൂടുതൽ ആന്തരീകരും സ്വർഗ്ഗത്തിലും അവരുടെ ആന്തരികത്തോട് ആയിരിക്കുന്ന നന്മയ്ക്ക് സമാനമായ ദൂത സമൂഹത്തിലുമാണ്. ഇതിൽ നിന്നാണ് അവരുടെ ആന്തരീകതയോടുള്ള മനസ്സിന്റെ ഔന്നിത്യം വരുന്നത്, അതിൻ ഫലമായുണ്ടാകുന്ന അവരുടെ ജ്ഞാനവും, അവർ നന്മയിലായിരിക്കുന്നതു കൊണ്ട് സ്വർഗ്ഗത്തിലുള്ള ഞ്ജാനം കർത്താവിൽ നിന്നു സ്വർഗ്ഗത്തിലൂടേയും, സ്വർഗ്ഗത്തിൽ നിന്നല്ലാതെ മറ്റേതൊരു ഉറവിടത്തിൽ നിന്നും ജ്ഞാനത്തിനു

വരാനാവില്ല.സത്യത്തിന്റെ വെളിച്ചത്തിൽ നിന്നും സത്യത്തെ കാണ്ന്നതിനുള്ളതാണ് ഈ ജ്ഞാനം സ്വർഗ്ഗത്തിലുള്ളതായ വെളിച്ചമാണ് സത്യത്തിന്റെ വെളിച്ചം.

. എന്നാൽ കാലക്രമത്തിൽ ആ പൗരാണിക ജ്ഞാനം നശിച്ചു; ആനുപാതികമായി മാനവരാശിക്കുണ്ടായിരുന്ന കർത്താവിനോടുള്ള സ്നേഹത്തിന്റെ നന്മയും നശിച്ചു, സാർവത്രീക സ്നേഹം എന്നു വിളിക്കപ്പെട്ടിരുന്ന അയൽക്കാരനോടുള്ള സ്നേഹവും നശിച്ചു, അവരുടെ ജ്ഞാനവും നശിച്ചു, കാരണം അത്രമാത്രം അവർ സ്വർഗ്ഗത്തിൽ നിന്ന് അകന്നിരുന്നു. അങ്ങനെയാണ് ആത്മീയ മനസ്കനായ മനുഷ്യൻ ബാഹ്യലോകപ്രിയനായി മാറിയത്, അത് ക്രമനുഗതമായി തുടർന്നു; മനുഷ്യൻ ബാഹ്യലോകപ്രിയനായതോടെ അവൻ ലൗകികനും ജഢീകനുമായി. അവൻ അത്തരം സവിശേഷതകളുള്ളവനായതോടെ അവൻ സ്വർഗ്ഗീയ വിഷയങ്ങളെ കുറിച്ച് ശ്രദ്ധിക്കാതായി. കാരണം അപ്പോഴേക്കും പ്രാകൃതിക വസ്തുക്കളുടെ ഉന്മാദം അവനെ പൂർണമായി കീഴ്പ്പെടുത്തിയിരുന്നു, ഇതോടൊപ്പം ഇത്തരം സ്നേഹത്തിൽ നിന്നുള്ള തിന്മകൾ അവന് ആനന്ദകരമായി തുടങ്ങുകയും ചെയ്തു. ഈയൊരു അവസ്ഥയിൽ മരണാനന്തര ജീവിതത്തേയും സ്വർഗ്ഗത്തേയും നരകത്തേയും, ചുരുക്കത്തിൽ പറയുകയാണെങ്കിൽ ആത്മീയ കാര്യങ്ങളേയും കുറിച്ച് അവൻ കേൾക്കുന്നതൊക്കെയും അവന്റെ പുറത്തുള്ള കാര്യങ്ങൾ പോലെയായിരുന്നു, മറിച്ച് യഥാർത്ഥത്തിൽ വേണ്ടപോലെ അവന്റെ ഉള്ളിലായിരുന്നില്ല മുഴങ്ങിയിരുന്നത്. ഇക്കാരണത്താലാണ് പൗരാണികർക്കിടയിൽ ഉയർന്ന ആദരവ് ലഭിച്ചിരുന്ന സർവത്രീക സ്നേഹോപദേശം വർത്തമാന കാലത്ത് നഷ്ടപ്പെട്ട കാര്യങ്ങളുടെ ഗണത്തിലായത്. ഇന്ന് സർവത്രീകസ്നേഹം അതിന്റെ യഥാർത്ഥ തലത്തിൽ അർത്ഥമാക്കുന്നതെന്താണെന്നും അയൽക്കാരൻ എന്നാൽ യഥാർത്ഥ തലത്തിൽ എന്താണെന്നും ആർക്കാണ് അറിയാവുന്നത്? ഈ ഉപദേശം അത് മാത്രമല്ല, അതോടൊപ്പം അസംഖ്യം കാര്യങ്ങളും പഠിപ്പിക്കുന്നു, വർത്തമാന കാലത്ത് അതിന്റെ പതിനായിരത്തിലൊരു അംശം പോലും ആർക്കും അറിവുണ്ടാവില്ല. വിശുദ്ധ ഗ്ര

ന്ഥം ഒന്നാകെ സ്നേഹത്തിന്റെയും സർവത്രീക സ്നേഹത്തിന്റെയും ഉപദേശമല്ലാതെ മറ്റൊന്നുമില്ല; കർത്താവ് ഇങ്ങനെ പറയുമ്പോൾ അവൻ ഇതുതന്നെയാണ് പഠിപ്പിക്കുന്നത്, (മത്തായി 22: 37–39), നിന്റെ ദൈവമായ കർത്താവിനെ നന്മപൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ മനസോടും കൂടി സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കൽപന. രണ്ടാമത്തേതു അതിനോടു സമം: കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം. ഈ രണ്ടു കൽപനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു. ന്യായപ്രമാണവും പ്രവാചകന്മാരും എന്നത്, പൊതുവായതും വിശേഷവുമായ വചനമാണ്.

### 11. നന്മയും സത്യവും

ദിവ്യ ക്രമം അനുസരിച്ച് പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കൾക്കും നന്മയും സത്യവുമായി ബന്ധമുണ്ട്. സ്വർഗ്ഗത്തിലോ ഭൂമിയിലോ ഇവ രണ്ടുമായും ബന്ധമില്ലാത്ത ഒന്നുമില്ല; കാരണം, നന്മയും സത്യവും ഉടലെടുക്കുന്നത് ദിവ്യത്വത്തിൽ നിന്നാണ്, അവിടെ നിന്നാണ് എല്ലാ വസ്തുക്കളുടേയും ഉത്ഭവം.

12. ഇതിൽ നിന്നെല്ലാം മനസ്സിലാവുന്നത്, നന്മയും സത്യവും എന്താണ് എന്നറിയുന്നതിൽ കൂടുതൽ അനിവാര്യമായി മറ്റൊന്നുമില്ലെന്നാണ്: ഒന്നിന് മറ്റേതിനോടുള്ള ആദരവ് എന്താണ്, ഒന്ന് മറ്റേതിനോട് സംയോജിപ്പിച്ചിരിക്കുന്നതെങ്ങനെയാണ്, എന്നറിയുക. സഭയിലെ മനുഷ്യന് ഇത് വിശേഷിച്ചും അനിവാര്യമാണ്; കാരണം സ്വർഗ്ഗത്തിലെ എല്ലാ വസ്തുക്കൾക്കും നന്മയും സത്യവുമായും ബന്ധമുള്ളതു പോലെ തന്നെ സഭയിലെ എല്ലാ വസ്തുക്കൾക്കും നന്മയും സത്യവുമായി ബന്ധമണ്ടുുണ്ട്; കാരണം, സ്വർഗ്ഗത്തിന്റെ നന്മയും സത്യവും തന്നെയാണ് സഭയുടെ നന്മയും സത്യവും. അതുകൊണ്ടാണ് നന്മയും സത്യവും തുടക്കമാക്കിയത്.

13. ദിവ്യ ക്രമം അനുസരിച്ച് നന്മയും സത്യവും തമ്മിൽ സംയോജിപ്പിക്കാം, പക്ഷേ വേർപെടുത്താനാവില്ല; അതിനാൽ അവയ്ക്ക് ഒന്നാകാൻ കഴിയും, എന്നാൽ രണ്ടാകാൻ കഴിയില്ല; സംയോജന

ത്തിന്റെ കാര്യത്തിൽ അവ തുടങ്ങുന്നത് ദിവ്യത്വത്തിൽ നിന്നാണ്, അവ സ്വർഗ്ഗത്തിൽ വച്ച് സംയോജിപ്പിക്കപ്പെടുന്നു, ഇക്കാരണ ത്താൽ തന്നെ അവ സഭയിൽ വച്ചും സംയോജിക്കപ്പെടേണ്ടതാ ണ്. സ്വർഗ്ഗത്തിൽ നന്മയും സത്യവും തമ്മിലുള്ള സംയോജന ത്തെ സ്വർഗ്ഗീയ വിവാഹം എന്നു വിളിക്കുന്നു; അവിടെയുള്ളവ രെല്ലാം ആ വിവാഹബന്ധത്തിലുണ്ടായിരിക്കും. ഇവിടെ വചന ത്തിലെ സ്വർഗ്ഗത്തെ വിവാഹവുമായി താരതമ്യപ്പെടുത്തുമ്പോൾ കർത്താവിനെ വരനെന്നും ഭർത്താവെന്നു വിളിക്കുന്നു, സ്വർഗ്ഗത്തെ മണവാട്ടിയെന്നും കാന്തയെന്നുംവിളിക്കുന്നു: അതോടൊപ്പം തന്നെ സഭയേയും. സ്വർഗ്ഗത്തേയും സഭയേയും അങ്ങനെ വിളിക്കാൻ കാരണം, അവിടെയുള്ളവർ ദിവ്യ നന്മയെ സത്യത്തിൽ സ്വീകരി ക്കുന്നു.

14. എല്ലാ വിവേകവും ജ്ഞാനവും ദൂതന്മാർ കരഗതമാക്കുന്നത് ആ വിവാഹത്തിൽ നിന്നുമാണ്, സത്യത്തിൽ നിന്നു നന്മയായതൊന്നും വേർപ്പെടുത്തുവാനും നന്മയിൽ നിന്നു സത്യത്തേയും വേർപ്പെടുത്തുവാനുമാവില്ല. സഭാ ജനങ്ങളിലും ഇതു തന്നെയാണ് സംഭവിക്കുന്നത്.

15. വിവാഹത്തിന്റെ ഒരു പ്രതിഛായയാണ് നന്മയുടേയും സത്യത്തിന്റേയും സംയോഗം എന്നിരിക്കെ സത്യം നന്മയെയും നന്മ സത്യത്തേയും സ്നേഹിക്കുന്നു എന്നതും ഒന്നു മറ്റൊന്നു മായി സംയോജിക്കുവാൻ ആഗ്രഹിക്കുന്നു എന്നത് ഇതിനു തെളിവാണ്. ഇത്തരം സ്നേഹവും ആഗ്രഹവുമില്ലാത്ത സഭയി ലെ മനുഷ്യൻ സ്വർഗ്ഗീയ വിവാഹത്തിൽ ഏർപ്പെടുന്നില്ല; അതി നാൽ സഭ അവനിൽ ഉണ്ടായിരിക്കില്ല; കാരണം നന്മയുടേയും സത്യത്തിന്റേയും സംയോജനമാണ് സഭയെ രൂപീകരിക്കുന്നത്.

16. നന്മ നാനാവിധമണ്ട്; പൊതുവേ, ആത്മീയനന്മയും ലൗകീക നന്മയുമാണുള്ളത്, അവ്യാജമായ സന്മാർഗ്ഗീക നന്മയിൽ ഇവ രണ്ടും സംയോജിക്കപ്പെട്ടിരിക്കുന്നു. നന്മകളോടൊപ്പം ആയിരിന്നതു പോലെ തന്നെ സത്യത്തോടൊപ്പവും ആണ്; നന്മയുടെ സത്യങ്ങൾക്ക് നന്മയുടെ രൂപമാണ്.

17. ഇവ നന്മയ്ക്കും സത്യത്തിനും ഒപ്പമാണ് എന്നതുപോലെ തന്നെ, ഇതിനു വിരുദ്ധമായവ തിന്മയുടേയും വ്യാജത്വത്തിന്റേയും കൂടെയാണ്: ദിവ്യ ക്രമ പ്രകാരം പ്രപഞ്ചത്തിലെ എല്ലാ വസ്തു ക്കളും നന്മയും സത്യവുമായി ബന്ധപ്പെട്ടിരിക്കുന്നതുപോലെ തന്നെ, ദിവ്യ ക്രമത്തിനു വിരുദ്ധമായിട്ടുള്ള എല്ലാ വസ്തുക്കൾക്കും തിന്മയും വ്യാജതയുമായും ആണ് ബന്ധമുള്ളത്. നന്മ സത്യവു മായും സത്യം നന്മയുമായും സംയോജിക്കപ്പെടാൻ ആഗ്രഹിക്കു ന്നതുപോലെ, തിന്മവ്യാജതയുമായും, വ്യാജത തിന്മയുമായും സം യോജിക്കപ്പെടാൻ ആഗ്രഹിക്കുന്നു. എല്ലാ ബുദ്ധിയും ജ്ഞാനവും നന്മയുടേയും സത്യത്തിന്റേയും സംയോജനത്തിൽ നിന്ന് ഇതൾ വിരിയുന്നതുപോലെ എല്ലാ അവിവേകവും മൂഢത്വവും തിന്മയു ടേയും വ്യാജത്വത്തിന്റേയും സംയോജനത്തിൽ നിന്നും ഉടലെടു ക്കുന്നു. തിന്മയും വ്യാജത്വവും തമ്മിലുള്ള സംയോഗത്തെ പൈ ശാചിക വിവാഹം എന്നു വിളിക്കുന്നു.

18 തിന്മയ്ക്കും വ്യാജത്വവും നന്മയ്ക്കും സത്യത്തിനും വിരുദ്ധമാ യിരിക്കുന്ന സാഹചര്യങ്ങളിൽ നിന്നും സത്യത്തിന് തിന്മയുമായും നന്മയ്ക്ക് തിന്മയിലെ വ്യാജതയുമായും സംയോജിക്കാനാവില്ലെ ന്ന് വ്യക്തമാണ്; കാരണം സത്യത്തെ തിന്മയുമായി ചേർത്തുവ ച്ചാൽ അത് സത്യമല്ലാതാകുന്നു, അത് വ്യാജതയായി മാറുന്നു, കാരണം അത് വ്യാജത നിറഞ്ഞതാക്കപ്പെടുന്നു; അതേപോലെ നന്മയെ തെറ്റുമായി ചേർത്തുവച്ചാൽ അത് നന്മയല്ലാതാകുന്നു, അത് തിന്മയാണ്, കാരണം അത് മലിനമാക്കപ്പെട്ടിരിക്കുന്നു. എ ന്നിരുന്നാലും തിന്മയിൽ നിന്നല്ലാത്ത വ്യാജത്വത്തിന് നന്മയുമാ യി ചേരാനാകും.

19. തിന്മയിലും അനന്തരം അതിൽ നിന്നുണ്ടാവുന്ന വ്യാജതയിലും വിശ്വസിച്ച് ജീവിക്കുന്ന ആർക്കും എന്താണ് നന്മയും സത്യവുമെ ന്ന് അറിയാനാവുന്നില്ല; കാരണം അവൻ സ്വന്തം തിന്മയെ നന്മ യായി വിശ്വസിക്കുന്നു, അതുവഴി അവന്റെ വ്യാജത്വത്തിനെ സ ത്യമായും കരുതുന്നു. എന്നാൽ നന്മയിലും അതിൽ നിന്നുണ്ടാ വുന്ന സത്യത്തിലും ഉറച്ച് വിശ്വസിക്കുന്ന എല്ലാവർക്കും എന്താ ണ് തിന്മയും വ്യാജതയുമെന്ന് അറിയാനാവും. കാരണം എല്ലാ

നന്മയും അതോടൊപ്പമുള്ള സത്യവും അവയുടെ സത്തയിൽ സ്വർഗ്ഗീയമായിരിക്കുന്നു: സത്തയിൽ സ്വർഗ്ഗീയമല്ലാത്തവയും സ്വർഗീയ ഉത്ഭവത്തിൽ നിന്നു വരുന്നവയാണ്; എന്നാൽ എല്ലാ തിന്മയും അതോടൊപ്പമുള്ള വ്യാജതയും അതിന്റെ സത്തയിൽ നരകീയമാണ്, സത്തയിൽ നരകീയമല്ലാത്തവയുടേയും ഉത്ഭവം സ്വർഗീയമാണ്; സ്വർഗ്ഗീയമായവയെല്ലാം വെളിച്ചത്തിലായിരിക്കും ഉണ്ടായിരിക്കുക, നരകീയമായവയെല്ലാം ഇരുട്ടിലും.

**ഇച്ഛയും അവബോധവും**

28. മനുഷ്യന് തന്റെ ജീവിതത്തെ രൂപപ്പെടുത്തുന്ന രണ്ട് കഴിവുകളാണ് ഉള്ളത്. ഒന്ന് ഇഛാശക്തിയും മറ്റൊന്ന് ധാരണാബോധവും. ഇവ വ്യതിരിക്തമാണെങ്കിലും ഒന്നായിരിക്കേണ്ടതിനോടുള്ള ബന്ധത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവ ഒന്നായിരിക്കുമ്പോൾ അവയെ മനസ് എന്നു വിളിക്കുന്നു. ഇവ മനുഷ്യ മനസ്സിനെ രൂപികരിക്കുന്നതിനാൽ മനുഷ്യ ജീവിതം മുഴുവനും ഇതിൽ അടങ്ങിയിരിക്കുന്നു്..

29. ദിവ്യ വിധി പ്രകാരം പ്രപഞ്ചത്തിലുള്ളവയെല്ലാം നന്മയും സത്യവുമായി ബന്ധപ്പെട്ടിരിക്കുന്നതു പോലെതന്നെ മനുഷ്യനിലെ എല്ലാം കാര്യങ്ങളും ഇച്ഛയും ധാരണാബോധവുമായി ബന്ധപ്പെട്ടിരിക്കുന്നു; കാരണം മനുഷ്യനിലെ നന്മ ഇച്ഛയുടേതും അവനിലെ സത്യം ധാരണാബോധത്തിന്റേതുമാകുന്നു. മനുഷ്യന്റെ ഈ രണ്ട് സിദ്ധികളാണ്, അതായത്, രണ്ട് ജീവനുകളാണ് ആധാരവും വിഷയവും; ഇച്ഛ നന്മയുമായി ബന്ധപ്പെട്ടിരിക്കുന്ന എല്ലാ വസ്തുക്കളുടേയും ആധാരവും വിഷയവുമായിരിക്കുമ്പോൾ, സത്യം ആകട്ടെ സത്യവുമായി ബന്ധപ്പെട്ടിരിക്കുന്ന എല്ലാ വസ്തുക്കളുടേയും ആധാരവും വിഷയവുമായിരിക്കുന്നു. മനുഷ്യനിലെ നന്മയും സത്യവും മറ്റൊരിടത്തുമില്ല്ല. മനുഷ്യനിലെ നന്മയും സത്യവും മറ്റൊരിടത്തുമില്ലാത്തതു കൊണ്ടുതന്നെ സ്നേഹവും വിശ്വാസവും അതുപോലെ തന്നെയാകുന്നു; കാരണം സ്നേഹം നന്മയിൽ നിന്നും നന്മ സ്നേഹത്തിൽ നിന്നും വരുന്നു; വിശ്വാസം സത്യത്തിൽ നിന്നും സത്യം വിശ്വാസത്തിൽ നിന്നും വരുന്നു.

30 അനന്തരം പ്രപഞ്ചത്തിലെ എല്ലാകാര്യങ്ങളും നന്മയോടും സത്യത്തിനോടും ബന്ധമുണ്ടായതു മുതൽ സഭയുടെ എല്ലാ കാര്യങ്ങൾക്കും വിശ്വാസത്തിന്റെ സത്യത്തിനോടും സ്നേഹത്തിന്റെ നന്മയോടും ബന്ധമുണ്ടെന്നിരിക്കെ ആ രണ്ടു ആർജവങ്ങൾ മനുഷ്യനെ മനുഷ്യനാക്കുന്നതിനാലാണ് അവയെ ഈ ഉപദേശത്തിൽ പ്രമേയപ്പെടുത്തിയിരിക്കുന്നത്. മറിച്ച് മനുഷ്യന് തന്റെ ചിന്തയിലൂന്നിയിട്ടുള്ളതിൽ നിന്നും വിത്യസ്ഥമായി ഒരാശയം ഉണ്ടാകുവാനാവില്ല..

31. ഇച്ഛാശക്തിയും ധാരണാബോധവും മനുഷ്യന്റെ ആത്മാവിനെക്കൂടി രൂപപ്പെടുത്തുന്നു. പൊതുവിൽ അവന്റെ ജീവനും ജ്ഞാനവും വിവേകവും കുടികൊള്ളുന്നത് അവയിലാണ്, ശരീരം ഒരാജ്ഞാനുവർത്തി മാത്രമാണ്

32. ഇച്ഛയും ധാരണാബോധവും ഏക മനസ്സാകുന്നതെങ്ങനെ എന്നറിയുന്നതിൽ കവിഞ്ഞ് പ്രധാനമായി മറ്റൊന്നുമില്ല. നന്മയും സത്യവും പരസ്പരം അലിഞ്ഞുചേരുന്നതു പോലെ അവയും ഒന്നാകുന്നു; സത്യത്തിനും നന്മയ്ക്കും ഇടയിൽ ഉണ്ടായിരിക്കുന്നതു പോലെ ഇച്ഛാ ശക്തിക്കും ധാരണാബോധത്തിനുമിടയിൽ ഒരു സമനമായ ഉറ്റചേർച്ച (വിവാഹം)ഉണ്ട്. നന്മയേയും സത്യത്തേയും സമ്പന്ധിച്ച് മേൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ളതിൽ നിന്നും ആ ഉറ്റചേർച്ചയുടെ (വിവാഹം) മേന്മയെന്തെന്ന് ദർശിക്കാൻ സംഗതി വന്നേക്കം. നന്മയായത് ഒരു കാര്യത്തിന്റെ തികഞ്ഞ ഉണ്മയും സത്യം അതിൽ നിന്നും കിട്ടിയിട്ടുള്ള അസ്ഥിത്വവുമായതു കൊണ്ട് മനുഷ്യനോടൊപ്പമുള്ള ഇച്ഛാശക്തി അവന്റെ ജീവന്റെ തികഞ്ഞ ഉണ്മയും അതിൽ നിന്നുള്ള ജീവന്റെ അസ്ഥിത്വം ധാരണാബോധവും, ഇച്ഛാശക്തിയുടെ നന്മ ധാരണാബോധത്തിൽ സ്വയമേ വ്യക്തമാക്കുന്ന രൂപങ്ങളും ആവിഷ്ക്കാരങ്ങളുമാണ്

33. നന്മയിലും സത്യത്തിലും ജീവിക്കുന്നവർക്ക് ഒരു ഇച്ഛയും ധാരണബോധവും ഉണ്ടായിരിക്കും; എന്നാൽ തിന്മയിലും വ്യാജതയിലുമുള്ളവർക്ക് ഇച്ഛയും അവബോധവും ഉണ്ടായിരിക്കില്ല; ഇച്ഛയ്ക്ക് പകരം അതി തൃഷ്ണയും ധാരണബോധത്തിനു പകരം

അറിവും ആയിരിക്കും അവരിൽ ഉണ്ടായിരിക്കുക. പരമാർത്ഥ മനുഷ്യന് ഇച്ഛ നന്മയുടേയും ധാരണബോധം സത്യത്തിന്റേയും സ്വീകരണ പാത്രങ്ങളാണ്; ആ കാരണത്താൽ ഇച്ഛ ശക്തി തിന്മയുടേയും, ധാരണാ ബോധം വ്യാജത്തിന്റേയും എന്നു വിശേഷിപ്പിക്കാനുമാവില്ല. ഇതുകൊണ്ടാണ് തിന്മയിലും അനന്തരമുണ്ടാകുന്ന വ്യാജതയിലും ജീവിക്കുന്ന ഒരു മനുഷ്യനെ വിവേകമതിയും ജ്ഞാനിയും ബുദ്ധിമാനുമെന്ന് വിശേഷിപ്പിക്കാനാവാത്തത്. തിന്മയിൽ ഇച്ഛയും ധാരണബോധവും കുടികൊള്ളുന്ന മനസ്സിന്റെ അന്ത:സ്ഥിത തലം അടയ്ക്കപ്പെട്ടിരിക്കുന്നു. എന്നാൽ തിന്മയ്ക്കും ഒരു ഇച്ഛയും ധാരണബോധവുമുണ്ടെന്നാണ് കരുതപ്പെടുന്നത്, കാരണം അവർ തങ്ങൾക്ക് ഇച്ഛയും അവബോധവുമുള്ളതായി അവകാശപ്പെടുന്നു: എന്നാൽ അവരുടെ ഇച്ഛ അതിതൃഷ്ണയും ധാരണബോധം അറിവും മാത്രമാണ്.

**ആന്തരികവും ബാഹ്യവുമായ മനുഷ്യൻ**

36.ഒരേ സമയും ആത്മീയവും പ്രാകൃതികവുമായ ലോകത്ത് കഴിയേണ്ടവനായിട്ടാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. ദൂതർ വസിക്കുന്നിടം ആത്മീയ ലോകവും മനുഷ്യർ വസിക്കുന്നിടം പ്രാകൃതിക ലോകവും ആകുന്നു; എന്നാൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് മേൽ പറയുന്ന പ്രകാരമായതിനാൽ അവന് ഒരു ആന്തരിക തലവും ബാഹ്യ തലവും നൽകപ്പെട്ടിരിക്കുന്നു- ആന്തരിക തലത്തിലൂടെ അവൻ ആത്മീയ ലോകത്തും ബാഹ്യതലത്തിലൂടെ അവൻ പ്രാകൃതിക ലോകത്തും കഴിയുന്നു. അവന്റെ ആന്തരിക തലത്തെ ആന്തരിക മനുഷ്യനെന്നും ബാഹ്യതലത്തെ ബാഹ്യ മനുഷ്യനെന്നും വിളിക്കപ്പെടുന്നു.

37.എല്ലാ മനുഷ്യർക്കും ഒരു ആന്തരിക തലവും ബാഹ്യതലവും ഉണ്ട്; ചിലത് നന്മയുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ മറ്റു ചിലത് തിന്മയുമായി ബന്ധപ്പെട്ടിരിക്കുന്നു. നന്മയുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ അന്തരംഗം സ്വർഗത്തിലും അതിന്റെ വെളിച്ചത്തിലും ബാഹ്യതലം പ്രാകൃതിക ലോകത്തും അതിന്റെ വെളിച്ചത്തിലുമായിരിക്കും; അവരിൽ പ്രാകൃതിക ലോകത്തെ വെളിച്ചം സ്വർഗീയ

വെളിച്ചത്താൽ മിന്നിത്തിളങ്ങും; ആയതിനാൽ അവരിലെ അന്തരംഗവും ബാഹ്യരംഗവും ഫലപ്രദമായ കാരണവും ഫലവും എന്നപോലെയോ, അല്ലെങ്കിൽ ആദ്യമെത്തുന്നവയേയും അതിന്റെ പിന്നാലെ എത്തുന്നവയേയും പോലെ ഒന്നായി പ്രവർത്തിക്കും. എന്നാൽ തിന്മയുമായി ബന്ധപ്പെട്ടിരിക്കുന്നവരിൽ ആന്തരിക തലം പ്രാകൃതിക ലോകത്തും അതിന്റെ വെളിച്ചത്തിലുമായിരിക്കും; ബാഹ്യതലവും അതേ വെളിച്ചത്തിൽ തന്നെയായിരിക്കും; അതുകൊണ്ട്, അവർ സ്വർഗീയ വെളിച്ചത്തിൽ ഒന്നും കാണുന്നില്ല, മറിച്ച് പ്രാകൃതിക വെളിച്ചത്തിലായിരിക്കും എല്ലാം കാണുന്നത്, പ്രകൃതിയുടെ തിളക്കമെന്നാണ് അവർ ആ വെളിച്ചത്തെ വിളിക്കുന്നത്. ഇക്കാരണത്താലാണ് അവർക്ക് സ്വർഗത്തിലെ വസ്തുക്കൾ കടുത്ത ഇരുട്ടിലും പ്രാകൃതിക ലോകത്തെ വസ്തുക്കൾ വെളിച്ചത്തിലുമായിരിക്കുന്നത്. ഇതിൽ നിന്നും വ്യക്തമാകുന്നത് നന്മയ്ക്ക് ആന്തരിക മനുഷ്യനും ബാഹ്യ മനുഷ്യനും ഉള്ളപ്പോൾ തിന്മയ്ക്ക് ആന്തരിക മനുഷ്യൻ എന്നൊന്നില്ലെന്നും ബാഹ്യ മനുഷ്യൻ മാത്രമേ ഉള്ളൂ എന്നുമാണ്.

38. ആന്തരിക മനുഷ്യനെയാണ് ആത്മീയ മനുഷ്യൻ എന്നു വിളിക്കുന്നത്, കാരണം ആന്തരിക മനുഷ്യൻ സ്വർഗത്തിൽ നിന്നുള്ള വെളിച്ചത്തിലാണുള്ളത്, ആ വെളിച്ചമാകട്ടെ ആത്മീയമാകുന്നു; ബാഹ്യ മനുഷ്യൻ പ്രാകൃതിക വെളിച്ചമായ ഇഹ ലോക വെളിച്ചത്തിൽ നിൽക്കുന്നതിനാൽ അവനെ പ്രാകൃതിക മനുഷ്യൻ എന്നും വിളിക്കുന്നു. അന്തരംഗം സ്വർഗീയ വെളിച്ചത്തിലും ബാഹ്യരംഗം ഇഹ ലോക വെളിച്ചത്തിലുമുള്ള മനുഷ്യൻ ഇരു തലത്തിലും ആത്മീയ മനുഷ്യനാണ്; എന്നാൽ അന്തരംഗം സ്വർഗീയ വെളിച്ചത്തിൽ അല്ലാതിരിക്കുകയും, മറിച്ച് അന്തരംഗവും ബാഹ്യരംഗത്തോടൊപ്പം ഇഹ ലോക വെളിച്ചത്തിലായിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഇരു തലത്തിലും പ്രാകൃതിക മനുഷ്യനാണ്. വചനത്തിൽ ആത്മീയ മനുഷ്യനെ ജീവിക്കുന്നവനെന്നും പ്രാകൃതിക മനുഷ്യനെ മരിച്ചവനെന്നും വിളിക്കപ്പെടുന്നു.

39 അന്തർവ്യക്തിത്വം സ്വർഗീയ വെളിച്ചത്തിലും ബാഹ്യവ്യക്തിത്വം ഇഹ ലോകത്തിലുമുള്ള മനുഷ്യൻ ആത്മീയമായും പ്രാകൃതിക

മായും ചിന്തിക്കുന്നു; പക്ഷേ, പ്രാകൃതിക തലത്തിൽ ആത്മീയ ചിന്ത പ്രാകൃതിക ചിന്തയിലേക്ക് ഒഴുകുകയും അവിടെ ദർശിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ അന്തർവ്യക്തിത്വവും ബാഹ്യവ്യക്തിത്വവും ഒന്നാകെ പ്രാകൃതിക വെളിച്ചത്തിലായിരിക്കുന്നവർ ആത്മീയമായല്ല, മറിച്ച് ഭൗതികമായാണ് ചിന്തിക്കുന്നത്; കാരണം ഇഹ ലോക സ്വഭാവത്തിലുള്ള വസ്തുക്കളിൽ നിന്നാണ് അവൻ ചിന്തിക്കുന്നത്, അവയെല്ലാം ഭൗതികവുമാണ്.

പദാർത്ഥങ്ങളുടെ സത്തയും വസ്തുക്കളുടെ മേന്മയെ മനസ്സിലാക്കുന്നതിനും നന്മയുടെ സ്നേഹത്തിൽ നിന്നും നന്മകളെ ദർശിക്കേണ്ടതിനേയും സത്യത്തിന്റെ വെളിച്ചത്തിൽ സത്യത്തെ മനസ്സിലാക്കേണ്ടതിനേയും, അവയിൽ അവർ ആയിരിക്കുന്ന അവരുടെ തന്നെ കാര്യങ്ങൾ ചിന്തിക്കുന്നതിനേയുമാണ് ആത്മീയമായി ചിന്തിക്കുക എന്നത്. സാന്മാർഗ്ഗമല്ലാത്തതും സ്പഷ്ടമല്ലാത്തതുമായുള്ള രീതിയിൽ സാരമായി ചിന്തിക്കുകയെന്നാൽ പദാർത്ഥങ്ങളിൽ വിഷയാസക്തമായ് വീക്ഷിക്കയും, മനസ്സിലാക്കുകയും ചെയ്യുക എന്നതാണ് ഭൗതികമായി ചിന്തിക്കുകയും എന്നത്.

40. അവനിൽ തന്നെയുള്ള ആന്തരിക ആത്മീയ മനുഷ്യൻ സ്വർഗത്തിലെ ഒരു ദൂതനാണ്; തിരിച്ചറിയുന്നില്ലെങ്കിലും ശരീരത്തിൽ കഴിയുമ്പോൾ തന്നെ അത് ദൂതരുമായി ബന്ധപ്പെട്ടാണിരിക്കുന്നത്, ശരീരത്തിൽ നിന്നും വേർപെട്ടതിനു ശേഷം, അവൻ ദൂതർക്കിടയിലേക്ക് തന്നെ വരുന്നു. എന്നാൽ അന്ത:ക്കരണം വെറും പ്രാകൃതികമായിട്ടുള്ള മനുഷ്യനിലുള്ളത്, ആത്മാവാണ്, മറിച്ച് ദൂതനല്ല: ശരീരത്തിലെ ജീവിതത്തിനിടയിൽ അവനും ആത്മാക്കളുടെ സമൂഹവുമായി ബന്ധപ്പെട്ടിരിക്കുന്നു, പക്ഷേ, അവ നരകത്തിലുള്ളവയായിരിക്കും; ശരീരത്തിൽ നിന്നും വേർപെട്ടതിനു ശേഷം അവൻ ഇവർക്കിടയിലേക്കായിരിക്കും എത്തിച്ചേരുന്നത്.

41 ആത്മീയ മനുഷ്യരുടേതായ അന്ത:ക്കരണങ്ങൾ അവർ മൗലീകമായ് വിലമതിക്കുന്നതായ സ്വർഗ്ഗത്തിലേക്കും ജഡീകരുടെ അന്ത:ക്കരണങ്ങൾ അവർ വിലമതിക്കുന്നതായ ഈ

ലോകത്തിലേക്കും ഉയർത്തപ്പെടുന്നു. മനസ്സിന്റെ അന്ത:ക്കരണ ത്തെ ഓരോരുത്തരും അവനവൻ എല്ലാത്തിലും മീതെ സ്നേഹി ക്കുന്ന വസ്തുവിനൊപ്പം വിടുകയാണ് ചെയ്യുന്നത്; അധോമന സ്സുമായി (ചൈതന്യം) ബന്ധപ്പെട്ടു നിൽക്കുന്ന ബാഹ്യ തലത്തെ അന്ത:ക്കരണത്തിന്റെ ദിശയിൽ തന്നെ വിടുന്നു.

42. ആന്തരീകനേയും ബാഹ്യ മനുഷ്യനേയും സമ്പന്ധിച്ച് പൊതുവായ ആ ആശയമുള്ളവർക്ക് ആന്തരീക മനുഷ്യനാണ് ഇച്ഛിക്കയും ചിന്തിക്കയും ചെയ്യുന്നതെന്നും ബാഹ്യ മനുഷ്യനാണ് സംസാരിക്കയും പ്രവർത്തിക്കയും ചെയ്യുന്നതെന്നും വിശ്വസിക്കുന്നത്. മനുഷ്യൻ ജ്ഞാനത്തോടെ ഇച്ഛിക്കയും വിവേകത്തോടെ ചിന്തിക്കയും ചെയ്യുമ്പോൾ ഒരാത്മീയ ആന്തരികതയിൽ നിന്നുമാണെന്നും, ജ്ഞാനത്തോടെ വിവേകത്തോടെ ചിന്തിക്കാതിരിക്കയും ചെയ്യുമ്പോൾ അവൻ ചിന്തിക്കയും ഇച്ഛിക്കയും ചെയ്യുന്നത് ജഡീക ആന്തരികതയിൽ നിന്നുമാണെന്നും അറിയപ്പെടേണ്ടിയിരിക്കുന്നു.

അനന്തരഫലമായി ഒരു മനുഷ്യൻ കർത്താവിനേയും അവനെ സമ്പന്ധിച്ചുള്ളതിനേയും കാര്യമായി ചിന്തിക്കുമ്പോൾ തന്റെ അയൽക്കരനേയും അവരെ സമ്പന്ധിച്ചുള്ള ഏറ്റവും നല്ലതും കാര്യമായതിനേയും ഇച്ഛിക്കയും അപ്പോൾ ചെയ്യുന്നു. ആത്മീയ ആന്തരീകതയിൽ നിന്നുമാണപ്പോൾ അവൻ ഇച്ഛിക്കയും ചിന്തിക്കയും ചെയ്യുന്നത്. ഇതിനു കാരണം സ്വർഗ്ഗത്തിൽ നിന്നും ഈ വിധമുള്ള നന്മയുടെ സ്നേഹത്തിൽ നിന്നും സത്യത്തിന്റെ വിശ്വാസത്തിൽ നിന്നും ചിന്തിക്കുന്നതുകൊണ്ടാണ് . ഒരുവൻ ത ന്നെത്തന്നെയും ഇഹലോകത്തേയും സ്നേഹിക്കുമ്പോൾ അവൻ പ്രാകൃതിക അന്ത:ക്കരണത്തിലായിരിക്കും, അതിൽ നിന്നായി രിക്കും അവൻ ചിന്തിക്കുകയും ഇച്ഛിക്കുകയും ചെയ്യുന്നത്, അ തിൽ നിന്നുതന്നെ അവൻ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ മനുഷ്യൻ അവയെ സമ്പന്ധിച്ച് തിന്മയോടെ ഇച്ഛിക്കയും ചിന്തിക്കയും ചെയ്യുമ്പോൾ അവൻ തന്റെ പ്രാകൃതിക അന്ത:ക്കരണത്തിൽ അപ്പോൾ ഇച്ഛിക്കയും ചിന്തിക്കയും ചെയ്യുന്നത്. അതിനു കാരണം ഈ വിധം നരകത്തിലുള്ള

തിന്മയുടെ സ്നേഹത്തിൽ നിന്നും വ്യാജത്തിന്റെ വിശ്വാസത്തിൽ നിന്നും അവൻ ഇച്ഛിക്കയും ചിന്തിക്കയും ചെയ്യുന്നു. ഒറ്റവാക്കിൽ ഒരുവന്റെ ഇച്ഛയിലും ചിന്തയിലും വാക്കിലും പ്രവൃത്തിയിലും എത്രത്തോളം കർത്താവിനോടും അയൽക്കാരനോടും സ്നേഹത്തിൽ ആയിരിക്കുന്നുവോ അത്രത്തോളം ആത്മീയ അന്ത:കരണത്തിലാണ്, മറിച്ച് അവൻ ഇച്ഛിക്കയും ചിന്തിക്കയും സംസാരിക്കയും പ്രവൃത്തിക്കയും ചെയ്യുന്നത് ലോകത്തോടുള്ള സ്നേഹത്തിലും സ്വാർത്ഥ സ്നേഹത്തിലും ആയിരിക്കുന്നുവോ അത്രത്തോളം അവൻ പ്രാകൃത അന്ത:കരണത്തിലാണ്.

43. കർത്താവിനൽ ക്രമീകരിച്ചിരിക്കയും കരുതിയിരീക്കയും ചെയ്തിട്ടുള്ളതായ സ്വർഗ്ഗത്തിൽ നിന്നും മനുഷ്യൻ എത്രത്തോളം ഇച്ഛിക്കയും ചിന്തിക്കയും ചെയ്യുന്നുവോ അത്രത്തോളം അവന്റെ അന്തക്കരണം സ്വർഗ്ഗത്തിലേക്കും കർത്താവിലേക്കു പോലും തുറക്കപ്പെട്ടിരിക്കയും സ്വർഗ്ഗത്തിലെ കാര്യങ്ങൾക്കനുസരിച്ച് രൂപപ്പെട്ടുമിരിക്കുന്നു. നേരെ മറിച്ച്, ഒരുവൻ സ്വർഗത്തെ അടിസ്ഥാ നമാക്കി ചിന്തിക്കാതെയും ഇച്ഛിക്കാതെയുമിരിക്കുകയും ഇഹലോ കത്തെ അടിസ്ഥാനമാക്കി അങ്ങനെ ചെയ്യുകയും ചെയ്യുന്നിടത്തോ ളം അവന്റെ അന്ത:ക്കരണം, അതായത് ആത്മീയ മനുഷ്യൻ അട ഞ്ഞും ബാഹ്യ മനുഷ്യൻ തുറക്കപ്പെട്ടുമിരിക്കുന്നു; ഇഹലോക ത്തിലേക്കുള്ള ഈ തുറക്കപ്പെടലും രൂപീകരണവും ലോകസ്ഥി തിക്ക് അനുസരിച്ചായിരിക്കും.

44. അന്ത:ക്കരണം, അല്ലെങ്കിൽ ആത്മീയ മനുഷ്യൻ സ്വർഗ്ഗത്തി ലെ കർത്താവിന് അഭിമുഖമായി തുറക്കപ്പെട്ടിരിക്കുന്നവർ സ്വർഗീ യ വെളിച്ചത്തിലും കർത്താവിൽ നിന്നുള്ള പ്രബോധോദയത്തിലും ആയിരിക്കും. അതിനാൽ അവർക്ക് ബുദ്ധിയും ജ്ഞാനവും ഉണ്ടാ യിരിക്കും: അവർ സത്യത്തെ കാണുന്നു, എന്തെന്നാൽ അത് സ ത്യമാണ്, അവർ നന്മ ദർശിക്കുന്നു, എന്തെന്നാൽ അത് നന്മയാണ്. എന്നാൽ അന്തക്കരണം, ആത്മീയ മനുഷ്യൻ അടയ്ക്കപ്പെട്ടിരി ക്കുന്നവർക്ക് അന്തക്കരണ മനുഷ്യനെ കുറിച്ച് അറിയില്ല, അതു ണ്ടായിരിക്കുകയുമില്ല. ദിവ്യത്വത്തിലോ മരണാനന്തര ജീവി തത്തിലോ അവർ വിശ്വസിക്കുന്നില്ല, അതുകൊണ്ടുതന്നെ സ്വർ

ഗ്ഗത്തിന്റെയും നരകത്തിന്റെയും വിഷയങ്ങളിലും അവർ വിശ്വസിക്കുന്നില്ല. അവർ ഇഹലോക വെളിച്ചത്തിലും അതിൽ നിന്നുള്ള പ്രഭയിലും മാത്രമായിരിക്കുന്നതിനാൽ അവർ പ്രകൃതിയെ ദിവ്യത്വമായി വിശ്വസിക്കുന്നു, അവർ വ്യാജതയെ സത്യമായി കരുതുകയും തിന്മയെ നന്മയായി വിശ്വസിക്കുകയും ചെയ്യുന്നു.

45. അന്തക്കരണം ബാഹ്യതലത്തിനു സമമായിരിക്കുകയും സ്വന്തം കണ്ണുകൾ കൊണ്ടു കാണാനാവുന്നവയേയും കൈകൾ കൊണ്ട് സ്പർശിക്കാനാവുന്നവയേയും മാത്രം വിശ്വസിക്കുകയും ചെയ്യുന്ന മനുഷ്യനെ ഇന്ദ്രിയ മനുഷ്യൻ എന്നു വിളിക്കുന്നു. ഏറ്റവും താഴ്ന്ന തലത്തിലുള്ള പ്രാകൃതിക മനുഷ്യനാണ് അവൻ,സഭയുടെ വിശ്വാസത്തിന്റേതായ എല്ലാ കാര്യങ്ങളെ സംബന്ധിച്ച് അപസിദ്ധാന്തത്തിലുമാണ്.

46. അന്ത:ക്കരണവും ബാഹ്യതലവുമായി പരിഗണിക്കപ്പെടുന്നത് മനുഷ്യന്റെ ആത്മാവിന്റെ ആന്തരിക തലവും ബാഹ്യതലവുമാണ്; അധികമായി കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്ന വെറുമൊരു ബാഹ്യതലം മാത്രമായ ശരീരത്തിലാണ് അവ കുടികൊള്ളുന്നത്; ശരീരം സ്വയമേവ ഒന്നും ചെയ്യുന്നില്ല, അതിനുള്ളിലെ ആത്മാവാണ് എല്ലാം പ്രവൃത്തിപ്പിക്കുന്നത്. മനുഷ്യാത്മാവ് ശരീരത്തിൽ നിന്ന് വേർപെട്ടതിന് ശേഷവും ചിന്തിക്കുകയും ഇച്ഛിക്കുകയും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവെന്ന് മനസ്സിലാക്കുക: ചിന്തിക്കുകയും ഇച്ഛിക്കുകയും ചെയ്യുന്നത് ആന്തരികവും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് ബാഹ്യവുമാണ്; ഇതു സംബന്ധിച്ച് കൂടുതൽ അറിയുന്നതിന് സ്വർഗവും നരകവുമെന്ന പുസ്തകം കാണുക, ഖണ്ഡിക 234–245, 265–275, 432–444, 453–484.

**പൊതുവായ സ്നേഹം**

54. ഒരു മനുഷ്യന്റെ യഥാർത്ഥ ജീവിതമെന്നത് അവന്റെ സ്നേഹമാണ്; സ്നേഹത്തിന്റെ വ്യാഖ്യാനം അപ്രകാരമാകുന്നതിനാൽ ജീവിതത്തിന്റേതും അപ്രകാരമാകുന്നു, അതെ, സമ്പൂർണ മനുഷ്യനും അങ്ങനെ തന്നെയാകുന്നു: എന്നാൽ പ്രബലമായ സ്നേ

ഹം അല്ലെങ്കിൽ പരമമായ സ്നേഹമാണ് മനുഷ്യനെ രൂപപ്പെടുത്തുന്നത്. മറ്റ് നിരവധി സ്നേഹങ്ങളുടെ മേധാവിത്വം ഈ സ്നേഹത്തിനായിരിക്കും, അവ വ്യുൽപത്തികളായിരിക്കും; വിവിധ രൂപങ്ങളിലാണ് ഈ സ്നേഹങ്ങൾ പ്രത്യക്ഷമാകുക, എങ്കിലും പ്രബലമായ സ്നേഹത്തിനു കീഴിലായിരിക്കും ഇത്, ഇവ ഒന്നാകെ ചേർന്ന് ഏക രാജ്യമാകുന്നു. പ്രബലമായ സ്നേഹം അവരുടെ രാജാവും ശിരജ്ജും പോലെയാണ്- ഇത് അവരെ നയിക്കുന്നു. അവരിലൂടെ അത് അതിന്റെ സ്വന്തം ലക്ഷ്യത്തിലേക്കു ചലിക്കുന്നു. എല്ലാ സ്നേഹങ്ങളുടേയും മുഖ്യവും അന്തിമവുമായ ലക്ഷ്യമാണിത്. ഇത് നേരിട്ടും അല്ലാതെയും ഇങ്ങനെ ചെയ്യുന്നു. പ്രബലമായ സ്നേഹത്തിന്റേതായിരിക്കുന്നതെന്താണോ അത് എല്ലാറ്റിലും മേലെ സ്നേഹിക്കപ്പെടുന്നതായ വാഴുന്ന സ്നേഹത്തിന്റേതാണ്.

55. എല്ലാ വസ്തുക്കൾക്കും മീതെ ഒരുവൻ സ്നേഹിക്കുന്നതെന്തോ അത് അന്റെ ചിന്തകളിലും ഇച്ഛയിലും സ്ഥിരമായി സന്നിഹിതമായിരിക്കും. അവന്റെ സൂക്ഷ്മ ജീവിതത്തെരൂപപ്പെടുത്തുന്നത് ഇതായിരിക്കും. ഉദാഹരണത്തിന് സമ്പത്തിനെ ഏറ്റവുമധികം സ്നേഹിക്കുന്ന ഒരുവന്, അത് പണമോ പദവിയോ ആകട്ടെ, അതെങ്ങനെ നേടാമെന്ന ചിന്ത മനസിലേക്ക് സ്ഥിരമായി വന്നുകൊണ്ടേയിരിക്കും: അത് നേടുമ്പോൾ അവൻ ഉള്ളാലെ ആനന്ദിക്കുന്നു, അത് നഷ്ടപ്പെടുമ്പോൾ അവൻ ഉള്ളാലെ ദുഃഖിക്കുന്നു; കാരണം അവന്റെ ഹൃദയം അതിലാണ് നിലകൊള്ളുന്നത്. എല്ലാ വസ്തുക്കളേക്കാളും മേലെ തന്നെത്തന്നെ സ്നേഹിക്കുന്ന ഒരുവൻ എല്ലാക്കാര്യങ്ങളിലും തന്നെക്കുറിച്ചായിരിക്കും ഓർമ്മിക്കുക; തന്നെക്കുറിച്ച് തന്നെ ചിന്തിക്കുന്നു, തന്നെക്കുറിച്ച് തന്നെ സംസാരിക്കുന്നു, തനിക്കായി പ്രവർത്തിക്കുന്നു: കാരണം അവനുള്ള ജീവിതം സ്വർത്ഥതയുടെ ജീവിതമാണ്

56. ഒരുവൻ താൻ എല്ലാത്തിനും മീതെ സ്നേഹിക്കുന്നവയാണ് ഒരു വ്യക്തിയുടെ ലക്ഷ്യം, അവയിൽ ഓരോന്നിനേയും അവൻ ബഹുമാനിക്കുന്നു; അവൻ മറ്റെന്തെങ്കിലും വിഷയങ്ങളിൽ മുഴുകിയിരിക്കുമ്പോഴും ഒരു അരുവിയിലെ അജ്ഞാത പ്രവാഹം പോ

ലെ അവനെ അവിടുന്നെല്ലാം മാറ്റുന്ന പ്രവാഹമായി അവന്റെ ഇച്ഛയിൽ അതുണ്ടായിരിക്കും; കാരണം സ്ഥായീവൽക്കരിക്കുന്നത് ഇതാണ്. മനുഷ്യൻ അന്വേഷിക്കുന്നതും ഇതാണ്, മറ്റൊരു വിധത്തിൽ പറഞ്ഞാൽ തേടുന്നതും ഇതുതന്നെ. അതിൻപ്രകാരമാണ് അവൻ മുന്നേറുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നത്.

57. തന്റെ ജീവിതത്തെ ഭരിക്കുന്ന തത്വമെന്താണോ അതിന് അനുസരിച്ചായിരിക്കും മൊത്തത്തിൽ ഒരുവന്റെ മേന്മ; ഇതിലൂടെ അവൻ മറ്റുള്ളവരിൽ നിന്ന് വേറിട്ടു നിൽക്കുന്നു; അവൻ നന്മയുള്ളവനെങ്കിൽ സ്വർഗത്തിന്റെ സ്വഭാവം അതിന് അനുസരിച്ച് രൂപപ്പെടുന്നു; അവൻ തിന്മ നിറഞ്ഞവനെങ്കിൽ നരകത്തിന്റെ സ്വഭാവവും അതിനനുസരിച്ച് രൂപപ്പെടുന്നു. അത് അവന്റെ തന്നെ ഇച്ഛയും, അഹംബോധവും അവന്റെ സ്വഭാവവും ഇതിൽ അടങ്ങിയിരിക്കുന്നു; കാരണം അത് അവന്റെ ജീവിതത്തിന്റെ തികഞ്ഞ ഉണ്മയാകുന്നു, മരണാനന്തരം അതിനെ മാറ്റാനാകില്ല, എന്തെന്നാൽ അതുതന്നെയാണ് മനുഷ്യനും.

58. ആനന്ദവും സംതൃപ്തിയും സന്തോഷവും തുടങ്ങി എല്ലാവരുടേയും എല്ലാ വികാരങ്ങളും അവരുടെ പ്രബലമായ സ്നേഹത്തിൽ നിന്നാണു കിട്ടിയിട്ടുള്ളത്, അതിന് അനുസരിച്ചാണുള്ളത്, എന്തുകൊണ്ടെന്നാൽ അവൻ ആനന്ദകരമെന്നു പറയുന്നതിനെ സ്നേഹിക്കുന്നു, കാരണം അത് അവന് അനുഭവപ്പെടുന്നു; എന്നാൽ അവൻ ചിന്തിക്കുകയും എന്നാൽ സ്നേഹിക്കാതിരിക്കുകയും ചെയ്യുന്നതിനേയും ആനന്ദം പ്രദാനം ചെയ്യുന്നവയെന്ന് വിളിക്കപ്പെട്ടേക്കാം, എങ്കിലും അത് അവന്റെ ജീവിതത്തിന്റെ ആനന്ദമാകുന്നില്ല. മനുഷ്യന്റെ കണക്കുകൂട്ടലുകളിലെ നന്മയായി വിലമതിക്കുന്നതെന്താണോ അതാണ് സ്നേഹത്തിന്റെ ആനന്ദം, ആന്ദകരമല്ലാത്തത് അവൻ തിന്മയെന്ന് നിരൂപിക്കുന്നവയുമാണ്.

59. ഏല്ല നന്മകളും സത്യങ്ങളും കുടികൊള്ളുന്ന അവയുടെ മികവുറ്റ ഉറവിടത്തിൽ നിന്നും ഉള്ളതായിരിക്കുന്ന രണ്ടു വിധ സ്നേഹങ്ങളുണ്ട്. എല്ലാ തിന്മകളും എല്ലാ വ്യജതകളും കുടികൊള്ളുന്ന ഉറവിടത്തിൽ നിന്നുള്ളതായ സ്നേഹ

ങ്ങളുമുണ്ട്.എല്ലാ നന്മകളിൽ നിന്നും സത്യങ്ങളിൽ നിന്നുമുള്ള സ്നേഹമാണ് കർത്തവിനോടും അയൽക്കാരനോടുമുള്ള സ്നേഹം. ഏല്ല വ്യാജതകളിൽ തിന്മകളിൽ നിന്നുമുള്ള രണ്ട് സ്നേഹങ്ങളിൽ ഒന്നു അവനവനെ തന്നേയും രണ്ടാമത്തേത് ഇഹ ലോകത്തിനോടും ഉള്ളതായ സ്നേഹം. രണ്ടാമതു പരമർശിക്കപ്പെട്ട സ്നേഹങ്ങൾ മുന്നമേ പറഞ്ഞ സ്നേഹങ്ങൾക്ക് പ്രത്യക്ഷമായി എതിരാണ്.

60 എല്ലാ നന്മകളുടേയും എല്ലാ സത്യങ്ങളുമായിരിക്കുന്നതിൽ നിന്നും ഉള്ള രണ്ട് സ്നേഹങ്ങൾ അൽപം മുമ്പേ പ്രസ്താവിച്ചതായ കർത്താവിനോടും അയൽക്കാരനോടുമുള്ള സ്നേഹം മനുഷ്യ നോടൊപ്പം സ്വർഗ്ഗത്തെ രൂപീകരിക്കുന്നു, അക്കാരണത്താൽ അവർ സ്വർഗ്ഗത്തിൽ വാഴുന്നു, മനുഷ്യനോടൊപ്പം സ്വർഗ്ഗമായിരിക്കുന്നതു മുതൽ അവനിൽ സഭയേ കൂടി രൂപീകരിക്കുന്നു. വ്യാജതകളിൽ നിന്നും തിന്മകളിൽ നിന്നും ഉള്ള സ്നേഹങ്ങൾ അൽപം മുമ്പ് പറഞ്ഞ തന്നോടു തന്നേയും ഇഹലോകത്തോടുമുള്ള സ്നേഹം മനുഷ്യനോടൊപ്പം നരകത്തെ ആക്കി തീർക്കുന്നു ആകയാൽ അവർ നരകത്തിൽ വാഴുന്നു

61. നന്മയും സത്യവും നിറഞ്ഞുനിൽക്കുന്നതും, അൽപം മുമ്പ് നിരീക്ഷിക്കപ്പെട്ടതുപോലെ കർത്താവിനോടുള്ളതായ രണ്ടുതരം സ്നേഹം അന്തഃക്കരണത്തെ, അതായത് ആത്മീയ മനുഷ്യനെ തുറക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു; എന്തെന്നാൽ അ വർ അവിടെയാണ് കുടികൊള്ളുന്നത്. എന്നാൽ എല്ലാ തിന്മയും വ്യാജതയും നിലകൊള്ളുന്ന രണ്ടു തരം സ്നേഹം പ്രബലമായി രിക്കുമ്പോൾ അന്തഃക്കരണത്തെ, അതായത് ആത്മീയ മനുഷ്യ നെ അടയ്ക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. പകരം പ്രാകൃ തികവും ഇന്ദ്രിയ ബോധമുള്ളവനുമായ മനുഷ്യനെ അവയുടെ വ്യാപ്തിക്കും പ്രാബല്യത്തിനും ആനുപാതികവുമായി ആവിഷ് കരിക്കുന്നു. നന്മയും സത്യവും നിറഞ്ഞു നിൽക്കുന്നതും, അൽ പം മുമ്പ് നിരീക്ഷിക്കപ്പെട്ടതു പോലെ കർത്താവിനോടുള്ള തായ രണ്ടുതരം സ്നേഹം അന്തഃക്കരണത്തെ, അതായത് ആത്മീ

യ മനുഷ്യനെ തുറക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു; എന്തെന്നാൽ അവർ അവിടെയാണ് കുടികൊള്ളുന്നത്. എന്നാൽ എല്ലാ തിന്മയും വ്യാജതയും നിലകൊള്ളുന്ന രണ്ടു തരം സ്നേഹം പ്രബലമായിരിക്കുമ്പോൾ അന്ത:ക്കരണത്തെ, അതായത് ആത്മീയ മനുഷ്യനെ അടയ്ക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. പകരം പ്രാകൃതികവും ഇന്ദ്രിയ ബോധമുള്ളവനുമായ മനുഷ്യനെ അവയുടെ വ്യാപ്തിക്കും പ്രാബല്യത്തിനും ആനുപാതികവുമായി ആവിഷ്കരിക്കുന്നു.

## സ്വയത്തോടുള്ള സ്നേഹവും ഇഹലോകത്തോടുള്ള സ്നേഹവും

65. സഹപൗരന്മാർക്കോ, ഏതെങ്കിലും മനുഷ്യ സമൂഹത്തിനോ, നമ്മുടെ രാജ്യത്തിനോ, സഭയ്ക്കുവേണ്ടിയോ, മറ്റുള്ളവർക്കുവേണ്ടിയോ വിചരിക്കാതെ നമ്മൾക്ക് വേണ്ടി മാത്രമുള്ള ക്ഷേമം ഇച്ഛിക്കുന്നതിൽ ഉൾകൊള്ളുന്നതാണ് സ്വർത്ഥതയുടെ സ്നേഹം. ഇത്തരത്തിലുള്ള ആളുകൾ ഇത് എന്താണ് അർത്ഥമാകുന്നതും, എന്തിനു ഇതു ഞാൻ ചെയ്യണം, ഇതിൽ നിന്നും എനിക്കുള്ള നേട്ടം എന്താണ് എന്നൊക്കെ ഹൃദയത്തിൽ പറഞ്ഞുകൊണ്ട് ഇതു ഒഴിവാക്കുന്നതുകൊണ്ട് മറ്റുള്ളവർക്ക് വേണ്ടി എന്തെങ്കിലും നന്മകൾ ചെയ്യുകയാണെങ്കിൽ പോലും സ്വന്തം മഹത്വത്തിനും, ബഹുമതിക്കും, കീർത്തിക്കും വേണ്ടി മാത്രമായിരിക്കും.

66. സ്വാർത്ഥസ്നേഹമുള്ള ഒരുവൻ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോഴൊന്നും അവൻ തന്റെ അയൽക്കാരനെ ശ്രദ്ധിക്കുന്നേയില്ല, അതുകൊണ്ടുതന്നെ പൊതു നന്മയേയും കർത്താവിനേയും നോക്കുന്നില്ല, മറിച്ച് അവനവനേയും അവന്റെ സ്വന്തമായിട്ടുള്ളവരേയുമാണ് പരിഗണിക്കുന്നത് അതുകൊണ്ടു തന്നെ അവൻ ചെയ്യുന്നവയെല്ലാം തനിക്കും തന്റെ സ്വന്തക്കാർക്കും വേണ്ടി മാത്രമായിരിക്കും; പൊതുജനത്തിനും അവന്റെ അയൽക്കാരനുവേണ്ടിയും എന്തെങ്കിലും നന്മ ചെയ്യുകയാണെങ്കിൽ പ്രദർശനത്തിനു വേണ്ടി മാത്രമായിരിക്കും.

67. തനിക്ക് വേണ്ടിയും തന്റെ സ്വന്തമായിട്ടുള്ളവർക്ക് വേണ്ടിയും

എന്നു പറയുവാൻ കാരണം, തന്നെത്തന്നെ സ്നേഹിക്കുന്നവൻ തനിക്ക് സ്വന്തമായിട്ടുള്ളവരേയും സ്നേഹിക്കുന്നതിനാലാണ്; പ്രത്യേകിച്ച് തന്റെ മക്കളേയും ബന്ധുക്കളേയും പൊതുവിൽ ത ന്നോടൊപ്പം ചേർന്നുനിൽക്കുന്നവരും തന്റെ സ്വന്തമെന്ന് അവൻ വിളിക്കുന്നവരുമെല്ലാം ഇതിൽപെടുന്നു. സ്വന്തം സ്വയത്തെ സ് നേഹിക്കുന്നതു പോലെ തന്നെയാണ് ഇവരെ സ്നേഹിക്കുന്നതും; താൻ അവരിലും അവർ തന്നിലുമെന്ന പോലെയാണ് അവൻ അവ രെ ബഹുമാനിക്കുന്നത്. അവൻ സ്വന്തമെന്നു വിളിക്കുന്ന അത്തരക്കരുടെ ഇടയിൽ തന്നെ സ്തുതിക്കയും ബഹുമാനിക്കയും അവനു അവരുടെ മുറ്റം വരെ പതിച്ചു കൊടുക്കുന്നവരെ ക്കൂടിയാണ് അവന്റെ സ്വന്തമെന്നു അവൻ വിളിക്കുന്നത്;

68. സ്വാർത്ഥസ്നേഹമുള്ളവർ അയൽക്കാരനെ താനുമായി താര തമ്യപ്പെടുത്തി നിന്ദിക്കുകയും അയൽക്കാരൻ തന്നെ സ്നേഹി ക്കുകയും ബഹുമാനിക്കുകയും ചെയ്തില്ലെങ്കിൽ അവനെ ശത്രു വായി കാണുകയും ചെയ്യുന്നു. സ്വാർത്ഥതയോടുള്ള സ്നേഹ ത്തിൽ, ഇക്കാരണങ്ങൾ വച്ച് അവൻ അയൽക്കാരനെ വെറുക്കു കയും പീഡിപ്പിക്കുകയും ചെയ്യുന്നു; മാത്രവുമല്ല, അവൻ അയൽ ക്കാരനെതിരെ പ്രതികാരദാഹിയായി അയൽക്കാരന്റെ നാശം ആ ഗ്രഹിക്കുകയും ചെയ്യുന്നു. അത്തരം ആളുകൾ ക്രൂരമായ ആന ന്ദത്തിലാണുള്ളത്.

69. സ്വർഗ്ഗീയ സ്നേഹത്തോടൊപ്പം ഒരു താരതമ്യ അവലോകനം ചെയ്യുകയാണെങ്കിൽ സ്വാർത്ഥ സ്നേഹത്തിന്റെ സ്വഭാവം എന്തെന്ന് സ്പഷ്ടമായേക്കും. ഒരു സഹപൗരനോടൊ, മനുഷ്യ സമൂഹത്തോടൊ, അവന്റെ രാജ്യത്തോടൊ, സഭയോടൊ മനുഷ്യൻ നിർവഹിക്കുന്നതിനായുള്ള നന്മയ്ക്കു വേണ്ടിയുള്ള വസ്തുക്കളൊ ഉപയുക്തതയ്ക്കു വേണ്ടിയുള്ള ഉപയോഗങ്ങളെ സ്നേഹിക്കുന്നതിനുള്ളതാണ് സ്വർഗ്ഗീയ സ്നേഹം. തനിക്കുവെണ്ടി തന്നെ മറ്റുള്ളവരെ സ്നേഹിക്കുന്നവൻ അവർ തന്റെ സേവയ്ക്കു വേണ്ടിയിട്ടുള്ളവരായ ദാസരായിട്ടല്ലാതെ മറ്റൊരു തരത്തിലും അവരെ സ്നേഹിക്കുന്നില്ല. സ്വർത്ഥതയുടെ സ്നേഹത്തിൽ ആയിരിക്കുന്ന അവൻ ഇതിനെ തുടർന്ന് സഭയും,

അവന്റെ രാജ്യവും മനുഷ്യ സമൂഹങ്ങളും അവന്റെ സഹ പൗരന്മാരും അവന്റെ ദാസ്യ വേല ചെയ്യണമെന്ന് ഇച്ഛിക്കുന്നു. തിരിച്ച് അവനു അവരോടല്ലതാനും. അവരുടെ മേൽ അവനെ തന്നെ ഉയർത്തുകയും അവർ അവനു കീഴിലും ആകുന്നു..

70. തന്നെയുമല്ല ഉപയുക്തത്തകളേയും നന്മകളേയും സ്നേഹിക്കുന്നതായ സ്വർഗ്ഗീയ സ്നേഹത്തിൽ ഒരുവൻ ആയിരിക്കുന്നത്രത്തോളം അവയെ അവൻ നിർവഹിക്കുമ്പോൾ ഹൃദയാനന്ദം പൂർണ്ണമാകുന്നതുവരേയും അവൻ കർത്താവിനാൽ നയിക്കപ്പെടുന്നു. കാരണം ആ സ്നേഹം കർത്താവിലും കർത്താവിൽ നിന്നുമായതുകൊണ്ടാണ്.കാരണം.സ്വാർത്ഥതയുടെ സ്നേഹത്തിൽ ഒരുവൻ എത്രത്തോളം ആയിരിക്കുന്നുവോ അത്രത്തോളം അവനാൽ നയിക്കപ്പെടുകയും അവനാൽ എത്രത്തോളം നയിക്കപ്പെടുന്നുവോ അത്രത്തോളം അവന്റെ അഹം ബോധത്തിനാൽ നയിക്കപ്പെടുന്നു. മനുഷ്യന്റെ അഹംബോധം തിന്മയല്ലാതെ മറ്റൊന്നുമല്ല. അതായത് ദൈവത്തെക്കാൾ ഉപരി തന്നെ തന്നേയും സ്വർഗ്ഗത്തേക്കാൾ ഉപരി ഇഹലോകത്തേയും സ്നേഹിക്കുന്ന സ്നേഹം അവന്റെ പൈതൃക തിന്മയാണ്

71. ജീവതം, കര്യാലയം, നേട്ടം, ബഹുമതി, കീർത്തികൾ എന്നിവ നഷ്ട്പ്പെടുന്നതിന്റെ ഭയം, നിയമത്തോടുള്ള ഭയം അവയുടെ പിഴകളും ആയിട്ടുള്ള ബാഹ്യ ബന്ധനങ്ങളുടെ കടിഞ്ഞാൺ അയവുന്നത്രത്തോളം ദിവ്യതയുടെ മേൽക്ക് തന്നേയും സ്വർഗ്ഗത്തിന്മേലും മുഴു ലോകത്തിന്മേലും അധികാരം വഹിക്കുന്നതിലേക്കു അതിനായി ബദ്ധപെടുകയും ചെയ്യുന്ന തരത്തിലുള്ളതാണ് സ്വാർത്ഥതയുടെ സ്നേഹം. അതിന് യാതൊരു അതിരുകളും അന്തവുമില്ല. സ്വാർത്ഥതയുടെ സ്നേഹത്തിലായിരിക്കുന്ന എല്ലാവരിലും ഇതു മറഞ്ഞു കിടക്കുന്നു, എന്നാലും ലോകത്തിനു മുമ്പാകെ ഇതു വെളിപ്പെട്ടു വരുന്നില്ല. അത്തരത്തിലുള്ള കടിഞ്ഞാണുകളും ബന്ധനങ്ങളും അവനെ പുറകോട്ട് തള്ളി മാറ്റുന്നു. അസാദ്ധ്യമാണെന്നു കൂടികണ്ട മനുഷ്യർ അതു സാധ്യമാകുന്നതു വരെ അവിടെ

കാത്തിരിക്കുന്നു. അതുകൊണ്ട് അതു അങ്ങനെ ആയിരുന്നാലും അങ്ങനെയുള്ളവർക്ക് തടകളും, വിലക്കുകളും, അസാദ്ധ്യതകളും അവിടെയില്ലെന്നും അതിന്മേൽ ബദ്ധപ്പെടുന്നവർ അവരെ വിജയം പൂകുന്നിടത്തോളം രാജ്യങ്ങളും പ്രവിശ്യകളും കീഴടക്കുകയും, പരിധിയില്ലാത്ത മഹിമയും അധികാരവും ആഗ്രഹിക്കുന്നത് പ്രഭുക്കന്മാരിലും രാജാക്കന്മാരിലും എല്ലാവർക്കും കാണാനാവുന്നതാണ്. സ്വർഗ്ഗത്തിലേക്കും അവരുടെ വാഴ്ച വിസ്തൃതമാക്കുന്നതിന് ഇത്തരക്കാരുടെ ആഗ്രഹം ഇനിയും അധികമാണ്. അവരിലേക്കു തന്നെ കർത്താവിന്റെ ദൈവീക അധികാരം കൈമാറ്റം ചെയ്യുന്നതിനുള്ള ആഗ്രഹം നിർബാധമായി തുടരുന്നു.

72. രണ്ടുവിധമായ ആധിപത്യ സ്നേഹങ്ങളാണ് ഉള്ളത്, ഒന്ന് അയൽക്കരനോടും മറ്റൊന്ന് സ്വയത്തോടുള്ള സ്നേഹവും. ഈ രണ്ട് സ്നേഹാധിപത്യങ്ങളിൽ അവയുടെ മൂലതത്വങ്ങൽ അപ്പാടെ പരസ്പരം എതിരാകുന്നു. അയൽക്കാരനോടുള്ള സ്നേഹാധിപത്യത്തിലായിരിക്കുന്ന ഒരുവൻ എല്ലാവരുടേയും നന്മയെ ഇച്ഛിക്കയും ഉപയോഗങ്ങളെ നിർവഹിക്കുന്നതിനേക്കൾ അധികമായി മറ്റൊന്നും സ്നേഹിക്കുന്നില്ല, അങ്ങനെ മറ്റുള്ളവരുടെ സേവനത്തിൽ ആയിരിക്കുന്നു. ഉപയോഗങ്ങളെ നിർവഹിക്കുക എന്നാൽ നല്ല ഇച്ഛയിൽ നിന്നും മറ്റുള്ളവർക്ക് നന്മ ചെയ്യുക എന്നതാണ് മറ്റുള്ളവരെ സേവിക്കുക എന്നർത്ഥമാകുന്നത്.ഇതു അവന്റെ സ്നേഹവും ഹൃദയത്തിന്റെ ആനന്ദവും ആണ്. അവൻ അതിനു പുറമെ അന്തസിലേക്കു ഉയർത്തപ്പെടുന്നത്രത്തോളം സന്തോഷമുള്ളവനാണെന്നിരുന്നാലും അന്തസിനു വേണ്ടിയല്ല മറിച്ച് മഹനീയമായ അളവിലും കൂടുതൽ ഫലപ്രാപ്തിയിലും ഉപയോഗങ്ങളെ നിർവഹിക്കപ്പെടേണ്ടതിനുവേണ്ടിയാണ്. സ്വർഗ്ഗങ്ങളിലെ ആധിപത്യം അത്തരത്തിലാണ്. സ്വയസ്നേഹത്തിൽ നിന്നും നിയന്ത്രിക്കപ്പെടുന്ന ഒരുവൻ ആരുടേയും നന്മയെ അഭിലഷിക്കുന്നില്ല, മറിച്ച് അവനുവേണ്ടി തന്നെയും അവന്റെ സ്വന്തക്കാർക്കു വേണ്ടിയുമാണ്.അവൻ നിർകജഹിക്കുന്ന

ഉപയോഗങ്ങൾ അവന്റെ സ്വന്തം ബഹുമാനത്തിനും മഹത്വത്തിനും വേണ്ടിയുള്ളതാണ്. അവനെ സേവിക്കപ്പെടേണ്ടതിനായും ബഹുമാനിക്കപ്പെടേണ്ടതിനായും അവരെ ഭരിക്കേണ്ടതിനായും ഉള്ള ലക്ഷ്യമാണ് അവനെ സമ്പന്ധിച്ചിടത്തോളം മറ്റുള്ളവരെ സേവിക്കുക എന്നത്. അവൻ അന്തസ്സിനെ അന്വേഷിക്കുന്നത് നന്മകൾ നിർവഹിക്ക പെടേണ്ടതിനല്ല മറിച്ച് ശ്രേഷ്ടതയിലും മഹിമയിലും അക്കാരണത്താൽ ആനന്ദത്തിലും ആയിരിക്കേണ്ടതിനും മാത്രമാണ്.

73. ഒരുവന്റെ ഇഹലോകത്തിലെ ജീവിതത്തിനു ശേഷവും എല്ലാവരോടൊപ്പമായി കർത്തുത്വ സ്നേഹം തുടരുന്നു. എങ്കിലും അയൽക്കാരനോടുള്ള സ്നേഹത്താൽ ഭരിക്കപ്പെടുന്നവർക്ക് സ്വഗ്ഗത്തിൽ വാഴ്ച്ച ഭരമേൽപ്പിക്കുനു.പക്ഷെ അന്നേരം അവർ കർത്തുത്വം നടത്തുകയല്ല മരിച്ച് അവർ സ്നേഹിക്കുന്ന നന്മകളും, ഉപയോഗങ്ങളുംകർത്തുത്വം ചെയ്യുമ്പോൾ കർത്താവ് അധികാരം നടത്തുന്നു. മറ്റൊരു വശത്ത് സ്വയത്തിന്റെ സ്നേഹത്തിൽ നിന്നും ലോകത്തിൽ കർത്തത്വം ഉള്ളവർ നരകത്തിലും നിന്ദ്യമായ അടിമത്തത്വത്തിലുമായിരിക്കും.

74. ഹർഷോത്മത്തനായോ വിനീതനായോ എങ്ങനെ പ്രത്യക്ഷപ്പെട്ടിട്ടും കാര്യമില്ല, അത്തരത്തിലുള്ള കാര്യങ്ങൾ ആന്തരീക മനുഷ്യനിലാണ് ഏറ്റവും ആന്തരീക മനുഷ്യൻ മറക്കപ്പെട്ടിരിക്കുന്നു. അയൽക്കരനും പൊതുജനങ്ങൾക്കും വേണ്ടിയുള്ളതായ് കാര്യങ്ങൾ പ്രവൃത്തിക്കാനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് ബാഹ്യത അങ്ങനെ തിരിച്ചും. അയൽക്കാരനോടും പൊതുജനങ്ങളോടും ഉള്ള സ്നേഹത്തെ അവർ സ്നേഹിക്കുകയും വിലമതിക്കുകയും ചെയ്യുന്നത്രത്തൊളം അന്ത:സ്ഥിതയെ ആകമാനം സ്പർശിക്കുന്നതവർ അറിയുന്നു. സ്വാർത്ഥതയ്ക്കുവേണ്ടിക്കൂടിയും ഇതുചെയ്യപ്പെട്ടിരിക്കുന്നു. ആ സ്നേഹം എല്ലാത്തിനേയും സ്പർശിക്കുന്നതിനുള്ള കാരണം അതിലേക്കു സ്വർഗ്ഗം ഒഴുകിയെത്തുന്നതിനാലാണ്

75. സ്വയസ്നേഹത്തിൽ ആയിരിക്കുന്ന ആളുകളൂടേതായ

തിന്മകൾ മറ്റുള്ളവോട് വെറുപ്പ്, അസൂയ, തങ്ങൾക്കനുകൂല മല്ലാത്തവരോട് ശത്രുത, അതിനെ തുടർന്നുള്ള പകകൾ, പ്രതികാരം, സൂത്രങ്ങൾ, വഞ്ചന, കാരുണ്യരാഹിത്യം, ക്രൂരത എന്നിവയും, എവിടെ ഇത്തരം തിന്മകൾ കുടികൊള്ളുന്നുവോ അവിടെ സഭയുടെ സത്യങ്ങളും, നന്മകളും ആയിരിക്കുന്ന ദൈവീകതയെയും ദൈവീക വിഷയങ്ങളേയും വെറുക്കുക കൂടി ചെയ്യുന്നു. അവർ അവയെ ആദരിക്കുകയാണെങ്കിൽ ഹൃദയം കൊണ്ടല്ല അധരം കൊണ്ടായിരിക്കും.

76. ധനത്തിൽ ഹൃദയം വെച്ചിട്ട് ഏതെങ്കിലും കൗശലത്തിലൂടെ നമ്മളിലേക്ക് മറ്റുള്ളവരുടെ സമ്പത്ത് ആകർഷിക്കുന്നതിൽ കുടികൊള്ളുന്നതാണ് ലോകത്തിന്റെ സ്നേഹം. അയൽക്കാരനോടുള്ള സ്നേഹമായിരിക്കുന്ന ആത്മീയ സ്നേഹത്തിൽ നിന്നും അനന്തരം സ്വർഗ്ഗത്തിൽ നിന്നും നമ്മെ ദൂരത്താക്കി കളയുന്നതാണ് ലോകസ്നേഹം.വിവിധ കൗശല ങ്ങളാൽ വിശേഷിച്ച് അയൽക്കാരന്റെ നന്മകളെ കണക്കാക്കാതെ അവരിലേക്ക് തന്നെ മറ്റുള്ളവരുടെ വസ്തുക്കൾ ആകർഷിക്കു ന്നതിനായ് ആഗ്രഹിക്കുന്ന ആളുകൾ ലോകസ്നേഹത്തിലുള്ള വരാണ്. ആ സ്നേഹത്തിലായിരിക്കുന്ന ആളുകൾ മറ്റുള്ളവരുടെ വസ്തുക്കൾ മോഹിക്കയും നിയമത്തെ ഭയപ്പെടാതിരിക്കുന്നത്ര ത്തോളവും സൽപ്പേരിനു കളങ്കം വന്നാലും മറ്റുള്ളവരുടെ വസ്തുക്കൾ നഷ്ടപ്പെടുത്തുകയും കവർച്ച ചെയ്യുകയും ചെയ്യുന്നു

77. ലോകസ്നേഹം സ്വയസ്നേഹത്തിന്റെ അതേ അളവിൽ സ്വർഗ്ഗീയ സ്നേഹത്തിന് എതിരല്ല. മാത്രവുമല്ല അതിൽ വലിയ തിന്മകൾ മറഞ്ഞിരിപ്പില്ല. ഈ സ്നേഹം ബഹുവിധമാണ്, ബഹുമതി നേടേണ്ടതിനായി മുഖാന്തരമയുള്ള ധനത്തിന്റെ സ്നേഹം. സമ്പത്തുക്കൾ നേടുന്നതിനായി മുഖാന്തരമായുള്ള അന്തഃജിന്റേയും ബഹുമതിയുടേയും സ്നേഹം, ലോകത്തിൽ അവർ ആനന്ദിച്ചിട്ടുള്ളതിനോടു കൂടെയുള്ള വിവിധ ഉപയോഗങ്ങൾക്ക് വേണ്ടിയുള്ള സമ്പത്തിന്റെ സ്നേഹം, കേവലം സമ്പത്തിനു വേണ്ടി മാത്രമായുള്ള അമിത ധനേച്ഛയുടെ ധന സ്നേഹം എന്നിങ്ങനെയാണ്. ആഗ്രഹിച്ചതായ സമ്പത്തിനു

വേണ്ടിയുള്ള ലക്ഷ്യത്തെ അവയുടെ ഉപയോഗം എന്നു വിളിക്കുന്നു. അതിന്റെ ഉപയോഗം അതിന്റെ ലക്ഷ്യമോ ഉപയോഗമോ ആണ്. സ്നേഹത്തിന്റെ മേന്മയ്ക്ക് കാഴ്ചയിൽ അതിനുള്ളതായ ലക്ഷ്യത്തെ പോലെ സമാനമായിരിക്കും, മറ്റുള്ളവ മുഖാന്തരമായി വർത്തിക്കുന്നു.

78. ഒറ്റ വാക്കിൽ പറഞ്ഞാൽ, സ്വയസ്നേഹവും ലോകസ്നേഹവും കർത്താവിനോടും അയൽക്കാരനോടുമുള്ള സ്നേഹത്തിൽ നിന്ന് ആകമാനം എതിരാണ്; അതുകൊണ്ട് സ്വയത്തോടും ലോകത്തോടുമുള്ള സ്നേഹം പൈശാചിക സ്നേഹമാണ്; അവ നരകത്തിലാണ് വാഴുന്നത്, അതുവഴി മനുഷ്യനിൽ നരകത്തെ സ്ഥാപിക്കുന്നു. എന്നാൽ കർത്താവിനോടുള്ള സ്നേഹവും അയൽക്കാരനോടുള്ള സ്നേഹവും സ്വർഗീയ സ്നേഹമാണ്; അവ സ്വർഗത്തിൽ വാഴുന്നു, മനുഷ്യനിൽ സ്വർഗത്തെ രൂപീകരിക്കുകയും ചെയ്യുന്നു.

79. ഇത്രയും പറഞ്ഞതിൽ നിന്ന് എല്ലാ തിന്മകളും അടങ്ങിയിരിക്കുന്നത് മേൽപറയുന്ന രണ്ട് സ്നേഹങ്ങളിലാണെന്നും അവയിൽ നിന്നാണ് പുറപ്പെടുന്നതെന്നും നമുക്ക് കാണാനാകും; എന്തെന്നാൽ ഖണ്ഡിക 75-ൽ എണ്ണപ്പെട്ടിട്ടുള്ളത് പൊതുവായ തിന്മകളും എണ്ണപ്പെടാത്തതായ മറ്റുള്ളവ സവിശേഷമായ തിന്മകളും ആകുന്നു: ആദ്യം പറയുന്നവയിൽ നിന്ന് രണ്ടാമത് പറയുന്നവ ഉത്ഭവിക്കുകയും പ്രവഹിക്കുകയും ചെയ്യുന്നു. ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത്, മനുഷ്യൻ ഈ രണ്ട് സ്നേഹങ്ങളിലേക്ക് ജനിച്ചു വീഴുന്നതിനാൽ അവൻ എല്ലാത്തരത്തിലുള്ള തിന്മകളിലേക്കുമാണ് പിറന്നു വീഴുന്നത് എന്നാണ്.

80. മനുഷ്യൻ എന്താണ് തിന്മ എന്നറിയുന്നതിനു വേണ്ടി അവയുടെ ഉൽഭവത്തെ കുറിച്ച് അറിയേണ്ടതാവശ്യമായിരിക്കുന്നു. തിന്മയെന്തെന്നറിയാത്ത പക്ഷം നന്മയെന്തറിയാനാവുകയില്ല. അനന്തരം അവൻ എങ്ങനെയുള്ള സവിശേഷതകളുടെതാണ് എന്നും അറിയാനാവുകയില്ല, ആക്കാരണത്താലാണ് തിന്മകളുടെ ഈ രണ്ടു ഉൽഭവങ്ങളെ ഇവിടെ പ്രതിപാധിച്ചിരിക്കുന്നത്.

## അയൽക്കാരനോടുള്ള സ്നേഹം അല്ലെങ്കിൽ സാർവ്വത്രീക സ്നേഹം

84.'അയൽക്കാരൻ' എന്നാൽ എന്താണ് അർത്ഥമാക്കുന്നതെന്ന് ആദ്യമേ തന്നെ വ്യക്തമാക്കേണ്ടതുണ്ട്; എന്തെന്നാൽ അവനാണ് സ്നേഹിക്കപ്പെടേണ്ടത്, അവനിലേക്കാണ് സ്നേഹം അനുഷ്ഠിക്കേണ്ടതും. നന്മ ചെയ്യുന്നത് സൽപ്രവൃത്തികളിൽ നിന്നും അയൽക്കാരനോട് തിന്മ ചെയ്യുന്നതു സ്നേഹ മില്ലായ്മയിൽ നിന്നുമാണ്. അതുകൊണ്ട് അയൽക്കാരൻ എന്താണെന്ന് അറിയാത്ത പക്ഷം നന്മയോടെന്ന പോലെ തിന്മ യോടും സമാന രീതിയിൽ സ്നേഹം അനുഷ്ഠിക്കപ്പെട്ടേക്കാം

85. എല്ലാ ആളുകളും ഒരുപോലെ അയൽക്കാരനാണെന്നും സഹായം ആവശ്യമുള്ള എല്ലാവർക്കും ആ ആനുകൂല്യം നൽകേണ്ടിയിരിക്കുന്നു എന്നാണ് ഇക്കാലത്തെ പൊതുവായ അഭിപ്രായം. എന്നാൽ ഒരു മനുഷ്യന്റെ ജീവന്റെ മേന്മയേയും അതനുസരിച്ചു അവനോടുള്ള സ്നേഹം അനുഷ്ഠിക്കേണ്ടതിനു ള്ള ക്രിസ്തീയ വീണ്ടുവിചാരത്തെ പരിശോധിക്കുന്നതിന്റെ താൽപര്യമാണിതിലുള്ളത്. ആന്തരിക സഭയുടെ മനുഷ്യൻ വിവേചനത്തോടേയും അനന്തരം വിവേകത്താലും സ്നേഹം അനുഷ്ഠിക്കുന്നു, ബാഹ്യതല മനുഷ്യൻ സംഗതികൾ വിവേചി ക്കാതേയും ചെയ്യുന്നു.

86. എല്ലാവരോടൊപ്പമുള്ളതായ നന്മയക്കനുസരിച്ചുള്ള അയൽക്കാരന്റെ വിത്യാസങ്ങൾ സഭയുടെ മനുഷ്യൻ അറിയേണ്ടതാവശ്യമാണ്. കർത്താവിങ്കൽ നിന്നാണ് എല്ലാ നന്മ കളും നിർഗ്ഗളിക്കുന്നായതിനാൽ അതിവിഷ്ഠമായ അളവിലും ഉന്നതാർത്ഥത്തിലും, ഉൽഭവം അവനിൽ നിന്നായതു കൊണ്ട് കർത്താവു തന്നെയാണ് അയൽക്കാരൻ. ആ സ്ഥിതിക്ക് ആരുടെയ്യെങ്കിലും കൂടെ കർത്താവു എത്രത്തോളം ഉണ്ടോ അത്രത്തോളം അവർ അയൽക്കാരാണ്. അവങ്കൽ നിന്നുള്ള നന്മയും കർത്തവിനേയും സ്വീകരിക്കാത്ത ആരും തന്നെ അയൽക്കരനുമല്ല. മറ്റൊരുവനെ പോലെ സമാനമായ

രീതിയിലുള്ള അയൽക്കാരൻ ആരും തന്നെയില്ല. സ്വർഗ്ഗത്തിലുള്ള എല്ലാവർക്കും ഭൂമിയിലുള്ള എല്ലാ നല്ലവർക്കും നന്മ വിത്യാസപ്പെട്ടിരിക്കുന്നു. ഒരേ മാതിരിയും ഒന്നായും രണ്ടു പേർക്ക് ഒരിക്കലും നന്മ സ്വീകരിക്കാനാവില്ല. അതിൽ തന്നെ ഓരോന്നും വിത്യാസപ്പെട്ടിരിക്കുന്നത് കഷ്ടിച്ച് കാണാനിടവന്നേക്കാം. എന്നാൽ ഈ വിത്യാസങ്ങൾ അനന്തരം കർത്താവിനേയും അവങ്കൽ നിന്നുള്ള നന്മകളെയും സ്വീകരിക്കുന്നതിനെ ആശ്രയിച്ചിട്ടു ള്ളതാണെന്ന് മനുഷ്യനാലോ ദൂതന്മാർക്ക് പോലുമോ ഒരിക്കലും അറിയപ്പെട്ടിരിക്കുന്നില്ല, പൊതുവായ രീതിയിലോ അവയുടെ വിശേഷ സ്വരൂപമോ ഒഴിച്ച്. അവൻ അറിയുന്നതിനനുസരിച്ച് ജീവിക്കുന്നതിനേക്കാൾ മറ്റൊന്നും സഭയുടെ മനുഷ്യനിൽ നിന്നു കർത്താവു ആവശ്യപ്പെടുകയോ ചെയ്യുന്നില്ല.

87. എല്ലാവരൊടൊപ്പമുള്ള നന്മ വിഭിന്നമായിരിക്കുന്നതുകൊണ്ട് അയൽകാരനായ ഏതൊരുവനും എന്തളവിലും എന്താനുപാത ത്തിലുമാണ് നന്മയുടെ മേന്മയെന്നത് ഇതേ തുടർന്ന് അനുമാനി ക്കാവുന്നതാണ്. കർത്താവിന്റെ ഉപമയിലെ കള്ളന്മാർക്കിടയിൽ അകപ്പെട്ട് അർദ്ധപ്രാണനായി വഴിയരുകിൽ വീണ് പോയവനെ ശ്രദ്ധിക്കാതെ കടന്നുപോയ പുരോഹിതനേയും ലേവിയനെയും തുടർന്ന് വന്ന സമര്യക്കാരൻ അവനെ വീഞ്ഞും എണ്ണയും വെച്ചു കെട്ടി തന്റെ മൃഗത്തിന്റെ പുറത്തു കയറ്റി സത്രത്തിൽ എത്തിച്ചിട്ട് അവനെ ശ്രദ്ധിക്കുവാൻ നിർദ്ദേശിച്ച സമര്യക്കാരനെ നല്ല അയൽക്കാരനെന്നു വിളിച്ചിരിക്കുന്നതിന്റെ കാരണം അവൻ സ്നേഹത്തിന്റെ നന്മയെ അനുഷ്ഠിച്ചിരിക്കുന്നതു കൊണ്ടാണ്. മുറിവിലേക്ക് ഒഴിച്ച് എണ്ണയും വീഞ്ഞും നന്മയെയും അതിന്റെ സത്യത്തേയും കുറിക്കുന്നതുകൊണ്ട് നന്മയിൽ ആയിരിക്കുന്ന ആളുകൾ അയൽക്കാർ എന്നറിയപ്പെട്ടിരിക്കുന്നു.

88. കർത്താവിങ്കൽ നിന്നു അവനോടൊപ്പമായിരിക്കുന്ന നന്മയുടെ ഗുണമേന്മയ്ക്കനുസരിച്ച് മനുഷ്യൻ അയൽക്കാരനാക കൊണ്ട് സാർവത്രീക അർത്ഥത്തിൽ ഇപ്പോൾ പറയപ്പെട്ടിരിക്കുന്നതിൽ നിന്ന് വ്യക്തമാകുന്നത് നന്മയാണ് അയൽക്കാരൻ. എല്ല നന്മകളും സ്നേഹത്തിന്റേതും സ്നേഹവുമായിരിക്കുന്നതു കൊണ്ട്

നന്മയാണ് അയൽക്കാരൻ.കർത്താവിങ്കൽ സ്വീകരിക്കുന്നതായ സ്നേഹത്തിന്റെ ഗുണമേന്മയ്ക്കനുസരിച്ചുള്ള എല്ല മനുഷ്യരും അയൽക്കാരാണ്.

89. സ്വർത്ഥതയുടെ സ്നേഹത്തിലായിരിക്കുന്നവരിൽ നിന്നും വെളിപ്പെട്ട് പ്രത്യക്ഷമാകുന്നതും അവന്റെ സ്നേഹത്തിനെ മേന്മയ്ക്കനുസരിച്ച് എല്ലാവരും അയൽക്കാരനാകുന്നതുമായ ആ സ്നേഹമാണ് എതൊരുവനേയും അയൽക്കാരനായിരിക്കുവാൻ ഇടയാക്കുന്നത്. അവർ അത്യധികമായി സ്നേഹിക്കുന്ന അവരുടെ അയൽക്കാരായിട്ട് വകവെച്ചു കൊടുക്കുന്നതു അവർക്കുതന്നെ സ്വന്താമാകുന്നത്രത്തോളമാണ്. ഇവരെ അവർ ആശ്ലേഷിക്കുകയും ചുംബിക്കയും അവരെ സഹോദരന്മാർ എന്നു വിളിക്കയും അവരുടെ മേൽ നേട്ടങ്ങളെ അരുളുകയും ചെയ്യുന്നു. അവർ ദുഷ്കർമികൾ ആയതുകൊണ്ട് അവരുടെ സ്നേഹത്തിന്റെ അളവിനും മേന്മയ്ക്കുമനുസരിച്ച് സ്നേഹിക്കുന്നതായിട്ടുള്ള അനുപാതത്തിൽ അയൽക്കാരായി ആദരിക്കയും മറ്റുള്ളവരേക്കാൾ അധികമായി ഇവരാണ് അയൽക്കാരെന്നും അവർ പറയുന്നു. അത്തരം വ്യ്ക്തികളെ നിർണ്ണയിക്കയും രൂപീകരിക്കയും ചെയ്യുന്നതായ സ്നേഹം സ്വർത്ഥതയിൽ നിന്നുമുള്ള അയൽക്കാരുടെ ഉൽഭവത്തിൽ നിന്നും കിട്ടിയിട്ടുള്ളതാണ്. കർത്താവിന്റെ രാജ്യക്കാരായിരിക്കുന്ന വരോടൊപ്പമുള്ള സംഗതിയെ പോലെ മറ്റുള്ളവരേക്കാൾ അധികമായി തങ്ങളെ തന്നെ സ്നേഹിക്കാത്തവൻ എല്ലാത്തിനെക്കാളും മേലായി തങ്ങൾ സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്ന കർത്താവിങ്കൽ നിന്നും അയൽക്കരുടെ പിറവി ലഭിക്കും. അവങ്കൽ നിന്നും അവനോടുമുള്ള അവന്റെ സ്നേഹത്തിന്റെ ഗുണമേന്മയ്ക്കനുസരിച്ചു എല്ലാവരേയും അയൽക്കാരായി വിലമതിക്കും.

സഭയുടെ മനുഷ്യനിലൂടെ ആകർഷിക്കപ്പെട്ടിരിക്കുന്നതായ അയൽക്കാരന്റെ ഉൽഭവം ഈ കാര്യങ്ങളിൽ നിന്നും വെളിപ്പെട്ടിരിക്കുന്നു. കർത്താവിങ്കൽ നിന്നും അവർ ആർജ്ജിച്ചിട്ടുള്ള നന്മയ്ക്കനുസരിച്ച് ആ എല്ലാവരും അയൽക്കാരാണ്, ഇങ്ങനെ നന്മ തന്നേയാണ് അയൽക്കാരൻ.

90. മത്തായിയുടെ സുവിശേഷത്തിൽ (25:34–40) കർത്താവ് പഠിപ്പിക്കുന്നതും ഇതുതന്നെയാണ്; നന്മ നിറഞ്ഞവരോട് കർത്താവ് ഇപ്രകാരം പറഞ്ഞു, 'എനിക്കു വിശന്നു നിങ്ങൾ ഭക്ഷിപ്പാൻ തന്നു, ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു,' തുടർന്ന് അദ്ദേഹം പറയുന്നു, 'എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.' ആത്മീയ ബോധത്തിൽ മനസ്സിലാക്കപ്പെടുന്ന ഈ ആറു തരം നന്മകളിൽ വിവിധ തരത്തിലുള്ള അയൽക്കാരെല്ലാം ഉൾപ്പെടുന്നു. ഇവിടെയും വ്യക്തമാകുന്നത് നന്മയെ സ്നേഹിക്കുമ്പോൾ കർത്താവിനെ തന്നെയാണ് സ്നേഹിക്കുന്നത് എന്നതാണ്; എന്തെന്നാൽ കർത്താവ് നന്മ പുറപ്പെടുന്ന, നന്മയിൽ നിറഞ്ഞു നിൽക്കുന്ന, നന്മ തന്നെയായവൻ തന്നെയാകുന്നു.

91. അയൽക്കാരൻ ഏകവചനത്തിൽ മാത്രമല്ല, ബഹുവചനത്തിലും കൂടിയാണുള്ളത്; ചെറുതോ വലുതോ ആയ സമൂഹം, ഒരുവന്റെ രാജ്യം, സഭ, കർത്താവിന്റെ രാജ്യം, എല്ലാറ്റിനും മീതെ കർത്താവു തന്നെ അയൽക്കാരാകുന്നു. സ്നേഹത്തിൽ നിന്ന് നന്മ ചെയ്യപ്പെടേണ്ടവരാണ് അയൽക്കാർ. അവ അയൽക്കാരന്റെ ആരോഹണ തലം കൂടിയാകുന്നു: എന്തെന്നാൽ നിരവധിയാളുകൾ അടങ്ങുന്ന ഒരു സമൂഹം ഒരു വ്യക്തി എന്നതിനേക്കാൾ ഉയർന്ന തലത്തിലുള്ള അയൽക്കാരാകുന്നു; ഒരുവന്റെ രാജ്യമാകട്ടെ അതിലും ഉയർന്ന തലത്തിലുള്ള അയൽക്കാരാകുന്നു; അതിലും മേലെയാണ് സഭയുടെ സ്ഥാനം; അതിനും തൊട്ടു മേലെയായി കർത്താവിന്റെ രാജ്യം; എന്നാൽ ഏറ്റവും ഉച്ചസ്ഥായിയിൽ നിൽക്കുന്നത് കർത്താവാകുന്ന അയൽക്കാരനാണ്. ഈ ആരോഹണ ക്രമം ഏണിയുടെ പടികൾ പോലെയാണ്, അതിന്റെ ഏറ്റവും മുകളിലുള്ളത് കർത്താവാകുന്നു.

92. ഒരു വ്യക്തിയേക്കാൾ വലിയ അയൽക്കാരാണ് ഒരു സമൂഹം,

എന്തുകൊണ്ടെന്നാൽ സമൂഹത്തിൽ നിരവധിയാളുകൾ അടങ്ങിയിരിക്കുന്നു. എന്നാൽ ഒരു വ്യക്തിയോടുള്ളതിന്റെ അതേ തലത്തിൽ തന്നെ സമൂഹത്തോടും കാരുണ്യം അനുഷ്ഠിക്കേണ്ടതുണ്ട്. വിശേഷിച്ചും അതിൽ നിലനിൽക്കുന്ന നന്മയുടെ മേന്മയ്ക്ക് അനുസരിച്ച്; അതുകൊണ്ട് ധർമിഷ്ഠരുടെ സമൂഹത്തിന് ധർമ്മിഷ്ഠരല്ലാത്തവരുടെ സമൂഹത്തേക്കാൾ തികച്ചും വ്യത്യസ്തമായ രീതിയിലുള്ള ഇതിന്റെ അനുഷ്ഠാനമാണ് വേണ്ടത്. ഒരു സമൂഹം സ്നേഹിക്കപ്പെടുന്നത്, അതിന്റെ നന്മ നന്മയോടുള്ള സ്നേഹത്താൽ പരിപാലിക്കപ്പെടുമ്പോഴാണ്.

93. ഒരു സമൂഹത്തേക്കാൾ വലിയ അയൽക്കാരാണ് ഒരുവന്റെ രാജ്യം, എന്തെന്നാൽ അത് രക്ഷിതാക്കളെ പ്പോലെയാണ്; ഒരു മനുഷ്യൻ അതിനുള്ളിൽ ജനിക്കുന്നു, അത് അവന് ഭക്ഷണം നൽകുന്നു, തെറ്റുകളിൽ നിന്ന് അവനെ സംരംക്ഷിക്കുകയും ചെയ്യുന്നു. ഒരുവന്റെ രാജ്യം ആവശ്യപ്പെടുന്നത് അനുസരിച്ച് അതിന് സ്നേഹത്തിൽ നിന്നുള്ള നന്മ ചെയ്യേണ്ടതാണ്, രാജ്യത്തിന്റെ പാലനം, അതിൽ ജീവിക്കുന്നവരുടെ പൗരസംബന്ധവും ആത്മീയവുമായ ജീവിതം തുടങ്ങിയവയാണ് മുഖ്യമായും അതിന്റെ ആവശ്യം. ഒരുവൻ തന്റെ രാജ്യത്തെ സ്നേഹിക്കുമ്പോൾ, അതിന് നല്ലതു വരണമെന്ന് ആഗ്രഹിക്കുമ്പോൾ, അതിന് നന്മ ചെയ്യുകയാണ്; അവൻ പരലോകത്ത് എത്തുമ്പോൾ കർത്താവിന്റെ രാജ്യത്തെ സ്നേഹിക്കുന്നു; എന്തെന്നാൽ അവിടെ കർത്താവിന്റെ രാജ്യമാണ് അവന്റെയും രാജ്യം; കർത്താവിന്റെ രാജ്യത്തെ സ്നേഹിക്കുന്നവർ കർത്താവിനേയും സ്നേഹിക്കുന്നു; കാരണം അവന്റെ രാജ്യത്ത് കർത്താവ് എല്ലാമെല്ലാമാകുന്നു.

94. സഭ നമ്മുടെ രാജ്യത്തേക്കാൾ അധികമായ അയൽക്കാരനാണ്, ഒരുവൻ അവന്റെ രാജ്യത്തിലായിരിക്കുന്ന ആളുകളുടെ നിത്യജീവനോടും ദേഹികളോടും സഭയോടും ആദരവുകൾ ഉണ്ട്. സ്നേഹത്തിൽ നിന്നും സഭയ്ക്കുവേണ്ടി അവൻ കരുതുന്നതാകയാൽ ഉയർന്ന അളവിൽ അയൽക്കരെ സ്നേഹിക്കുന്നു, മറ്റുള്ളവരിലേക്ക് നിത്യതവരേയും ജീവന്റെ സന്തോഷവും സ്വർഗ്ഗവും അവൻ ആഗ്രഹിക്കയും ഇച്ഛിക്കയും

ചെയ്യുന്നു.

95. കർത്താവിന്റെ രാജ്യം അൽപം കൂടി ഉയർന്ന തലത്തിലുള്ള അയൽക്കാരനാണ്, ഭൂമിമേലും സ്വർഗ്ഗത്തിലും നന്മയിലായിരിക്കുന്ന എല്ലവരേയും ഉൾകൊള്ളുന്നതാണ് കർത്തവിന്റെ രാജ്യം, സമ്മിശ്രമായ അതിന്റെ എല്ലാ മൂല്യങ്ങളോടും കൂടിയ നന്മയാണ് കർത്താവിന്റെ രാജ്യം, ഇതു സ്നേഹിക്കപ്പെടുമ്പോൾ നന്മയിലായിരിക്കുന്ന വ്യക്തികൾ സ്നേഹിക്കപ്പെടുന്നു.

96 അയൽക്കാരുടെ ഈ അവസ്ഥകളും സ്നേഹവും ഉയരുന്നത് അവയുടെ പരിമാണങ്ങൾക്കനുസരിച്ചാണ്. പക്ഷെ അനുസൃതമായ അവസ്ഥാ ക്രമത്തിലാണ് ഈ തലങ്ങൾ. അധമവും പിന്നിലായതിലേക്കു പ്രഥമവും ഉൽക്കൃഷ്ഠവുമായതു പ്രസ്താവിതമാകേണ്ടിയിരിക്കുന്നു. ഏറ്റവും ഉന്നതമായ പരിമാണത്തിൽ കർത്താവായിരിക്കുന്നതിനാൽ അതിലേക്ക് ചായ്‌വുണ്ടായിരിക്കുന്ന ലക്ഷ്യമായിട്ട് ഓരോ അവസ്ഥയിലും അവനെ ബഹുമാനിക്കേണ്ടിയിരിക്കുന്നു, അനന്തരം എല്ലാ വ്യക്തികളേക്കാളും എല്ലാ വസ്തുക്ക്ളേക്കാളും അവനെ സ്നേഹിക്കേണ്ടിയിരിക്കുന്നു. കർത്താവിനോടുള്ളതായ സ്നേഹത്തെ എങ്ങനേയാണ് അയൽക്കാരനോടുള്ള സ്നേഹത്തോട് സംയോജിക്കുന്നത് എന്നു ഇതിൽ നിന്നും വെളിപ്പെടുന്നതാണ്.

97. ഇത് സാധാരണ ഒരു പറച്ചിലാണ് ഏവനും അവന്റെ സ്വന്തം അയൽക്കാരനാണ്, അതായത് ഏതൊരുവനും അവനവനെ തന്നെ ആദ്യം പരിഗണിക്കണം. എന്നാൽ ഉദാരമനസ്കതയുടെ ഉപദേശം ഇതു എങ്ങനെ മനസിലാക്കേണ്ടിയിരിക്കുന്നു എന്നു പഠിപ്പിക്കുന്നു. ഭക്ഷണം, വസ്ത്രം, പാർപ്പിടം, സാമൂഹിയ ജീവിതത്തിന്റെ മറ്റിതര അനിവാര്യമായ ആവശ്യങ്ങൾ എന്നിവ അവനവനു വേണ്ടി തന്നെ ഏവനും കരുതണം. ഇത് അവനുവേണ്ടി മാത്രമല്ല പിന്നെയോ അവന്റെ സ്വന്തക്കാർക്കു വേണ്ടിയും, വർത്തമാന കാലത്തേക്കു വേണ്ടി മാത്രവുമല്ല

പിന്നെയോ ഭാവിക്കു വേണ്ടിയും കരുതേണ്ടീയിരിക്കുന്നു. ജീവിതത്തിന്റെ അനിവാര്യതകൾ അവനവനുവേണ്ടി തന്നെ ആർജ്ജിക്കാതിരുന്നാൽ ഉദാരമനസ്കതയുടെ സ്നേഹം അനുഷ്ടിക്കാൻ ഒരുവനാവുകയില്ല. പിന്നെയോ അവൻ എല്ലാ കാര്യങ്ങളു ടേയും ആവശ്യക്കാരനായിരിക്കും.

98. ഈ താരതമ്യത്തിൽ നിന്നും ഏവനും എങ്ങനെ അവനവന്റെ അയൽക്കാരനാകേണ്ടിയിരിക്കുന്നു എന്ന് വെളിപ്പെടുന്നതാണ്. ഏവരും അവനവന്റെ ശരീരത്തിൻ വേണ്ടി വസ്ത്രവും ഭക്ഷണവും കരുതേണ്ടതാവശ്യമാണ്. ഇതു പ്രഥമ ഉദ്ദേശ്യമായിരിക്കണം. എന്നാൽ അത് അന്ത്യം വരെ ചെയ്യേണ്ടതിന് സ്ഥിരബുദ്ധിയും ആരോഗ്യമുള്ള ശരീരവും അവനുണ്ടാവേണ്ടതാണ്. ഏവനും അവന്റെ മനസ്സിനുവേണ്ടി യുള്ള ഭക്ഷണം കരുതേണ്ടിയ താവശ്യമാണ്, പ്രത്യേകിച്ച് വിവേകത്തിന്റേയും ജ്ഞാനത്തിന്റേയും. അവന്റെ സഹ പൗരന്മാരെ സേവിക്കുന്നതിനായുള്ള അവസ്ഥ, മനുഷ്യ സമൂഹം, അവന്റെ രാജ്യം, സഭ ഈ വിധം കർത്താവിനേയും സ്നേഹിക്കുന്നതിൽ നിന്നാണ് ഇതു നേടാനുള്ള അന്ത്യ സ്ഥാനം. ഇതു ചെയ്യുന്നവൻ നിത്യതയോടും അവന്റെ സ്വന്തം നന്മയ്ക്കുവേണ്ടിയും കരുതുന്നു. ഇതിലേക്കു നോക്കുന്നതിനും പ്രവൃത്തിക്കുന്നതിന്റേയും കാരണത്തിന്മേലാണ് ലക്ഷ്യം മുഖ്യമായും ഇരിക്കുന്നത് എന്നതിൽ ഇത് തെളിവാകുന്നു. ഈ സംഗതി ഒരു മനുഷ്യൻ വീടു പണിയുന്നതു പോലെയാണ് ആദ്യം അവൻ അടിസ്ഥാനമിടുന്നു, അടിസ്ഥാനം വീടിനു വേണ്ടിയാണ്, പർപ്പിടത്തിനു വേണ്ടിയാണ് ഭവനം. പ്രഥമ സ്ഥാനത്ത് അവൻ അവന്റെ സ്വന്തം അയൽക്കാരനെന്ന് വിശ്വസിക്കുന്ന ഒരുവൻ ലക്ഷ്യമായി അടിസ്ഥനത്തെ വിലമതിക്കുന്നവനെ പോലെയാണ്, ഭവനത്തേയും വാസത്തേയുമല്ല. വാസമാണ് മുഖ്യവും അന്ത്യ ലക്ഷ്യവും എന്നിരിക്കെ ലക്ഷ്യത്തിലേക്കുള്ള മുഖാന്തരം മാത്രമാണ് അടിസ്ഥാനത്തോടു കൂടിയ ഭവനം

99. ഏവരും എങ്ങനേയാണ് അവന്റെ സ്വന്തം അയൽക്കാരനായിരിക്കുന്നതും അവനുവേണ്ടി തന്നെ കരുതുന്നതും ലക്ഷ്യം

വെളിപ്പെടുത്തുന്നതാണ്. മറ്റുള്ളവരേക്കാൾ ധനവാനായി വളരുന്നതിനുള്ള സമ്പത്തിനു വേണ്ടിയോ വിഷയാസക്തിക്കു വേണ്ടിയോ , ഔന്നിത്യത്തിനു വേണ്ടിയോ അതേ പോലുള്ളതായ മറ്റു കാര്യങ്ങൾക്കുവേണ്ടിയോ ഉള്ള ലക്ഷ്യമാണെങ്കിൽ അതു ഒരു ദുഷ്ട ലക്ഷ്യമാണ്. അയാൾ അയൽക്കാരനെ സ്നേഹിക്കുന്നില്ല മറിച്ച് അവനെ തന്നേയാണ്. എന്നാൽ സഹപൗരന്മാർക്കൊ, മനുഷ്യ സമൂഹത്തിനോ, അവന്റെ രാജ്യത്തിനോവേണ്ടി അതേ മാതിരിയുള്ള ലക്ഷ്യത്തിനുവേണ്ടി അവനെ തന്നെ കാര്യ നിർവഹണം കരസ്ഥമാക്കുകയോ അതിനായി അവൻ സ്വയം സമ്പത്ത് ആർജ്ജിക്കുകയോ ആണെങ്കിൽ അവൻ തന്റെ അയൽക്കരനെ സ്നേഹിക്കുന്നു. അവൻ പ്രാവർത്തികമാക്കുന്ന ലക്ഷ്യത്തിനായി എല്ലത്തിനേക്കാളും ഉപരി പ്രഥമവും ആത്യന്തീകവുമായി ഏവർക്കുമുള്ളതായ അവന്റെ സ്നേഹമാണ് അതിനുള്ള ആളാക്കിതീർക്കുന്നത്. ഇത്രയും വരെ നമ്മൾ അ യൽക്കാരനെ കുറിച്ചാണ് സംസാരിച്ചത്: ഇനി നമുക്ക് അവനോ ടുള്ള സ്നേഹത്തെ കുറിച്ച്, അതായത്, ഉദാരമനസ്കതയെ കു റിച്ച് സംസാരിക്കാം.

100. ദരിദ്രരേയും അഗതികളേയും സഹായിക്കുന്നതും എല്ലാവർക്കും നന്മ ചെയ്യുന്നതിലും അടങ്ങിയതാണ് അയൽക്കാ രോടുള്ളതായ സ്നേഹം എന്നാണ് അനേകരും വിശ്വസിക്കുന്നത്. എന്നാൽ നന്മയായി പരിണമിക്കുന്ന ലക്ഷ്യത്തിനു വേണ്ടി വീണ്ടുവിചാരത്തോടെ പ്രവർത്തിക്കുന്ന തിലടങ്ങിയിരിക്കുന്ന താണ് ഉദാരചിത്തത. ഒരു ദുഷ്കർമിയായ ദരിദ്രനേയോ അഗതിയേയോ മുഖാന്തരങ്ങൾ കൊണ്ടു സഹയിക്കുമ്പോൾ അവനിലൂടെ അയൽക്കരനോട് തിന്മചെയ്യുന്നു. അവൻ നിർവഹിക്കുന്ന സഹായങ്ങളിലൂടെ അവന്റെ തിന്മയിൽ അവനെ ദൃഢീകരിക്കുന്നു. അവനു ചെയ്യുന്ന മുഖാന്തരങ്ങൾ മറ്റുള്ളവരോട് തിന്മ ചെയ്യിപ്പിക്കുന്നു. നന്മയ്ക്കു വേണ്ടി കൈത്താങ്ങ് കൊടുക്കുന്ന ഒരുവനോടൊപ്പമുള്ള കാര്യം മറിച്ച് മറ്റൊന്നാണ്.

101. എല്ലാ കാര്യനിർവഹണ തലങ്ങളിലും നമ്മുടെ ചുമതലകളും പ്രവൃത്തികളും ശരിയായി ചെയ്യുന്നതിൽ അടങ്ങിയിരിക്കുന്നു

സാർവ്വത്രീക സേ്നഹം. ദരിദ്രരോടും അഗതികളോടും ഉള്ളതിനേക്കാൾ അധികം ദൂരത്തേക്ക് വ്യപിക്കുന്നതാണ് സാർവ്വത്രീക സേ്നഹം. നീതിക്കുവേണ്ടി ന്യായാധിപൻ നിയമം നിർവഹിക്കുന്നതും നിഷ്കളങ്കരോട് പൊറുക്കുകകയും, കുറ്റവാളികളെ ശിക്ഷിക്കു കയും ചെയ്യുമെങ്കിൽ അദ്ദേഹം ഉദാരമനസ്കത അനുഷ്ഠിക്കുന്നു. അങ്ങനെ അവന്റെ രാജ്യത്തിന്റേയും സഹപൗരന്മാരുടേയും ക്ഷേമത്തെ പര്യാലോചിക്കുന്നു. സത്യത്തെ പഠിപ്പിക്കകയും നന്മയിലേക്കു നയിക്കയും ചെയ്യുന്ന പുരോഹിതൻ നന്മയ്ക്കും സത്യത്തിനും വേണ്ടി ഉദാരമനസ്കതയെ അനുഷ്ഠിക്കുന്നു. സ്വാർത്ഥതയ്ക്കും ലോകത്തിനും വേണ്ടി അത്തരം കാര്യങ്ങൾ ചെയ്യുന്ന ഒരുവൻ ഉദാരമനസ്കതയെ അനുഷ്ഠിക്കുന്നില്ല, മറിച്ച് അയൽക്കരനെ സ്നേഹിക്കാത്തതിനാൽ തന്നെ തന്നേയാണ് സ്നേഹിക്കുന്നത്.

102. പൊതു സ്ഥാപനത്തിൽ ഭരണനിർവഹണം നടത്തുന്നവരാകട്ടെ, അല്ലാത്തവരാകട്ടെ; കുട്ടികൾ മാതാപിതാക്കളോടും മാതാപിതാക്കൾ കുട്ടികളോടുമെന്നതിലാകട്ടെ; സേവകർ യജമാനന്മാരോടും യജമാനന്മാർ സേവകരോടുമെന്നതിലാകട്ടെ; പ്രജകൾ രാജാവിനോടും രാജാവ് പ്രജകളോടുമെന്നതിലാകട്ടെ മറ്റ് സംഭവങ്ങളിലെല്ലാം മേൽപറയുന്ന കാര്യം ബാധകമാകുന്നു. അവരിൽ ചുമതലകൾക്കായി ചുമതലകൾ നിർവഹിക്കുകയും നന്മ ബോധത്തോടെ നന്മചെയ്യുകയും ചെയ്യുന്നത് ആരാണെങ്കിലും അവർ സാർവ്വത്രീക സേ്നഹത്തെ അനുഷ്ഠിക്കുന്നു.

103. നാം മുകളിൽ പറഞ്ഞിട്ടുള്ളതുപോലെ എല്ലാ ആളുകളും അയൽക്കാരായിരിക്കുന്നതു കൊണ്ട് ഇത്തരം കാര്യങ്ങൾ സാർവ്വത്രീക സേ്നഹത്തോടും അയൽക്കാരനൊടുമുള്ള സ്നേഹത്തിനുള്ളതാണ് എന്നാൽ വിത്യസ്ത രീതിയിൽ ആണെന്നു മാത്രം. ചെറുതും വലുതുമായ സമൂഹം അതിലേറെ അയൽക്കാരനും, നമ്മുടെ രാജ്യം അതിലുമേറെ അയൽക്കാരനും, കർത്താവിന്റെ രാജ്യം അതിലുമേറെ അയൽക്കരനും കർത്താവു അതിലുമൊക്കെ ഉപരിയായി. കർത്തവിൽ നിന്നും പ്രവഹിക്കുന്ന നന്മ സാർവത്രീക അർത്ഥത്തിൽ അയൽക്കാരനെന്നാണ്.

അതിൻഫലമായി വിശ്വസ്തതയും നീതിയും. ആകയാൽ നന്മയ്ക്കുവേണ്ടി നന്മ ചെയ്യുന്നതും വിശ്വസ്തതയ്ക്കും നീതിക്കും വേണ്ടി ന്യായത്തോടെയും വിശ്വസ്ത്തയോടേയും പ്രവൃത്തിക്കുന്ന ഏവനും അയൽക്കാരനെ സ്നേഹിക്കയും ഉദാര മനസ്കതയും അനുഷ്ഠിക്കുന്നു. നന്മയും വിശ്വസ്തതയും ന്യായവുമായിരിക്കുന്നതിന്റെ സ്നേഹത്തിൽ നിന്നും അവൻ പ്രവൃത്തിക്കുന്നതിനാൽ അതിനു കാരണമാവുന്നത് നന്മയും വിശ്വസ്തതയും നീതിയും ഉള്ളവരുടെ സ്നേഹത്തിൽ നിന്നാണ്

104. ആയതുകൊണ്ട് നന്മ ചെയ്യുന്നതിലേക്ക് മനുഷ്യൻ ഇച്ഛിക്കുന്ന ആന്തരിക മമതയാണ് ഉദാരമനസ്കത, ഇതു പ്രതിഫലേച്ഛ ആഗ്രഹിക്കാതേയും അവന്റെ ജീവിതത്തിന്റെ സന്തോഷവും ഇതു ചെയ്യുന്നതിലും അടങ്ങിയിരിക്കുന്നു. ആന്തരിക മമതയിൽ നിന്നും നന്മ ചെയ്യുന്നവരോടൊപ്പം അവർ ഇഛരിക്കയും ചെയ്യുകയും സംസാരിക്കയും ചിന്തിക്കയും ചെയ്യുന്ന ഓരോ സംഗതികളോടൊപ്പം ഉദാരമനസ്കതയും ഉണ്ട്. അവന്റെ അയൽക്കാരൻ നന്മയാകുമ്പോൾ അവന്റെ ആന്തരീകത കളായിട്ടുള്ളത് ഉദാരമനസ്കതയാണ് ഇതിനാൽ അവനെ മനുഷ്യനെന്നോ ദൂതനെന്നോ ഒരുവേള വിളിക്കാം. അതുകൊണ്ട് ഉദാരമനസ്കതയുടെ അവസരങ്ങൾ വിശാലമാണ്.

105. സ്വാർത്ഥ സ്നേഹത്തിന്റേയും ലോകത്തിന്റേയും ലക്ഷ്യം ഉള്ളവർക്ക് ഉദാരമനസ്കതയിൽ ആയിരിക്കുന്നതിൽ ബുദ്ധിമുട്ടായിരിക്കും. ഉദാരമനസ്കത എന്താണെന്നു പോലും അവർക്കറിയില്ല, പ്രതിഫലേഛ ഇല്ലാതെ അയൽക്കാരനു നന്മ ഇഛരിക്കയും ചെയ്യുന്നതും ഒരു മനുഷ്യനിലെ സ്വർഗ്ഗമാണെന്നും, സ്വർഗ്ഗത്തിലെ ദൂതന്മാർക്കുള്ളത്രയുമായ ഈ മഹത്തായ സന്തോഷം ഈ പ്രതിപത്തിയിൽ വസിക്കുന്നുവെന്നും അവർക്കുൾക്കൊള്ളാൻ പറ്റുകയില്ല. സമ്പത്തിന്റേയും ബഹുമതിയുടേയും സ്ഥാനമാനങ്ങളിൽ നിന്നും ഉണ്ടാകുന്ന മഹത്വത്തിൽ നിന്നും ഉയരുന്ന സന്തോഷം ഇല്ലാതാക്കിയാൽ തുടർന്നുള്ള സന്തോഷം അവശേഷിക്കയില്ലയോ, മറ്റുള്ള എല്ല സന്തോഷങ്ങളേയും കവിയുന്ന സ്വർഗ്ഗീയ സന്തോഷം

അപ്പോൾമാത്രമെ ആരംഭിക്കയുള്ളുവോ എന്നവർ കരുതുന്നു.

**വിശ്വാസം**

108. സാർവ്വത്രീക സ്നേഹം എന്തെന്ന് ഒരുവൻ അറിയുന്നില്ലെങ്കിൽ അവന് വിശ്വാസത്തെ അതിന്റെ സത്തയിൽ അറിയാനാവില്ല; എന്തെന്നാൽ സാർവ്വത്രീക സ്നേഹമില്ലാത്തിടത്ത് വിശ്വാസമില്ല, കാരണം നന്മയും സത്യവും ഒന്നായി ചേരുന്നതുപോലെ കാരുണ്യവും വിശ്വാസവും ഒന്നായിത്തീരുന്നു. എന്തെന്നാൽ ഒരുവൻ സ്നേഹിക്കുന്നത്, അതായത്, അവൻ പ്രിയപ്പെട്ടതായി ചേർത്തുവയ്ക്കുന്നത്, അവന്റെ കണ്ണിൽ നന്മയാണ്; അവൻ വിശ്വസിക്കുന്നതെന്തോ അത് അവന്റെ കണ്ണിൽ സത്യമാണ്. ഇതിൽ നിന്നെല്ലാം നന്മയുടേയും സത്യത്തിന്റേയും പോലെ തന്നെ കാരുണ്യവും വിശ്വാസവും തമ്മിൽ സമാനമായ ഒരു സംയോഗം നടക്കുന്നുണ്ട്; ഈ സംയോഗത്തിന്റെ സ്വഭാവം മുമ്പ് നന്മയേയും സത്യത്തേയും സംബന്ധിച്ചു പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നതായിരിക്കും.

109. സാർവ്വത്രീക സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും സംയോഗം മനുഷ്യനിലെ ഇച്ഛയുടേയും അവബോധത്തിന്റെയും സംയോഗത്തിനും സമാനമായിരിക്കും; എന്തുകൊണ്ടെന്നാൽ ഈ രണ്ട് സിദ്ധികൾക്കാണ് നന്മയും സത്യവും ലഭിക്കുന്നത്; ഇച്ഛ നന്മയേയും അവബോധം സത്യത്തേയും സ്വീകരിക്കുന്നു: അതിനാൽ ഈ രണ്ട് സിദ്ധികൾക്കും കാരുണ്യവും വിശ്വാസവും ലഭിക്കുന്നു; കാരണം, നന്മ കാരുണ്യത്തിന്റേതും സത്യം വിശ്വാസത്തിന്റേതുമാകുന്നു. കാരുണ്യവും വിശ്വാസവും മനുഷ്യനോടൊപ്പമുണ്ടെന്നും അത് അവനിലാണെന്നും എല്ലാവർക്കും അറിയാവുന്നതാണ്: കാരണം അവ അവനോടൊപ്പവും അവനിലുമാണ്, അതുകൊണ്ടുതന്നെ അവ അവന്റെ ഇച്ഛയിലും അവബോധത്തിലുമല്ലാതെ മറ്റെങ്ങുമല്ല; എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യന്റെ ജീവിതം മുഴുവൻ ഈ രണ്ടു സിദ്ധികളിലാണുള്ളത്, അവയിൽ നിന്നുമാണുള്ളത്. മനുഷ്യന് ഒരു ഓർമ്മശക്തിയുമുണ്ട്; അവബോധത്തിലേക്കും ഇച്ഛയിലേക്കും പ്രവേശിക്കാൻ ഒരുങ്ങുന്ന വസ്തുക്കളെ ശേഖരിക്കു

ന്ന വെറുമൊരു ബാഹ്യ തലം മാത്രമാണിത്. ഇതിൽ നിന്നും മന സ്സിലാവുന്നത്, സാർവ്വത്രീക സ്നേഹത്തിന്റെയും വിശ്വാസത്തി ന്റെയും സംയോഗം ഇച്ഛയുടേയും അവബോധത്തിന്റേയും സം യോഗത്തിന് സമാനം തന്നെയാണ് എന്നാണ്; ഈ സംയോഗത്തി ന്റെ സ്വഭാവം സത്യത്തേയും അവബോധത്തേയും സംബന്ധിച്ച് മുമ്പ് പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നതായിരിക്കും.

110. ഒരുവൻ അറിയുന്നതിനേയും ദർശിക്കുന്നതിനേയും അവൻ ഇച്ഛിക്കുമ്പോൾ മനുഷ്യന്റെ വിശ്വാസവുമായി സാർവ്വത്രീക സ്നേഹം സംയോജിക്കുന്നു: ഇച്ഛ കാരുണ്യത്തിന്റേതും അറിവും ദർശനവും വിശ്വാസത്തിന്റേതുമാകുന്നു. ഒരു മനുഷ്യൻ അവന റിയുന്നതിനേയും ദർശിക്കുന്നതിനേയും ഇച്ഛിക്കുമ്പോഴും സ്നേ ഹിക്കുമ്പോഴും വിശ്വാസം മനുഷ്യനിലേക്കു കടക്കുന്നു. പക്ഷേ ആ സമയത്തും അത് മനുഷ്യനു പുറത്തായിരിക്കും.

111. വിശ്വാസം ആത്മീയമാകുന്നതുവരെ ഒരു മനുഷ്യന്റെ വിശ്വാസം വിശ്വസമാകുന്നില്ല. അവന്റെ സ്നേഹത്തിനധീനമാകാത്ത പക്ഷം അതു ആത്മീയവുമാകുന്നില്ല. അതു അവന്റെ സ്നേഹത്തി നധീനമാകുന്നത് അവൻ സത്യത്തിനും നന്മയ്ക്കും വേണ്ടി ജീവിക്കുവാൻ ഇഷ്ട്ടപ്പെടുമ്പോഴാണ് അതായത് വചനത്തിൽ കൽപ്പിക്കപ്പെട്ടിരിക്കുന്ന ആ കാര്യങ്ങൾക്കനുസരിച്ച് ജീവിക്കുവാൻ ഇഷ്ടപ്പെടുമ്പോഴാണ്.

112. സത്യത്തിനുവേണ്ടിയല്ലാതെ സ്വന്തം മഹിമയ്ക്കും, കീർത്തിക്കും, നേട്ടത്തിനും വേണ്ടിയായിരിക്കുന്ന സത്യത്തെ കാംക്ഷിക്കുന്ന ജഢീകതയിൽ നിന്നും വേർപെട്ടിരിക്കുന്നതായ സത്യം മനുഷ്യന്റെ തന്നെ ആത്മീയതയെ രൂപീകരിക്കു ന്നതുകൊണ്ട് ആ സത്യത്തെ കാംക്ഷിക്കുന്ന മമതയാണ് വിശ്വാസം. ദൈവീകമായിരിക്കുന്ന അത്തരത്തിലുള്ള ആത്മീയകാര്യങ്ങളിൽ നിന്നും അസത്യം പിൻവലിയുന്നു. സ്നേഹം ആത്മീയ സംയോഗമായിരിക്കകൊണ്ട് ദൈവീകതയിൽ നിന്നും നിർഗ്ഗമിക്കുന്നതായ സത്യം ആത്മീയമായിരിക്കുന്നു, ഇതു സ്നേഹത്താൽ മനുഷ്യനുമായി സംയോജിക്കപ്പെട്ടിരിക്കുന്നു.

113. ഒരുവൻ പലതും അറിയുകയും ചിന്തിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നുണ്ടാവാം; എന്നാൽ അവൻ തനിച്ച് ചിന്തമഗ്നനാകുമ്പോൾ തന്റെ സ്നേഹവുമായി ഒത്തുപോകാത്തവയെ അവൻ അവനിൽ നിന്നുതന്നെ പുറം തള്ളുന്നു. അതുപോലെ തന്നെ ശരീരത്തിലെ ജീവിതത്തിനു ശേഷം ആത്മാവിലേക്ക് കടക്കുമ്പോഴും അവൻ ഈ കാര്യങ്ങളെ ഉപേക്ഷിക്കുന്നു: എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ സ്നേഹത്തിലേക്ക് കടന്നുകൂടിയവ മാത്രമേ ആത്മാവിനൊപ്പം തുടരുന്നുള്ളൂ; ബാക്കിയുള്ളവയെ എല്ലാം മരണാനന്തരം അന്യമായിട്ടാണ് കാണുന്നത്. അവ മനുഷ്യന്റെ സ്നേഹത്തിന്റേതല്ലാത്തതിനാൽ ഭവനത്തിനു പുറത്തേക്ക് തള്ളപ്പെടുന്നു. 'ആത്മാവിൽ' എന്നു പറയാൻ കാരണം മരണാനന്തരം മനുഷ്യൻ ആത്മാവായിട്ടാണ് ജീവിക്കുന്നത്.

114. സാർകവത്രീക സ്നേഹത്തിന്റെ നന്മയേയും വിശ്വാസത്തിന്റെ സത്യത്തേയും സംബന്ധിച്ച് പ്രതിപാദിക്കുവാൻ സൂര്യനിൽ നിന്നുള്ള വെളിച്ചത്തേയും താപത്തേയും ആശയമായി എടുക്കാവുന്നതാണ്. വസന്ത കാലത്തും ഗ്രീഷ്മകാലത്തും സൂര്യനിൽ നിന്നു പുറപ്പെടുന്ന വെളിച്ചം താപവുമായി സംയോജിക്കുമ്പോൾ ഭൗമോപരിതലത്തിലുള്ളതെല്ലാം മുളയ്ക്കുകയും പൂക്കുകയും ചെയ്യുന്നു; എന്നാൽ ശിശിരകാലത്ത് വെളിച്ചത്തിനൊപ്പം ചൂടില്ലാതിരിക്കുമ്പോൾ ഭൗമ മുഖത്തെ വസ്തുക്കളെല്ലാം നിശ്ചേതനമാകുകയും മരിക്കുകയും ചെയ്യുന്നു. ആത്മീയ വെളിച്ചമെന്നത് വിശ്വാസത്തിന്റെ സത്യവും ആത്മീയ താപം സ്നേഹവുമാകുന്നു. ഒരു സഭാ വിശ്വാസിയുടെ മേന്മയെ സംബന്ധിച്ച് ഇതിൽ നിന്നും രൂപം കൊള്ളുന്ന ആശയ പ്രകാരം, അവനോടൊപ്പമുള്ള വിശ്വാസം സാർവ ത്രീക സ്നേഹവുമായി സംയോജിക്കുമ്പോൾ അവനൊരു പൂങ്കാവനവും പറുദീസയും പോലെയായിരിക്കുകയും, എന്നാൽ അവന്റെ വിശ്വാസം സർവത്രീക സ്നേഹവുമായി സംയോജിക്കാത്തപ്പോൾ, അവനൊരു മരുഭൂമിയും മഞ്ഞുമൂടിയ പ്രതലവും പോലെയായിരിക്കുകയും ചെയ്യുന്നു.

115. ആത്മവിശ്വാസവും, പ്രത്യാശയും വിശ്വാസത്തിന്റേതെന്നു പറയപ്പെട്ടിരിക്കയും രക്ഷിക്കുന്ന വിശ്വാസമെന്നു തന്നെ

വിളിക്കപ്പെട്ടിരിക്കുന്നതുമായ വിശ്വാസം കേവല വിശ്വാസത്തിൽ നിന്നു മാത്രമാവുമ്പോൾ ആത്മീയ ആത്മവിശ്വാസവും പ്രത്യാശയുമല്ല മറിച്ച് ജഢീകതയാണ്. ആത്മീയ ആത്മ വിശ്വാസമോ അല്ലെങ്കിൽ പ്രത്യാശയോ അതിന്റെ തന്നെ സത്തയും ജീവനും സ്നേഹത്തിന്റെ നന്മയിൽ നിന്നാണ് മറിച്ച് വിശ്വാസത്തിന്റെ സത്യത്തിൽ നിന്നു വേർപെടുത്തിയിട്ടല്ല. തിന്മ ജീവിതം നയിക്കുന്നവരോടൊപ്പം നേരായ ആത്മ വിശ്വാസം കൊടുക്കപ്പെടാൻ കഴിയാത്തതു കൊണ്ട് വിശ്വാസം വേർപ്പെടുത്തിയ ആത്മവിശ്വാസം നിർജ്ജീവമാണ്. ഒരു മനുഷ്യനോടു കൂടെ എന്തു തന്നെ ഉണ്ടായിരുന്നാലും പിതാവി നോടു കൂടെയിരിക്കുന്ന കർത്താവിന്റെ യോഗ്യത കൊണ്ടാണ് രക്ഷ എന്ന ആത്മവിശ്വാസവും സത്യത്തിൽ നിന്നുമുള്ളതല്ല. കർത്താവിനാൽ രക്ഷിക്കപ്പെടുന്നുവെന്നും അവന്റെ സിദ്ധാന്തങ്ങളിൽ വിശ്വസിക്കയും അതനുസരിച്ചു ജീവിക്കയും ചെയ്യുന്നവർക്കായി നിത്യജീവൻ കൊടുക്കേണ്ടതിനായി കർത്താവു ഈ ലോകത്തിലേക്ക് വന്നു എന്നു വിശ്വസിക്കുന്നവരെ വീണ്ടും ജനിപ്പിക്കയും അവരെ സ്വർഗത്തിനു യോഗ്യരാക്കി തീർക്കയും മനുഷ്യ സഹായമൊന്നും കൂടാതെ അവന്റെ കരുണയിൽ നിന്നും മാത്രം ഇതു ചെയ്യുന്നുവെന്നുമാണ് ആത്മീയ വിശ്വാസത്തിലായിരിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ട ആത്മ വിശ്വാസം.

116. വചനവും സഭയുടെ ഉപദേശവും  പഠിപ്പിന്നതുമായ അത്തരം കാര്യങ്ങൾ വിശ്വസിക്കുന്നതിനോ അതനുസരിച്ച് ജീവിക്കുകയോ ചെയ്യാതെ ചിലർ വിശ്വാസമായിട്ട് കാണപ്പെടുന്നതിനാൽ രക്ഷിക്കപ്പെടുമെന്നു അവർ ആണയിടുന്നു മറിച്ച് അത് അനുനയിപ്പിക്കുന്ന വിശ്വാസമായതു കൊണ്ട് അതിനാൽ മാത്രം ആരും രക്ഷിക്കപ്പെടുന്നില്ല.

117. നന്മയായ ജീവനും സത്യത്തിനും വേണ്ടിയല്ലാതെ വചനവും സഭാ സിദ്ധാന്തങ്ങളെ വിശ്വസിക്കുന്നതും സ്നേഹിക്കുന്നതും അനുനയപരമായ വിശ്വാസമാണ്, എന്നാൽ ആദായത്തിനും ബഹുമതിക്കും വിജ്ഞാന യശസ്സിനും വേണ്ടിയുള്ള

ലക്ഷ്യമുള്ളവർ കർത്താവിനോടും സ്വർഗ്ഗത്തിലേക്കുമല്ല നോക്കുന്നത്, മറിച്ച് തന്നിൽ തന്നേയും ലോകത്തോടുമാണ്.ലോകത്തിലെ മഹത്തായ വസ്തുക്കളെ ആഗ്രഹിക്കുകയും പല വസ്തുക്കളെ മോഹിക്കുകയും ചെയ്യുന്നവർ കടുത്ത പ്രേരണയിലാണുള്ളത്, ലോകത്തിലെ മഹത്തായ വസ്തുക്കളെ ആഗ്രഹിക്കാത്തതും പല വസ്തുക്കളെ മോഹിക്കാത്തതുമായ ആളുകളെക്കാൾ ഇവരുടെ കാര്യത്തിൽ സഭാ സിദ്ധാന്തത്തിന്റെ ശാസനകൾ ശരിയാവുന്നു. കാരണമെന്തെന്നാൽ ആദ്യം പറയുന്നവരുടെ കാര്യത്തിൽ സഭാ സിദ്ധാന്തമെന്നത് തങ്ങളുടെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള വെറുമൊരു മാർഗം മാത്രമാണ്. ലക്ഷ്യങ്ങൾ ദുരാശ നിറഞ്ഞതായിരിക്കുന്നിടത്തോളം മാർഗങ്ങളും സ്നേഹിക്കപ്പെടുന്നു, അവർ അങ്ങനെ വിശ്വസിക്കുകയും ചെയ്യുന്നു. ഈ ആളുകൾ സ്വയ സ്നേഹത്തിന്റെയും ലോക സ്നേഹത്തിന്റെയും ജ്വാലയിലായിരിക്കുന്നിടത്തോളം, ഇവർ സംസാരിക്കുകയും ഉദ്ബോധിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന എരിവിലായിരിക്കുന്നിടത്തോളം ഇവർ മേൽപറയുന്ന പ്രേരണാതത്വത്തിലുമായിരിക്കും. അങ്ങനെയല്ലാത്ത കാര്യങ്ങളെ കുറിച്ച് അവർക്ക് അറിവുണ്ടായരിക്കുകയുമില്ല; എന്നാൽ അവർ അത്തരം സ്നേഹത്തിന്റെ എരിവിൽ അല്ലായിരിക്കുന്നിടത്തോളം, അവർ അൽപം മാത്രമാണ് വിശ്വസിക്കുന്നത്, ചിലരാകട്ടെ വിശ്വസിക്കുന്നതേയില്ല. ഇതിൽ നിന്നും വ്യക്തമാവുന്നത്, പ്രേരണയാലുള്ള വിശ്വാസം എന്നത് അധരം കൊണ്ടുള്ള വിശ്വാസം മാത്രമാണ് എന്നാണ്, ഹൃദയപൂർവമായിരിക്കില്ല, അതിനാൽ അത് അതിൽ തന്നെവിശ്വാസമല്ല.

118. സത്യത്തിനുവേണ്ടിയുള്ള സത്യത്തിന്റെ മമതയിൽ അവരായിരിക്കാത്തതുകൊണ്ട് സധാരണ ജ്സ്നങ്ങൾ അവരെ വിശ്വസിപ്പിക്കപ്പെടുന്നതൊഴിച്ചാൽ അവർ പഠിപ്പിക്കുന്നത് സത്യമോ വ്യാജമോ എന്നുപോലും ശ്രദ്ധിക്കാത്തവർ ഏതെങ്കിൽ തരത്തിലുള്ള ആന്തരീക പ്രബോധോദയത്തിൽ നിന്നും മേൽ പറഞ്ഞ പ്രേരക വിശ്വാസത്തിലാണുള്ളതെന്നു അവർക്കറിഞ്ഞുകൂട.അതുകൊണ്ട് അവർ ആദരണീയ സ്ഥാനങ്ങളിൽ നിന്നും

നേട്ടങ്ങളിൽ നിന്നും ഒഴിവാക്കപ്പെടുമ്പോൾ, അവരുടെ കീർത്തിക്ക് കോട്ടം തട്ടുന്നില്ലെങ്കിൽ, അവർ വിശ്വാസത്തിൽ നിന്ന് പിന്നാക്കം പോകുന്നു.

എന്തുകൊണ്ടെന്നാൽ പ്രേരണയാലുള്ള വിശ്വാസം മനുഷ്യനിൽ അന്ത:സ്ഥിതമല്ല, മറിച്ച് ബാഹ്യമായി ഓർമ്മയിൽ മാത്രമാണുള്ളത്, അവിടെ നിന്നാണ് അതിനെ അധ്യാപനത്തിലേക്ക് കൊണ്ടുവരുന്നത്. അതുകൊണ്ടുതന്നെ മരണാനന്തരം ഈ വിശ്വാസം അതിന്റെ സത്യങ്ങളോടൊപ്പം മറഞ്ഞുപോകുന്നു; എന്തെന്നാൽ അപ്പോൾ മാത്രമാണ്, മനുഷ്യരിൽ ആന്തരികമായി ഉണ്ടായിരുന്ന, അതയാത് നന്മയിൽ വേരിറങ്ങിയിരുന്ന വിശ്വാസം അവന്റെ ജീവന്റെ ഭാഗമാകുന്നു.

119. പ്രേരണയാലുള്ള വിശ്വാസത്തിൽ കഴിയുന്നവരെ അർത്ഥമാക്കിയിരിക്കുന്നത് മത്തായിയുടെ സുവിശേഷത്തിൽ (7: 22, 23) വിവരിക്കുന്നുണ്ട്, ‘അന്ന് പലരും എന്നോട്: കർത്താവെ, കർത്താവെ, ഞങ്ങൾ അങ്ങയുടെ നാമത്തിൽ പ്രവചിക്കുകയും അങ്ങയുടെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും ചെയ്തില്ലേ? എന്നു പറയും. അപ്പോൾ ഞാൻ അവരോട്, ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിട്ടില്ല, അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ’ എന്നു തീർത്തു പറയും.‘ ലൂക്കോസ് (13:26-27) പറയുന്നു, ‘അപ്പോൾ നിങ്ങൾ: ’ഞങ്ങൾ അങ്ങയുടെ കൂടെ തിന്നുകയും കുടിക്കുകയും ഞങ്ങളുടെ തെരുവുകളിൽ ഉപദേശിക്കുകയും ചെയ്തിട്ടുണ്ടല്ലോ’ എന്നു പറയും. എന്നാൽ അവൻ: ’ഞാൻ നിങ്ങളെ അറിയുന്നില്ല, നിങ്ങൾ എവിടെ നിന്നെന്നും അറിയുന്നില്ല. അധർമ്മം പ്രവർത്തിക്കുന്നവരേ നിങ്ങൾ ഏവരും എന്നെ വിട്ടുപോകുവിൻ’ എന്ന് ഉത്തരം പറയും. മത്തായിയുടെ സുവിശേഷത്തിൽ (25:11,12) വിവരിക്കുന്ന വിളക്കിൽ എണ്ണയില്ലാത്ത ബുദ്ധിയില്ലാത്തഅഞ്ച് കന്യകമാരിലൂടെ ഇത്തരം ആളുകളെയാണ് അർത്ഥമാക്കുന്നത്, ‘പിന്നീട് മറ്റവരും വന്നു, ’യജമാനനേ! യജമാനനേ! ഞങ്ങൾക്കു വാതിൽ തുറന്നു തരണേ അവർ അപേക്ഷിച്ചു. എന്നാൽ അദ്ദേഹം: ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായി പറയുന്നു’ എന്നുത്തരം നൽകി. വിളക്കിലെ എണ്ണ

വിശ്വാസത്തിൽ സ്നേഹത്തിന്റെ നന്മയെ കുറിക്കുന്നതാണ്

**ദൈവഭക്തി**

123. ലോകത്തെ പരിത്യജിക്കുന്നതും ബാഹ്യ വിശുദ്ധിയിലും ദൈവഭക്തിയിലും ഉൾപ്പെടുന്നതാണ് സ്വർഗ്ഗത്തിലേക്കു നയിക്കുന്ന ജീവിതമോ അല്ലെങ്കിൽ ആത്മീയ ജീവിതമെന്നൊക്കെ അനേകരും വിശ്വസിക്കുന്നത്. എന്നാൽ സാർവത്രീക സ്നേഹമില്ലാത്ത ദൈവഭക്തി ആന്തരിക വിശുദ്ധിയില്ലാത്ത ബാഹ്യ വിശുദ്ധി ഇഹലോക ജീവിതമില്ലാതെ ലോകത്തിന്റെ പരിത്യാഗം ആത്മീയ ജീവിതത്തെ രൂപപ്പെടുത്തുന്നില്ല; മറിച്ച് സാർവത്രീക സ്നേഹത്തിൽ നിന്നൊഴുകുന്ന ദൈവഭക്തിയിലും; ആന്തരിക വിശുദ്ധിയിൽ നിന്നൊഴുകുന്ന ബാഹ്യ വിശുദ്ധിയിലും; ഇഹലോക ജീവിതത്തോടൊപ്പമുള്ള ലോക പരിത്യാഗത്തിലുമാണ് ആത്മീയ ജീവിതം രൂപപ്പെടുന്നത്.

124. ദൈവഭക്തി ഉൾക്കൊള്ളുന്നത് ഭക്തിയോടെ ചിന്തിക്കുന്നതിലും സംസാരിക്കുന്നതിലുമാണ്; അവധാനതയോടെയുള്ള പ്രാർത്ഥനയിലാണ്, വിനയത്തോടെയുള്ള പെരുമാറ്റത്തിലാണ്; സഭയിൽ സന്നിഹിതമാകുകയും അവിടുത്തെ പ്രഭാഷണങ്ങൾ ഭക്തിയോടെ ശ്രവിക്കുകയും ചെയ്യുന്നതിലാണ്; തിരുവത്താഴ വർഷത്തിന്റെ കാലത്ത് തുടർച്ചയായി പങ്കെടുക്കുന്നതിലാണ്; സഭയുടെ നിയമങ്ങൾക്ക് അനുസരിച്ച് ദിവ്യ ആരാധനയുടെ മറ്റ് പ്രവൃത്തികളെ പോലെ അനുഷ്ഠാനങ്ങൾ നടത്തുന്നതിലാണ്. എന്നാൽ സാർവത്രീക സ്നേഹത്തിന്റെ നന്മയുടെ ജീവിതം ഉൾക്കൊള്ളുന്നത് അയൽക്കാരന്റെ നന്മ ഇച്ഛിക്കുകയും അയൽക്കാരന് നന്മ ചെയ്യുകയും ചെയ്യുമ്പോഴാണ്; എല്ലാ പ്രവൃത്തികളിലും എല്ലാ സ്ഥാപനങ്ങളിലും ധാർമികവും നീതിപൂർവവുമായ, നന്മയും സത്യവുമായ തത്വങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുന്നതിലാണ്; ഒരർത്ഥത്തിൽ സാർവത്രീക സ്നേഹത്തിന്റെ ജീവിതം ഉൾക്കൊള്ളുന്നത് ഉപയുക്തതകളുടെ അനുഷ്ഠാനത്തിലാണ്. ദിവ്യ ആരാധന പ്രാഥമികമായി സാർവത്രീക സ്നേഹത്തിന്റെ ജീവിതത്തിലും രണ്ടാമതായി ദൈവഭക്തിയിലുമാണ് കുടികൊള്ളുന്നത്.

അതുകൊണ്ട് ഒന്നിനെ മറ്റൊന്നിൽ നിന്ന് വേർതിരിക്കുന്നവൻ, അതായത് ദൈവഭക്തിജീവിതം നയിക്കുകയും എന്നാൽ അതേ സമയം സാർവത്രീക സ്നേഹത്തിന്റെ ജീവിതം നയിക്കാതിരിക്കുകയും ചെയ്യുന്നവൻ, ദൈവത്തെ ആരാധിക്കുന്നില്ല. അയാൾ ദൈവത്തെ കുറിച്ച് ചിന്തിക്കുന്നുവെന്നത് സത്യമാണ്, എന്നാൽ ദൈവത്തിങ്കൽ നിന്ന് അയാൾ ചിന്തിക്കുന്നില്ല, മറിച്ച് അയാളിൽ നിന്നാണ് ചിന്തിക്കുന്നത്; എന്തെന്നാൽ അയാൾ തുടർച്ചയായി തന്നെക്കുറിച്ചു തന്നെയാണ് ചിന്തിക്കുന്നത്, മറിച്ച് അയൽക്കാരനെ കുറിച്ച് ചിന്തിക്കുന്നതേയില്ല; അയൽക്കാരനെ കുറിച്ച് ചിന്തിച്ചാൽ തന്നെ അയൽക്കാരൻ തന്റെ അതേ നിലവാരത്തിൽ ഉള്ളയാളല്ലെങ്കിൽ അയൽക്കാരനോട് അയാൾക്ക് ആദരവുണ്ടായിരിക്കില്ല. ഒരു പ്രതിഫലമായിട്ടാണ് അയാൾ സ്വർഗത്തെ കുറിച്ച് ചിന്തിക്കുന്നത്; ഇക്കാരണത്താൽ അയാളുടെ മനസ്സിൽ യോഗ്യതയെകുറിച്ചുള്ള ആശയവും സ്വയത്തോടുള്ള സ്നേഹവും അതോടൊപ്പം തന്നെ ഉപയോഗങ്ങളോടും അതുവഴി അയൽക്കാരനോടും പുച്ഛമോ ഉപേക്ഷയോ തോന്നുകയും ചെയ്യുന്നു; അതേസമയം തന്നെ തന്റെ നിരപവാദ്യതയിൽഅയാൾക്ക് ഒരു വിശ്വാസമുണ്ടായിരിക്കുകയും ചെയ്യുന്നു. കാരുണ്യ ജീവിതത്തിൽ നിന്ന് വേർതിരിക്കപ്പെട്ട ദൈവഭക്തിജീവിതം ദിവ്യ ആരാധനയിൽ കാണേണ്ടതായ ആത്മീയ ജീവിതമല്ലെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. *(മത്തായി 6:7-8 കാണുക).*

125. ബാഹ്യമായ വിശുദ്ധി ഇത്തരത്തിലുള്ള ദൈവഭക്തിയാണ്; എന്നാൽ അന്തക്കരണത്തിന് വിശുദ്ധിയില്ലാത്ത ഒരുവനിൽ ഇതു വിശുദ്ധമായിരിക്കില്ല; എന്തുകൊണ്ടെന്നാൽ ഒരുവന്റെ ബാഹ്യതലത്തിന്റെ മേന്മ അവന്റെ അന്തക്കരണത്തിന്റെ മേന്മയെ അനുസരിച്ചിരിക്കുന്നു, കാരണം ഒരു പ്രവൃത്തി ആത്മാവിൽ നിന്ന് ഉണ്ടാകുന്നതു പോലെ തന്നെ, അന്തക്കരണത്തിൽ നിന്നാണ് ബാഹ്യതലം ഉത്ഭവിക്കുന്നത്: അതുകൊണ്ട് ആന്തരിക വിശുദ്ധിയില്ലാത്ത ബാഹ്യ വിശുദ്ധി പ്രാകൃതികമാണ്, മറിച്ച് ആത്മീയമല്ല. ഇക്കാരണത്താൽ ഇത്തരം വിശുദ്ധി നന്മ നിറഞ്ഞവരേക്കാളേറെ ദുരാത്മാക്കളിലാണ് നിലനിൽക്കുന്നത്; വിശ്വാസത്തെ ആകമാനം ഇ

തിൽ വച്ചിരിക്കുന്നവർ മിക്കവാറും ശൂന്യരായിരിക്കും, അതായത്, നന്മയുടേയും സത്യത്തിന്റേയും ജ്ഞാനം ഇല്ലാത്തവരായിരിക്കും; അറിഞ്ഞിരിക്കേണ്ടതും വിശ്വസിക്കേണ്ടതും സ്നേഹിക്കപ്പെടേണ്ട തുമായ ഏറ്റവും വിശുദ്ധ കാര്യങ്ങളാണ് നന്മകളും സത്യങ്ങളും എന്നിരിക്കെയാണിത്, എന്തുകൊണ്ടെന്നാൽ അവയെല്ലാം ദിവ്യ ത്വത്തിൽ നിന്നാണുണ്ടാവുന്നത്, ആയതിനാൽ അങ്ങനെ ദിവ്യത്വം അവരിൽ തന്നെ ഉണ്ടായിരിക്കുന്നു. അതിനാൽ ആന്തരിക വിശു ദ്ധി നന്മയേയും സത്യത്തേയും സ്നേഹിക്കുന്നതിലാണുള്ളത്, എന്തുകൊണ്ടെന്നാൽ അവ നന്മയും സത്യവുമാകുന്നു, ആന്തരി ക വിശുദ്ധി നീതിയേയും സത്യസന്ധതയേയും സ്നേഹിക്കുന്ന തിലാണുള്ളത്, എന്തുകൊണ്ടെന്നാൽ അവ നീതിയും സത്യവു മാണ്. ഇത്തരത്തിൽ ഒരുവൻ അവയെ സ്നേഹിക്കുന്നിടത്തോ ളം അവനും അവന്റെ വിശ്വാസവും ആത്മീയമായിരിക്കും; കാര ണം അത്രത്തോളം അവൻ അവയെ അറിയാനും പ്രവർത്തി ക്കാനും ഇച്ഛിക്കുന്നു: എന്നാൽ ഇത്തരത്തിൽ അവൻ അവയെ സ്നേഹിക്കാത്തിടത്തോളം അവനും അവന്റെ വിശ്വാസവും പ്രാ കൃതികമായിരിക്കും; അത്രത്തോളം അവൻ അവയെ അറിയാനും പ്രവർത്തിക്കാനും ഇച്ഛിക്കുന്നില്ല. ആന്തരിക ആരാധനയില്ലാത്ത ബാഹ്യ ആരാധനയെ ഹൃദയമില്ലാതെ ശ്വസനം മാത്രമുള്ള ജീ വിതവുമായി താരതമ്യപ്പെടുത്താവുന്നതാണ്; എന്നാൽ ആന്തരി ക ആരാധനയിൽ നിന്ന് ഒഴുകി വരുന്ന ബാഹ്യ ആരാധന ഹൃദ യവും ശ്വസനവും സംയോജിച്ചുള്ള ജീവിതം പോലെയാണ്.

126. ലോകത്തെ പരിത്യജിക്കുന്നത് സംബന്ധിച്ചുള്ളത്: പലരും വിശ്വസിക്കുന്നത് ലോകത്തെ പരിത്യജിക്കലും ദേഹത്തിലല്ലാതെ ആത്മാവിൽ വസിക്കലുമെന്നാൽ ലോക കാര്യങ്ങളെ, മുഖ്യമായും സമ്പത്തിനേയും ആദരണീയ പദവികളേയും ഉപേക്ഷിക്കുക എ ന്നാണ്; കൂടാതെ ദൈവത്തേയും പാപമുക്തിയേയും അനശ്വര ജീ വിതത്തേയും സംബന്ധിച്ച് ഭക്തിയോടെയുള്ള ധ്യാനത്തിൽ മു ന്നോട്ടുള്ള സ്ഥിരതയാർന്ന യാത്രയാണ്; ഒരുവന്റെ ജീവിതം പ്രാർ ത്ഥനയിലൂടെയും വചനങ്ങളും ഭക്തിപുസ്തകങ്ങളും വായിച്ചും ചിലവിടുകയാണ്, ഒപ്പം പ്രായശ്ചിത്തം ചെയ്യുകയുമാണ്. എന്നാൽ

ലോകത്തെ പരിത്യജിക്കുകയെന്നാൽ ഇതല്ല അർത്ഥമാക്കുന്നത്. ലോകത്തെ പരിത്യജിക്കൽ എന്നാൽ ദൈവത്തേയും അയൽക്കാരനേയും സ്നേഹിക്കുകയാണ്; ദൈവത്തിന്റെ കൽപനകൾ അനുസരിക്കുമ്പോൾ മനുഷ്യൻ അവനെ സ്നേഹിക്കുന്നു; ഒരുവൻ ഉപയോഗങ്ങളെ അനുഷ്ഠിക്കുമ്പോൾ അയൽക്കാരനും സ്നേഹിക്കപ്പെടുന്നു. അതുകൊണ്ട് ഒരവന് സ്വർഗീയ ജീവിതം ലഭിപ്പാൻ നിശ്ചയമായും അവൻ ഇഹലോകത്ത് ജീവിക്കുകയും അതിന്റെ വിവിധ ചുമതലകളിലും പ്രവൃത്തികളിലും ഏർപ്പെടുകയും വേണം. ഇഹലോക കാര്യങ്ങളിൽ നിന്ന് ഒറ്റപ്പെട്ട ഒരു ജീവിതം എന്നത് സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ജീവിതത്തിൽ നിന്നും വേർതിരിക്കപ്പെട്ട ചിന്തയുടേയും വിശ്വാസത്തിന്റേയും ജീവിതം പോലെയാണ്; അത്തരം ജീവിതത്തിൽ അയൽക്കാരന് നന്മയെ ഇച്ഛിക്കുന്നതും നന്മ പ്രവർത്തിക്കുകയും ചെയ്യുന്നത് മുരടിച്ചു പോകുന്നു. അയൽക്കാരന് നന്മയെ ഇച്ഛിക്കുന്നതും പ്രവർത്തിക്കുന്നത് മുരടിച്ചു പോകുമ്പോൾ ആത്മീയ ജീവിതം എന്നത് അടിത്തറയില്ലാത്ത വീടു പോലെയാകുന്നു, അത് ക്രമേണ താണുപോകുകയോ, തകർന്ന് വിള്ളലുകൾ വീഴുകയോ അല്ലെങ്കിൽ അത് താഴെ വീഴുന്നത് വരെ ആടിയിളകുകയോ ചെയ്യുന്നു.

127. മത്തായിയുടെ സുവിശേഷത്തിലൂടെയും (7:24–27), ലൂക്കോസിന്റെ സുവിശേഷത്തിലൂടെയുമുള്ള (6:47–49) കർത്താവിന്റെ വാക്കുകളിൽ നിന്നും വ്യക്തമാകുന്നത് കർത്താവിനെ ആരാധിക്കുകയെന്നാൽ നന്മ ചെയ്യുക എന്നാണ്, 'അതുകൊണ്ട് എന്റെ വചനങ്ങൾ കേട്ടുചെയ്യുന്നവൻ പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനു തുല്യനാണ്. എന്നാൽ എന്റെ വാക്കുകൾ കേട്ടിട്ടും അതനുസരിച്ച് ചെയ്യാത്തവൻ മണലിൽ വീടുപണിത ഭോഷനായ മനുഷ്യനു തുല്യനാണ്; അല്ലെങ്കിൽ അടിസ്ഥാനം കൂടാതെ വീടു പണിതവനു തുല്യനാണ്.'

128. സാർവത്രീക സ്നേഹത്തിന്റെ ജീവിതം സംയോജിപ്പിക്കപ്പെട്ടിരിക്കുന്നിടത്തോളം ദൈവഭക്തിയിലുയുടെ ജീവിതം പ്രയോജനപ്പെടുത്തുകയും അത് കർത്താവിനാൽ സ്വീകരിക്കപ്പെടുകയും ചെയ്യുന്നതായി ഇതിൽ നിന്നും വ്യക്തമാകുന്നു; എന്തുകൊണ്ടെ

ന്നാൽ സാർവത്രീക സ്നേഹത്തിന്റെ ജീവിതം പ്രാഥമികമായുള്ളതാണ്, സാർവത്രീക സ്നേഹത്തിന്റെ ജീവിതം എങ്ങനെയായിരിക്കുന്നുവോ അതിനനുസരിച്ചായിരിക്കും ദൈവഭക്തിജീവിതത്തിന്റെ മേന്മ. ആന്തരിക വിശുദ്ധിയിൽ നിന്നും ഉത്ഭവിക്കുന്നിടത്തോളം ബാഹ്യ വിശുദ്ധി പ്രയോജനപ്രദമാകുകയും കർത്താവിനാൽ സ്വീകരിക്കപ്പെടുകയും ചെയ്യുന്നതായി തുടർന്ന് കാണാവുന്നതാണ്; എന്തുകൊണ്ടെന്നാൽ ആന്തരിക വിശുദ്ധിയുടെ മേന്മ എത്രത്തോളമുണ്ടോ അത്രത്തോളം മേന്മ ബാഹ്യ വിശുദ്ധിക്കുമുണ്ടായിരിക്കും. അവസാനമായി ഇഹലോകത്തിൽ ഉപയോഗിക്കുന്നിടത്തോളം ലോകത്തിന്റെ പരിത്യാഗം പ്രയോജനപ്രദമാകുകയും കർത്താവിനാൽ അംഗീകരിക്കപ്പെടുകയും ചെയ്യുന്നു; എന്തുകൊണ്ടെന്നാൽ ലോകം പരിത്യജിക്കപ്പെടുന്നത് സ്വയ സ്നേഹത്തേയും ലോക സ്നേഹത്തേയും ഉപേക്ഷിക്കുന്നവരാണ്, അവർ എല്ലാ സ്ഥാപനങ്ങളിലും എല്ലാ വ്യാപാരങ്ങളിലും എല്ലാ പ്രവൃത്തികളിലും അന്തക്കരണത്തിൽ നിന്ന് നീതിപൂർവവും സത്യന്ധവുമായി പ്രവർത്തിക്കുന്നവരാണ്, അതുകൊണ്ടുതന്നെ ഒരു സ്വർഗീയ ഉറവിടത്തിൽ നിന്നാണ്. ഒരുവൻ ഉചിതമായും സത്യസന്ധമായും നീതിയുക്തമായും പ്രവർത്തിക്കുമ്പോൾ ഈ ഉൽപത്തി അവനിൽ തന്നെ നിലകൊള്ളുന്നു, കാരണം അത് ദിവ്യ നിയമങ്ങൾക്ക് അനുസൃതമായുള്ളതാണ്.

**മനസാക്ഷി.**

130. ഒരുവൻ അവൻ ആയിരിക്കുന്നതായ മത തത്വത്തെ അവനിലേക്ക് ഉൾക്കൊള്ളുന്നതിന് അനുസരിച്ച് അതിൽ നിന്നും അവനിൽ രൂപപ്പെടുന്നതാണ് മനസാക്ഷി.

131. ഒരു സഭാ വിശ്വാസിയിൽ മനസാക്ഷി രൂപപ്പെടുന്നത് വചനത്തിൽ നിന്നുള്ള വിശ്വാസത്തിന്റെ സത്യങ്ങളിലൂടെയോ അല്ലെങ്കിൽ വചനത്തിൽ ഉത്ഭവിക്കുന്ന ഉപദേശങ്ങളിൽ നിന്നോ അവ ഹൃദയത്തിലേക്ക് സ്വീകരിക്കുന്നതിന് അനുസരിച്ചായിരിക്കും. കാരണം മനുഷ്യൻ വിശ്വാസത്തിന്റെ സത്യങ്ങളെ അറിയുമ്പോൾ, അവന്റേതായ രീതിയിൽ അവയെ മനസ്സിലാക്കുമ്പോൾ, അതിനു ശേ

ഷം അവയെ ഇച്ഛിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അവന് മനസാക്ഷി ലഭിക്കുന്നു. ഹൃദയത്തിലേക്ക് ലഭിക്കുന്നുവെന്നാൽ ഇച്ഛയിലേക്ക് ലഭിക്കുന്നുവെന്നാണർത്ഥം; എന്തുകൊണ്ടെന്നാൽ ഒരുവന്റെ ഇച്ഛയെയാണ് അവന്റെ ഹൃദയമെന്നു വിളിക്കുന്നത്. അതിനാൽ മനസാക്ഷിയുള്ളവർ പറയുന്നത് ഹൃദയത്തിൽ നിന്നുള്ള വാക്കുകളാണ്, പ്രവർത്തിക്കുന്നത് ഹൃദയത്തിൽ നിന്നുള്ള പ്രവൃത്തികളാണ്. അവർക്ക് ഭിന്നിക്കപ്പെടാത്ത ഒരു മനസ്സുണ്ടാവും, എന്തെന്നാൽ സത്യവും നന്മയുമെന്ന് തങ്ങൾ മനസ്സലാക്കുന്നതും വിശ്വസിക്കുന്നതുമായ കാര്യങ്ങൾക്ക് അനുസരിച്ചാണ് അവർ പ്രവർത്തിക്കുന്നത്.

132. മറ്റുള്ളവരേക്കാൾ വിശ്വാസത്തിന്റെ സത്യങ്ങളിൽ കൂടുതൽ പരിജ്ഞാനമുള്ളവരും വീക്ഷണത്തിൽ മറ്റുള്ളവരെ അതിശയിക്കുന്നവരുമായവരിൽ, വിശ്വാസത്തിന്റെ സത്യങ്ങളിൽ പരിജ്ഞാനം കുറഞ്ഞവരും മങ്ങിയ വീക്ഷണമുള്ളവരുമായ ആളുകളേക്കാൾ കൂടുതൽ സ്പഷ്ടമായ മനസാക്ഷി സാധ്യമാണ്.

133. ശരിയായ മനസാക്ഷിയിലാണ് ഒരുവന്റെ യഥാർത്ഥ ആത്മീയ ജീവിതമുള്ളത്; എന്തുകൊണ്ടെന്നാൽ സാർവത്രീക സ്നേഹവുമായി സംയോജിക്കപ്പെട്ടിട്ടുള്ള അവന്റെ വിശ്വാസം അതിലാണുള്ളത്. അതുകൊണ്ട് അത്തരമാളുകളിൽ മനസാക്ഷിയിൽ നിന്നുള്ള പ്രവർത്തനമെന്നാൽ അർത്ഥമാക്കുന്നത് അവരുടെ ആത്മീയ ജീവിതത്തിൽ നിന്നുള്ള പ്രവർത്തനമെന്നാണ്; മനസാക്ഷിക്കു വിരുദ്ധമായ പ്രവൃത്തി എന്നാൽ അവരുടെ യഥാർത്ഥ ജീവിതത്തിനു വിരുദ്ധമായ പ്രവൃത്തി എന്നാണ് അർത്ഥമാക്കുന്നത്. അതിനാൽ മനസാക്ഷിക്ക് അനുസരിച്ച് പ്രവർത്തിക്കുമ്പോൾ അത്തരമാളുകൾ ശാന്തിയുടെ സ്വൈര്യത്തിലും ആന്തരിക അനുഗ്രഹത്തിലുമായിരിക്കുന്നു; എന്നാൽ ഇതിനു വിരുദ്ധമായി പ്രവർത്തിക്കുമ്പോൾ അവർ അസ്വസ്ഥതയിലും വേദനയിലുമാണുള്ളത്. മനസാക്ഷിക്കുത്ത്എന്നാണ് ഈ വേദന അറിയപ്പെടുന്നത്.

134. മനുഷ്യന് നന്മയെ കുറിച്ചുള്ള ഒരു മനസാക്ഷിയും നീതിയെ കുറിച്ചുള്ള ഒരു മനസാക്ഷിയുമുണ്ട്. നന്മയെ കുറിച്ചുള്ള മനസാ

ക്ഷി അന്തക്കരണ മനുഷ്യന്റെ മനസാക്ഷിയും നീതിയെ കുറിച്ചുള്ളമനസാക്ഷി ബാഹ്യ മനുഷ്യന്റെ മനസാക്ഷിയുമാകുന്നു. ഒരു ആന്തരിക വാത്സല്യത്തിൽ നിന്നുള്ള വിശ്വാസത്തിന്റെ വീക്ഷണങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നത് ഉൾക്കൊള്ളുന്നതാണ് നന്മയെ കുറിച്ചുള്ള മനസാക്ഷി; എന്നാൽ ബാഹ്യ വാത്സല്യത്തിൽ നിന്നുള്ള പൗരപരവും ധാർമികവുമായ നിയമങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുന്നത് അടങ്ങുന്നതാണ്

നീതിയെ കുറിച്ചുള്ള മനസാക്ഷി. നന്മയെ കുറിച്ച് മനസാക്ഷിയുള്ളവർക്ക് നീതിയെ കുറിച്ചുള്ള മനസാക്ഷിയുമുണ്ടായിരിക്കും; എന്നാൽ നീതിയുടെ മനസാക്ഷി മാത്രമുള്ളവർക്ക് നന്മയുടെ മനസാക്ഷിയെ സ്വീകരിക്കുന്നതിനുള്ള കഴിവുണ്ടായിരിക്കും; ഉപദേശിക്കുന്നതിന് അനുസരിച്ച് അവർ ഇത് സ്വീകരിക്കുകയും ചെയ്യുന്നു.

135. അയൽക്കാരനോട് കാരുണ്യമുള്ളവരുടെ മനസാക്ഷി സത്യത്തിന്റെ വിശ്വാസത്തിലൂടെ രൂപപ്പെടുമ്പോൾ അവർക്ക് സത്യത്തിന്റെ മനസാക്ഷിയുണ്ടാകുന്നു; എന്നാൽ കർത്താവിനോട് സ്നേഹമുള്ളവർക്ക് സത്യത്തിന്റെ സ്നേഹത്തിലൂടെയാണ് ഇത് രൂപപ്പെടുന്നത്, അവർക്ക് നന്മയുടെ മനസാക്ഷിയുണ്ടായിരിക്കും. നന്മയുടെ മനസാക്ഷിയാണ് ഉയർന്ന തലത്തിലുള്ളത്, അതിനെ നന്മയിൽ നിന്നുള്ള സത്യത്തിന്റെ അവബോധമെന്നു വിളിക്കുന്നു. സത്യത്തിന്റെ മനസാക്ഷിയുള്ളവർ കർത്താവി ആത്മീയ രാജ്ത്തിന്റേതാണ് നിന്നാണ് വരുന്നത്; എന്നാൽ സൂഷ്മനിശ്ചിത ജ്ഞാനം എന്നു വിളിക്കപ്പെടുന്ന ഉത്തമമായ മനസാക്ഷിയുള്ളവർ കർത്താവിന്റെ സ്വർഗരാജ്യത്തു നിന്നാണ് വരുന്നത്.

136. എന്നിരുന്നാലും മനസാക്ഷി എന്താണെന്ന് ഉദാഹരണങ്ങൾ തന്നെ വിവരിക്കട്ടെ. ഒരുവന്റെ കയ്യിൽ മറ്റൊരുവന്റെ സ്വത്തുണ്ടായിരിക്കുകയും സ്വത്തിന്റെ ഉടമ ഈ വസ്തുതയേ കുറിച്ച് അജ്ഞനായിരിക്കുകയും ചെയ്യുന്നു, അതിനാൽ അയാൾക്ക് നിയമത്തെ കുറിച്ചുള്ള ഭയം കൂടാതെയും ആദരവും യശസ്സും നഷ്ടപ്പെടുത്താതെയും ഈ സ്വത്ത് അതിന്റെ യഥാർത്ഥ ഉടമയിൽ നിന്ന്

കൈക്കലാക്കാനാകും, എന്നിരുന്നാലും അത് തന്റെ സ്വത്തല്ലാത്ത തിനാൽ അയാൾ അത് ഉടമയെ തിരിച്ചേൽപിക്കുന്നു, അവിടെ ഒ രു മനസാക്ഷിയുണ്ട്; എന്തുകൊണ്ടെന്നാൽ അയാൾ നന്മയ്ക്ക് വേണ്ടി നന്മയേയും നീതിക്കു വേണ്ടി നീതിയേയും പ്രവർത്തി ച്ചു. അടുത്തതായി, ഒരുവന് ഒരു പദവിയിലെത്താനുള്ള അധികാ രം കയ്യിലുണ്ട്, എന്നാൽ മത്സരാർത്ഥി കൂടിയായ മറ്റൊരുവനാ ണ് രാജ്യത്തിന് കൂടുതൽ ഉപകാരപ്രദമാകുകയെന്ന് അയാൾ അ റിയുന്നു, തുടർന്ന് രാജ്യത്തിന്റെ നന്മയ്ക്കായി അയാൾ കൂടുതൽ യോജിച്ച മനുഷ്യനു വേണ്ടി ഒഴിഞ്ഞുമാറുന്നു, അയാൾക്ക് ഒരു നല്ല മനസാക്ഷിയുണ്ട്. ഇതുപോലെ തന്നെയാണ് മറ്റുള്ള സംഭ വങ്ങളിലെ കാര്യങ്ങളും.

137. ഇതിൽ നിന്നും മനസാക്ഷിയേ ഇല്ലാത്തവരുടെ സ്വഭാവം അ നുമാനിക്കാവുന്നതാണ്. ഇതിനു നേർവിപരീതമായിരിക്കുന്ന അ വസ്ഥയിലാണ് അവർ അറിയപ്പെടുന്നത്. നേട്ടങ്ങൾക്കു വേണ്ടി അനീതിയെ നീതിയായി തോന്നുന്നതിനും തിന്മയെ നന്മയായി തോന്നുന്നതിനും വേണ്ടിയും, തിരിച്ചും, എന്തെങ്കിലും പ്രവർത്തി ക്കുന്നവർക്ക് മനസാക്ഷിയുണ്ടായിരിക്കില്ല. അത്തരമാളുകൾക്ക് മ നസാക്ഷിയെന്താണെന്ന് അറിയില്ല; ഇതു സംബന്ധിച്ച് അവരെ ഉപദേശിച്ചാലും അവർ വിശ്വസിക്കില്ല, ചിലരാകട്ടെ അത് അറി യാൻ പോലും ആഗ്രഹിക്കുന്നില്ല. ഇത്തരം സ്വഭാവമുള്ളവർ എല്ലാ കാര്യങ്ങളും തങ്ങൾക്കു വേണ്ടിയും ലോകത്തിനും വേണ്ടിയും ചെയ്യുന്നവരാണ്.

138. ഇഹലോകത്തിൽ മനസാക്ഷി ലഭിച്ചിട്ടില്ലാത്തവർക്ക് പരലോ കത്തിലും മനസാക്ഷി ലഭിക്കുന്നില്ല; അതുകൊണ്ട് അവർ രക്ഷി ക്കപ്പെടുന്നുമില്ല. കാരണമെന്തെന്നാൽ സ്വർഗത്തിന്, അതായത്, സ്വർഗത്തിലൂടെ കർത്താവിന് ഒഴുകിയെത്തുന്നതിനുള്ള ഇടം അ വർക്കില്ല, ഈ പ്രവാഹത്തിലൂടെയാണ് അവൻ പ്രവർത്തിക്കു ന്നതും അവരെ അവനിലേക്ക് അടുപ്പിക്കുന്നതും; എന്തെന്നാൽ മ നസാക്ഷി എന്നത് തലവും സ്വർഗത്തിൽ നിന്നു വരുന്ന പ്രവാഹ ത്തെ സംഭരിക്കുന്ന പാത്രവുമാകുന്നു.

**സ്വാതന്ത്ര്യം**

141. എല്ലാ സ്വാതന്ത്ര്യവും സ്നേഹത്തിന്റേതാകുന്നു; എന്തുകൊണ്ടെന്നാൽ ഒരുവൻ സ്നേഹിക്കുന്നതെന്തോ അവൻ അത് നിർബാധം പ്രവർത്തിക്കുന്നു. അതുകൊണ്ടുതന്നെ എല്ലാ സ്വാതന്ത്ര്യവും ഇച്ഛയുടേതു കൂടിയാണ് – കാരണം മനുഷ്യൻ സ്നേഹിക്കുന്നതിനെ ഇച്ഛിക്കുകയും ചെയ്യുന്നു; സ്നേഹവും ഇച്ഛയും ഒരുവന്റെ ജീവിതത്തെ രൂപീകരിക്കുന്നതിനാൽ സ്വാതന്ത്ര്യവും അങ്ങനെ തന്നെയാകുന്നു. ഇതിൽ നിന്നും സ്വാതന്ത്യമെന്തെന്നു വ്യക്തമാകുന്നു, വിശേഷിച്ചും ഇത് സ്നേഹത്തിന്റേതും ഇച്ഛയുടേതുമാകുന്നു, അതുകൊണ്ടുതന്നെ മനുഷ്യ ജീവിതത്തിന്റേതുമാകുന്നു; ആയതിനാൽ മനുഷ്യൻ സ്വാതന്ത്ര്യത്തിൽ നിന്നും ചെയ്യുന്ന കാര്യങ്ങൾ അവന്റെ അഹംബോധത്തിൽ നിന്നു ചെയ്യുന്നതായിട്ടാണ് പ്രത്യക്ഷമാകുന്നത്.

142. സ്വാതന്ത്യത്തിൽ നിന്ന് തിന്മ പ്രവർത്തിക്കുന്നത്, ബന്ധനമാണെങ്കിൽ കൂടിയും സ്വാതന്ത്ര്യമായിത്തന്നെയാണ് പ്രത്യക്ഷമാകുന്നത്, കാരണം ഈ സ്വാതന്ത്ര്യം സ്വാർത്ഥ സ്നേഹത്തിൽ നിന്നും ലോക സ്നേഹത്തിൽ നിന്നും ഉണ്ടാവുന്നതാണ്, ഈ സ്നേഹം നരകത്തിൽ നിന്നുള്ളതാണ്. അത്തരം സ്വാതന്ത്ര്യമുള്ള ആളുകൾ മരണാനന്തരം വാസ്തവമായ ബന്ധനത്തിലേക്ക് തിരിയുകയും അവിടെ അവർ അധം:പതിച്ച അടിമകളാവുകയും ചെയ്യുന്നു. കർത്താവിനോടും അയൽക്കാരനോടുമുള്ള സ്നെഹത്തിന്റെ സ്വാതന്ത്ര്യത്തിൽ നിന്നും നന്മ ചെയ്യുന്നതിനാൽ ആ സ്വാതന്ത്ര്യം യഥാർത്ഥ സ്വാതന്ത്ര്യമായി തന്നെ തുടരുകയും കാരണം ആ സ്നേഹങ്ങൾ സ്വർഗ്ഗത്തിന്റേതായതിനാൽ ആ സ്വാതന്ത്ര്യം വാസ്തവമാകുകയും അത്തരം സ്വാതന്ത്ര്യം ആർജ്ജിച്ചിട്ടുള്ള ആളുകൾ സ്വർഗ്ഗീയ ഭവന പുത്രന്മാരെ പോലെയാകുകയും ചെയ്യുന്നു. ഇനി പറയുന്ന വാക്കുകളിൽ കർത്താവ് ഉപദേശിക്കുന്നതും ഇതുതന്നെയാണ് (യോഹന്നാൻ 7:34:36), 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പാപം ചെയ്യുന്നവൻ പാപത്തിന് അടിമയാണ്. അടിമ സ്ഥിരമായി വീട്ടിൽ വസിക്കുന്നില്ല; പുത്രനോ എപ്പോഴും വസിക്കുന്നു. അതു

കൊണ്ട് പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാകും.'

ഇപ്പോൾ എല്ലാ നന്മയും കർത്താവിൽ നിന്നുള്ളതാകയാൽ, സ്വാതന്ത്ര്യമെന്നത് കർത്താവിനാൽ നയിക്കപ്പെടുന്നതും എല്ലാ തിന്മയും നരകത്തിൽ നിന്നുള്ളതാകയാൽ, ബന്ധനമെന്നത് നരകത്താൽ നയിക്കപ്പെടുന്നതുമാകുന്നു.

143. നിയമത്താൽ നിയന്ത്രിക്കപ്പെടാത്തിടത്തോളം ഒരുവന് തിന്മയേയും വ്യാജതയേയും കുറിച്ച് ചിന്തിക്കാനും അവ പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്, ഇതേ കാരണത്താൽ തന്നെ നവീകരിക്കപ്പെടുന്നതിനുള്ള ശേഷിയും അവനിലുണ്ട്; എന്തെന്നാൽ അവന്റെ സ്നേഹത്തിലും ഇച്ഛയിലും നന്മകളേയും സത്യങ്ങളേയും അവന്റെ ജീവിതത്തിന്റെ ഭാഗമാകുന്ന രീതിയിൽ സ്ഥാപിക്കണം; അവന് തിന്മയേയും വ്യാജതയേയും അതേപോലെതന്നെ നന്മയേയും സത്യങ്ങളേയും കുറിച്ച് ചിന്തിക്കാനുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ ഇങ്ങനെ ചെയ്യാനാവില്ല. ഈ സ്വാതന്ത്ര്യം കർത്താവ് എല്ലാ മനുഷ്യർക്കും നൽകിയിട്ടുണ്ട്; അവൻ തിന്മയേയും വ്യാജതയേയും നിരസിക്കുന്നതിന് അനുസരിച്ച് നന്മയേയും സത്യത്തേയും കുറിച്ച് ചിന്തിക്കുകയും കർത്താവ് അവയെ അവന്റെ സ്നേഹത്തിലും ഇച്ഛയിലും, തദ്വാരാ അവന്റെ ജീവിതത്തിലും സ്ഥാപിക്കുകയും, അങ്ങനെ അവനെ നവീകരിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യത്തിൽ വിതയ്ക്കപ്പെട്ടത് അവിടെ അവശേഷിക്കുകയും ചെയ്യുന്നു; എന്നാൽ നിർബന്ധിതമായി വിതയ്ക്കപ്പെട്ടതെന്തോ അത് നിലനിൽക്കുന്നില്ല, കാരണം നിർബന്ധിതമായി വിതയ്ക്കപ്പെട്ടത് മനുഷ്യന്റെ ഇച്ഛയിൽ നിന്ന് പുറപ്പെടുന്നില്ല, മറിച്ച് നിർബന്ധം ചെലുത്തുന്നയാളുടെ ഇച്ഛയിൽ നിന്നാണ് പുറപ്പെടുന്നത്. ആയതിനാൽ സ്വാതന്ത്ര്യത്തിൽ നിന്നുള്ള ആരാധനയാണ് കർത്താവിനെ സംപ്രീതനാക്കുന്നത്, മറിച്ച് നിർബന്ധപൂർവമുള്ള ആരാധനയല്ല; എന്തെന്നാൽ സ്വാതന്ത്ര്യത്തിൽ നിന്നുള്ള ആരാധന സ്നേഹത്തിൽ നിന്നുള്ള ആരാധനയാണ്, എന്നാൽ നിർബന്ധത്തിൽ നിന്നുള്ള ആരാധന അങ്ങനെയല്ല.

144. നന്മ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യവും തിന്മ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യവും ബാഹ്യ രൂപത്തിൽ ഒരേപോലെ തോന്നാമെങ്കിലും അവ വ്യത്യസ്തമാണ്, നരകത്തിൽ നിന്ന് സ്വർഗത്തെ എന്ന പോലെ അവയേയും പരസ്പരം നീക്കിയിരിക്കുന്നു. നന്മ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യവും സ്വർഗത്തിൽ നിന്നുണ്ടായിരിക്കുന്നതാണ്, അതിനെ സ്വർഗീയ സ്വാതന്ത്ര്യം എന്നു വിളിക്കുന്നു; എന്നാൽ തിന്മ ചെയ്യാനുള്ള സ്വാതന്ത്ര്യം നരകത്തിൽ നിന്നുള്ളതാണ്, ഇതിനെ പൈശാചിക സ്വാതന്ത്ര്യമെന്നു വിളിക്കുന്നു. ഒരുവൻ ഇതിൽ ഏതെങ്കിലുമൊന്നിൽ ആയിരിക്കുന്നിടത്തോളം മറ്റേതിൽ ആയിരിക്കില്ല; എന്തെന്നാൽ ഒരു മനുഷ്യനും രണ്ട് യജമാനന്മാരെ സേവിക്കാനാവില്ല (മത്തായി 6: 24). ഇവിടെയും അതുതന്നെയാണ് പ്രകടമാവുന്നത്, പൈശാചിക സ്വാതന്ത്ര്യത്തിലുള്ളവർ തങ്ങളെ തങ്ങളുടെ ആനന്ദമായ തിന്മയെ ഇച്ഛിക്കാനും വ്യജതയെ കുറിച്ച് ചിന്തിക്കാനും അനുവദിക്കാതിരിക്കുന്നത് ബന്ധനമായും നിർബന്ധ പ്രേരണയായും കരുതുന്നു; അതേപോലെ സ്വർഗീയ സ്വാതന്ത്ര്യത്തിലുള്ളവർ തിന്മയെ ഇച്ഛിക്കുന്നതിനേയും വ്യാജത ചിന്തിക്കുന്നതിനേയും സംബന്ധിച്ച് ഭയന്നു വിറയ്ക്കുന്നു, അങ്ങനെ ചെയ്യാൻ നിർബന്ധിക്കുമ്പോൾ തങ്ങളെ പീഢിപ്പിക്കപ്പെടുകയാണെന്ന തോന്നലാണ് അവരിലുണ്ടാക്കുന്നത്.

145. സ്വാതന്ത്ര്യത്തിൽ നിന്നു പ്രവർത്തിക്കുന്നത് ഒരുവന് സ്വന്തം അഹം ബോധത്തിൽ നിന്നുള്ള പ്രവർത്തനമായി തോന്നുന്നതിനാൽ, സ്വർഗീയ സ്വാതന്ത്ര്യത്തെ ഒരുവന്റെ സ്വർഗീയ സ്വേച്ഛ (അഹം) എന്നും പൈശാചിക സ്വാതന്ത്ര്യത്തെ ഒരുവന്റെ പൈശാചിക സ്വേച്ഛ (അഹം) എന്നും വിളിക്കാവുന്നതാണ്. അവന്റെ പൈശാചിക സ്വേച്ഛയിലേക്ക് (അഹം) ഒരുവൻ ജനിക്കുകയാണെങ്കിൽ ഈ സ്വേച്ഛ തിന്മയായിരിക്കും; എന്നാൽ അവന്റെ സ്വർഗീയ സ്വേച്ഛയിലേക്ക് ഒരുവനെ നവീകരണത്തിലൂടെ അവതരിപ്പിക്കുകയാണെങ്കിൽ ഈ സ്വേച്ഛ നന്മയായിരിക്കും.

146. ഇതിൽ നിന്നും തിരെഞ്ഞെടുപ്പിന്റെ സ്വാതന്ത്ര്യമെന്നാൽ അർത്ഥമാക്കുന്നത് എന്തെന്ന് വ്യക്തമാകുന്നു, വിശേഷിച്ചും ഇത്

തിരെഞ്ഞെടുപ്പിൽ നിന്ന്, അതായത് ഇച്ഛയിൽ നിന്ന് നന്മ പ്രവർത്തിക്കുന്നതായി അർത്ഥമാക്കുന്നു; കർത്താവിനാൽ നയിക്കപ്പെടുന്നവർ ആ സ്വാതന്ത്ര്യത്തിലായിരിക്കും; എന്നാൽ നന്മയക്കും സത്യത്തിനും വേണ്ടി നന്മയേയും സത്യത്തേയും സ്നേഹിക്കുന്നവർ കർത്താവിനാൽ നയിക്കപ്പെടുന്നു.

147. ഒരുവൻ ചിന്തിക്കുമ്പോഴും സംസാരിക്കുമ്പോഴും പ്രവർത്തിക്കുമ്പോഴും കേൾക്കുമ്പോഴും കാണുമ്പോഴുമെല്ലാമുള്ള ആനന്ദത്തിൽ നിന്നും തന്റെ സ്വാതന്ത്ര്യത്തിന്റെ മേന്മയെ കുറിച്ച് അവന് അറിയാനാകും; കാരണം ആനന്ദം സ്നേഹത്തിന്റേതാകുന്നു.

**അർഹത**

150. അർഹത നേടുകയെന്ന ലക്ഷ്യത്തോടെ നന്മ ചെയ്യുന്നവർ നന്മയോടുള്ള സ്നേഹം കൊണ്ടല്ല മറിച്ച്, പ്രതിഫലത്തിനു വേണ്ടിയാണ് അതു ചെയ്യുന്നത്; എന്തുകൊണ്ടെന്നാൽ അർഹത ആർജിക്കാൻ ഇച്ഛിക്കുന്നവൻ പ്രതിഫലം ലഭിക്കണമെന്നും ആഗ്രഹിക്കുന്നു; അങ്ങനെ ചെയ്യുന്നവർ തങ്ങളുടെ ആനന്ദം കാണുകയും ആസ്വദിക്കുകയും ചെയ്യുന്നത് നന്മയിലല്ല, മറിച്ച് പ്രതിഫലത്തിലാണ്. അതുകൊണ്ട് അവർ ആത്മീയരല്ല, മറിച്ച് പ്രാകൃതികരാണ്.

151. യഥാർത്ഥമായായിട്ടുള്ള നന്മ പ്രവർത്തിക്കുമ്പോൾ അത് നന്മയുടെ സ്നേഹത്തിൽ നിന്നുമാണ് അത് പ്രവഹിക്കേണ്ടത്, ആയതിനാൽ ഇത് നന്മയ്ക്കു വേണ്ടിയുള്ള നന്മയുമായിരിക്കണം. അത്തരം സ്നേഹത്തിലുള്ളവർ അർഹതയെ കുറിച്ച് കേൾക്കാൻ ഇഷ്ടപ്പെടുന്നില്ല; കാരണം അവർ പ്രവൃത്തിയെ സ്നേഹിക്കുന്നവരാണ്, പ്രവൃത്തിയിൽ അവർ സംതൃപ്തിയെ വീക്ഷിക്കുന്നു, മറിച്ച് (തങ്ങൾ) സ്വച്ഛേയ്ക്കു വേണ്ടി എന്തെങ്കിലും പ്രവർത്തിച്ചതായുള്ള ചിന്തകളിൽ അവർ ദുഖിതരാകുന്നു. ഇവിടെ പറയുന്നത് ഏറെക്കുറെ സൗഹൃദത്തിനു വേണ്ടി സുഹൃത്തുക്കളോട് നന്മ ചെയ്യുന്നവരുടേയും സഹോദര ബന്ധത്തിനു വേണ്ടി സഹോദരനോട് നന്മ ചെയ്യുന്നവന്റേയും ഭാര്യയ്ക്കും കുട്ടികൾക്കും വേണ്ടി അവരോട് നന്മ ചെയ്യുന്നവന്റേയും രാജ്യത്തിനു വേണ്ടി നന്മ ചെയ്യു

ന്നവന്റേയും അങ്ങനെ സൗഹൃദത്തിനു വേണ്ടിയും സ്നേഹത്തിനു വേണ്ടിയും നന്മ പ്രവർത്തിക്കുവരുടേയും കാര്യത്തിൽ ഒരു പോലെയാണ്. ഉചിതമായി ചിന്തിക്കുന്നവരും തങ്ങൾക്കു വേണ്ടിയല്ല, മറിച്ച് മറ്റുള്ളവർക്കായി നന്മ ചെയ്യുമെന്ന് നിർബന്ധമുള്ളവരാണ്.

152. പ്രതിഫലത്തിനു വേണ്ടി നന്മ പ്രവർത്തിക്കുന്നവർ, കർത്താവിൽ നിന്നുള്ള നന്മയല്ല, മറിച്ച് അവരവരിൽ നിന്നുള്ള നന്മയാണ് പ്രവർത്തിക്കുന്നത്; കാരണം അത്തരക്കാർക്ക് അവരവരുടെ നന്മയ്ക്കായി പ്രാഥമികമായി തങ്ങളോടു തന്നെയാണ് ആദരവുള്ളത്; അയൽക്കാരന്റെയും, അതായത്, സഹജീവിയുടേയും, മനുഷ്യ സമൂഹത്തിന്റെയും തന്റെ രാജ്യത്തിന്റെയും സഭയുടേയും നന്മ തങ്ങളുടെ അന്ത്യ ലക്ഷ്യത്തിലേക്കുള്ള മാർഗമായി മാത്രമാണ് അവർ കാണുന്നത്. ഇതിൽ നിന്നും അർഹതയുടെ നന്മയിൽ സ്വയ സ്നേഹത്തിന്റെയും ലോകസ്നേഹത്തിന്റെയും നന്മ ഒളിഞ്ഞിരിക്കുന്നതായി കാണാം; രണ്ടാമതു പറഞ്ഞ നന്മ, അതായത്, സ്വാർത്ഥ സ്നേഹത്തിന്റയും ലോക സ്നേഹത്തിന്റെയും നന്മ കർത്താവിൽ നിന്നുള്ളതല്ല, മറിച്ച് മനുഷ്യനിൽ നിന്നുള്ള നന്മയാണ്, മനുഷ്യനിൽ നിന്നുള്ള നന്മകളൊന്നും നന്മകളേയല്ല; സ്വേച്ഛയും ലോക സ്നേഹവും അന്തർലീനമായിരിക്കുന്ന അതിന്റെ അനുപാതത്തിൽ ഇത് തിന്മയാണ്.

153. നിർവ്യാജ സാർവത്രീക സ്നേഹത്തിലും വിശ്വാസത്തിലും അർഹതയെന്ന ആശയമുണ്ടായിരിക്കില്ല; എന്തെന്നാൽ സാർവത്രീക സ്നേഹത്തിന്റെ ആനന്ദമെന്നത് നന്മ തന്നെയാണ്, വിശ്വാസത്തിന്റെ ആനന്ദമാകട്ടെ സത്യം തന്നേയും: അതുകൊണ്ട് ഇത്തരം സാർവത്രീക സ്നേഹത്തിലും വിശ്വാസത്തിലുമുള്ളവർ അർഹതയെന്ന ആശയമില്ലാത്ത നന്മയെന്തെന്ന് അറിയുന്നവരാണ്, എന്നാൽ സാർവത്രീക സ്നേഹത്തിലും വിശ്വാസത്തിലുമല്ലാത്ത ആളുകൾ ഇതറിയുന്നില്ല.

154. പ്രതിഫലത്തിനു വേണ്ടി ചെയ്യേണ്ടവയല്ല നന്മയെന്ന് ലുക്കൊസിന്റെ സുവിശേഷത്തിലൂടെ (6. 32–35) കർത്താവു തന്നെ ഉപ

ദേശിക്കുന്നുണ്ട്, 'നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ അതിൽ നിങ്ങൾക്ക് അഭിമാനിക്കാൻ എന്താണുള്ളത്? പാപികൾ പോലും അത് ചെയ്യുന്നു. എന്നാൽ നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ; അവർക്ക് നന്മ ചെയ്യുവിൻ; തിരിച്ചു കിട്ടുമെന്ന പ്രതീക്ഷ കൂടാതെ അവർക്ക് വായ്പ കൊടുക്കുവിൻ. അപ്പോൾ നിങ്ങളുടെ പ്രതിഫലം വലിയതായിരിക്കും. നിങ്ങൾ അത്യുന്നതന്റെ മക്കാളാകും.' ഒരു മനുഷ്യനും തന്നിൽ നിന്ന് യഥാർത്ഥ നന്മയെ ചെയ്യാനാവുന്നില്ല, യോഹന്നാന്റെ സുവിശേഷത്തിൽ ( 3. 27) കർത്താവ് ഉപദേശിക്കുന്നത് അതാണ്, 'സ്വർഗത്തിൽ നിന്നു നൽകുന്നതു മാത്രമേ മനുഷ്യനു സ്വീകരിക്കാൻ കഴിയൂ.' ഇങ്ങനെ തുടരുന്നു (യോഹന്നാൻ 16. 4–8), 'ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളും ആകുന്നു: മുന്തിരിച്ചെടിയിൽ വസിക്കാത്ത കൊമ്പിനു സ്വയം കായ്ക്കാൻ കഴിയാത്തതു പോലെ എന്നിൽ വസിക്കാതെ നിങ്ങൾക്കും കഴിയില്ല. ഒരുവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ അവൻ ധാരാളം ഫലം കായ്ക്കും; എന്നെ കൂടാതെ നിങ്ങൾക്കൊന്നും ചെയ്യാൻ കഴിയില്ല.'

155. കാരണം എല്ലാ നന്മയും സത്യവും കർത്താവിൽ നിന്നുണ്ടാകുന്നു, മനുഷ്യനിൽ നിന്ന് ഒന്നും ഉണ്ടാകുന്നില്ല; മനുഷ്യനിൽ നിന്നുള്ള നന്മ യഥാർത്ഥ നന്മയല്ലാത്തതിനാൽ ബഹുമതി മനുഷ്യന്റേതല്ല, അത് കർത്താവിനു മാത്രം സ്വന്തമാണ്. കർത്താവിന്റെ അർഹത എന്നത്, അവൻ അവന്റേതായ ശക്തി കൊണ്ട് മനുഷ്യ വംശത്തെ സംരക്ഷിക്കുന്നു എന്നതാണ്; അവനിൽ നിന്നുള്ള നന്മ ചെയ്യുന്നവരേയും അവൻ സംരക്ഷിക്കുന്നു. ഈ പശ്ചാത്തലത്തിൽ വചനത്തിൽ കർത്താവിന്റെ അർഹതയും നീതിയും ആരിലേക്ക് ആരോപിക്കുന്നവോ അവനെ നീതിമാനെന്നു വിളിക്കുന്നു; എന്നാൽ തന്റേതായ നീതിയും അർഹതയും ആരിലേക്ക് ആരോപിക്കുന്നവോ അവനെ ന്യായ രഹിതനെന്നും എന്നും വിളിക്കപ്പെടുന്നു.

156. പ്രതിഫലേച്ഛ കൂടാതെ നന്മ ചെയ്യുന്നതിൽ നിന്നുള്ള സ്നേഹത്തിലെ മഹത്തായ ആനന്ദമാണ് നിത്യതയോളം നിലിനൽക്കുന്ന അർഹത; എന്തെന്നാൽ ആ നന്മയിലേക്ക് സ്വർഗത്തേയും

നിത്യാനന്ദത്തേയും കർത്താവ് ചേർത്തിരിക്കുന്നു.

157. നന്മ ചെയ്യുന്നവരാണ് സ്വർഗത്തിലെത്തുന്നതെന്നും ഏതൊരുവനും സ്വർഗത്തിലെത്താൻ നന്മ ചെയ്യേണ്ടതുണ്ടെന്നുമുള്ള ചിന്തയും വിശ്വാസവും അന്തിമ ലക്ഷ്യം പ്രതിഫലത്തെ ആഗ്രഹിക്കുന്നുവെന്ന് അർത്ഥമാക്കുന്നില്ല; അതുകൊണ്ടുതന്നെ തങ്ങളുടെ പ്രവൃത്തികളിൽ അർഹതയെ ചേർത്തുവയ്ക്കുന്നതായും ഇത് അർത്ഥമാക്കുന്നില്ല; എന്തുകൊണ്ടെന്നാൽ കർത്താവിൽ നിന്നുള്ള നന്മയെ പ്രവർത്തിക്കുന്നവർ പോലും അങ്ങനെ ചിന്തിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു: മറിച്ച് അങ്ങനെ തന്നെ വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയും എന്നാൽ നന്മയ്ക്ക് വേണ്ടിയുള്ള നന്മയുടെ സ്നേഹത്തിലല്ലാതിരിക്കുകയും ചെയ്യുന്നവർ അന്തിമ ലക്ഷ്യമായി പ്രതിഫലത്തെ ഇച്ഛിക്കുന്നു, അവർ തങ്ങളുടെ പ്രവൃത്തികളിൽ അർഹതയെ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു.

**മാനസാന്തരവും പാപങ്ങളുടെ മോചനവും**

159. രക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്ന ഒരു വ്യക്തി തന്റെ തെറ്റുകൾ സമ്മതിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യേണ്ടതാണ്.

160. ഒരുവന്റെ തെറ്റുകളെ സമ്മതിക്കുകയെന്നാൽ, തിന്മകളെ അറിയുകയും ഒരുവന്റെ സ്വയത്തിൽ അവയെ കാണുകയും അംഗീകരിക്കുകയും ചെയ്യുന്നതും സ്വയത്തിന്റെ അപരാധം പ്രഖ്യാപിക്കുകയും, അവൻ തന്നെ സ്വയത്തെ കുറ്റപ്പെടുത്തുകയും ചെയ്യുക എന്നാണ്. ദൈവമുമ്പാകെ ഇങ്ങനെ ചെയ്യുമ്പോൾ പാപങ്ങളുടെ ഏറ്റുപറച്ചിൽ ആകുന്നു.

161. മാനസാന്തരം അനുഷ്ഠിക്കുക എന്നാൽ ഇനി പറയുന്നത് ഉൾപ്പെടുന്നതാണ്, ഒരുവൻ തന്റെ കുറ്റങ്ങൾ സമ്മതിച്ചതിനു ശേഷം, തന്നോടു പാപങ്ങൾ പൊറുക്കണമെന്ന് വിനീത ഹൃദയത്തോടെ പ്രാർത്ഥിക്കുമ്പോൾ, അവൻ ഈ പാപങ്ങളെ ഉപേക്ഷിക്കുകയും സാർവത്രീക സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും വീക്ഷണ്ണങ്ങൾക്ക് അനുസരിച്ച് ഒരു പുതിയ ജീവിതം നയിക്കുകയും

ചെയ്യുന്നു.

162. ഒരുവൻ സാധാരണ രീതിയിൽ മാത്രം താൻ കുറ്റക്കാരനാണെന്ന് അംഗീകരിക്കുകയും എല്ലാ പാപങ്ങളും ചെയ്ത അപരാധിയാണ് താൻ എന്ന് സ്വയം പ്രഖ്യാപിക്കുകയും ചെയ്യുന്നുവെങ്കിലും ആത്മപരിശോധന നടത്താതിരുന്നുകൊണ്ട് അതായത്, അവന്റെ തിന്മകളെ കാണാതെ കുറ്റസമ്മതം നടത്തിയാൽ അത് മാനസാന്തരത്തിന്റെ ഏറ്റുപറച്ചിൽ ആകുന്നില്ല. അത്തരക്കാർ തങ്ങൾ തിന്മകൾക്കൊപ്പമാണുള്ളതെന്ന് തിരിച്ചറിയുന്നില്ലാത്തതിനാൽ തുടർന്നും പഴയ രീതിയിൽ തന്നെ ജീവിക്കുകയേയുള്ളൂ.

163. സാർവത്രീക സ്നേഹത്തിന്റെയും വിശ്വാസത്തിന്റേയും ജീവിതം നയിക്കുന്നവൻ ദിവസവും മാനസാന്തരപ്പെടുന്നു; തന്നിൽ തന്നെയുള്ള തിന്മകളെ അവൻ തുറന്നുകാട്ടുന്നു: അവയെ അവൻ അംഗീകരിക്കുകയും അതിനെതിരെ കവചമൊരുക്കുകയും സഹായത്തിനായി കർത്താവിനോട് അപേക്ഷിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ തന്നിൽത്തന്നെ നിരന്തരം വീണുപോകുകയും എന്നാൽ കർത്താവിനാൽ എല്ലായ്പോഴും ഉയർത്തെഴുന്നേൽപിക്കപ്പെടുകയും ചെയ്യുന്നവൻ നന്മയിലേക്ക് നയിക്കപ്പെടുന്നു. നന്മയിലുള്ളവരുടെ അവസ്ഥ ഇതാണ്. തിന്മയിലുള്ളവനും സ്ഥിരമായി വീഴുകയും എല്ലായ്പ്പോഴും കർത്താവിനാൽ ഉയർത്തെഴുന്നേൽപിക്കപ്പെടുകയും ചെയ്യുന്നു, എന്നാൽ അവർ, തങ്ങളുടെ മേൽ ഏറ്റവും കടുത്ത സ്വാധീനമുള്ള ഏറ്റവും ദാരുണമായ തിന്മകളിലേക്ക് വീഴാതെ നയിക്കപ്പെടുക മാത്രമാണ് ചെയ്യുന്നത

164. മാനസാന്തരം അനുഷ്ഠിക്കുക എന്ന ലക്ഷ്യത്തോടെ ആത്മപരിശോധന നടത്തുന്ന ഒരുവൻ തന്റെ ചിന്തകളേയും ഇച്ഛയുടെ മോഹങ്ങളേയും കുറിച്ച് സൂക്ഷ്മ നിരീക്ഷണം നടത്തണം; തനിക്ക് സ്വാതന്ത്ര്യമുണ്ടെങ്കിൽ, അതായത്, നിയമങ്ങളേയോ, അഭിമാനത്തിന്റേയും യശസ്സിന്റേയും നേട്ടങ്ങളുടേയും നഷ്ടങ്ങളെ കുറിച്ചോ ഭയപ്പെടേണ്ടതില്ലെങ്കിൽ, താൻ എന്താണു ചെയ്യുകയെന്ന് പരിശോധിക്കാനും അവൻ ബാധ്യസ്ഥനാണ്; ഒരുവന്റെ തിന്മ അവന്റെ ചിന്തകളിലും ഉദ്ദേശ്യങ്ങളിലുമാണ്; അവൻ ശരീര കൊണ്ടു

ചെയ്യുന്ന തിന്മകളൊക്കെയും ഉത്ഭവിക്കുന്നത് ഈ രണ്ടു കാര്യങ്ങളിൽ നിന്നാണ്. തങ്ങളുടെ ചിന്തകളിലേയും ഇച്ഛകളിലേയും തിന്മകളെ കുറിച്ച് സൂക്ഷ്മ പരിശോധന നടത്താത്തവന് മാനസാന്തരം അനുഷ്ഠിക്കാനാവില്ല; എന്തെന്നാൽ അതിനു ശേഷവും അവൻ പഴയ പോലെതന്നെ ചിന്തിക്കുകയും ഇച്ഛിക്കുകയും ചെയ്യുന്നു; മാത്രവുമല്ല, തിന്മകളെ ഇച്ഛിക്കുകയെന്നാൽ അവയെ പ്രവർത്തിക്കുകയെന്നാണ് അർത്ഥമാക്കുന്നത്. ആത്മപരിശോധനയിലൂടെയാണ് മനസ്സിലാക്കേണ്ടത്.

165. ജീവിതം കൊണ്ടല്ലാതെ അധരം കൊണ്ടുള്ള മാനസാന്തരം മാനസാന്തരമല്ല. അധര മാനസാന്തരം കൊണ്ട് പാപങ്ങൾ പൊറുക്കപ്പെടുന്നില്ല, ജീവിതത്തിന്റെ മാനസാന്തരം കൊണ്ടാണ് ഇതു സാധിക്കുന്നത്. കർത്താവ് മനുഷ്യന്റെ പാപങ്ങളെ തുടർച്ചയായി ക്ഷമിക്കുന്നു, എന്തുകൊണ്ടെന്നാൽ കർത്താവ് സ്വയം ഒരു ആർദ്രതയാകുന്നു; പാപങ്ങളെ നീക്കിയതായി ഒരുവൻ വിചാരിക്കുന്നുണ്ടെങ്കിലും പാപങ്ങൾ അവനോട് ഒട്ടിച്ചേർന്നു നിൽക്കുന്നു; സത്യ വിശ്വാസത്തിന്റെ വീക്ഷണത്തിലുള്ള ജീവിതത്തിലൂടെയല്ലാതെ പാപങ്ങൾ അവനിൽ നീക്കം ചെയ്യപ്പെടുന്നില്ല. ഒരുവൻ എത്രത്തോളം സത്യവിശ്വാസത്തിന്റ ജീവിതം നയിക്കുന്നുവോ അത്രത്തോളം അവനിലെ പാപങ്ങളും നീക്കം ചെയ്യപ്പെടുന്നു; അവ എത്രത്തോളം നീക്കം ചെയ്യപ്പെടുന്നുവോ അത്രത്തോളം അവൻ മുക്തനാക്കപ്പെടുന്നു.

166. പാപങ്ങൾ ക്ഷമിക്കപ്പെട്ടു കഴിയുമ്പോൾ അവരിലെ മാലിന്യങ്ങൾ തുടച്ചു നീക്കപ്പെടുമെന്നോ വെള്ളം കൊണ്ട് കഴുകപ്പെടുമെന്നോ ആണ് പൊതുവേ വിശ്വസിക്കപ്പെടുന്നത്. പാപങ്ങളെ തുടച്ചു നീക്കപ്പെടുന്നില്ല, മറിച്ച് അവ പുറകോട്ട് വലിച്ചു നീക്കപ്പെടുകയാണ് ചെയ്യുന്നത്; ഒരുവൻ കർത്താവിന്റെ നന്മയിൽ എത്തുമ്പോൾ അവൻ അവയെ ഉപേക്ഷിക്കുന്നു; മനുഷ്യൻ നന്മയിൽ എത്തിപ്പെടുമ്പോൾ താൻ പാപങ്ങളില്ലാത്തവനാണെന്ന് അവന് തോന്നുന്നു, അങ്ങനെയാണ് പാപങ്ങൾ തുടച്ചു നീക്കപ്പെട്ടതായി തോന്നുന്നത്. ഒരുവൻ നവീകരിക്കപ്പെടുന്നിടത്തോളം അവന് നന്മയിൽ തുടരാനാവുന്നു. മനുഷ്യൻ എങ്ങനെ നവീകരിക്കപ്പെ

ടുന്നുവെന്ന് തുടർന്നു വരുന്ന വീണ്ടും ജനനത്തെ കുറിച്ചുള്ള ഉപദേശ ലേഖനത്തിൽ പറയുന്നുണ്ട്. മറ്റേതെങ്കിലും മാർഗത്തിൽ പാപങ്ങൾ പൊറുക്കുന്നതായി കരുതുന്നവരെല്ലാം അതിയായി വഞ്ചിക്കപ്പെടുകയാണ്.

167. പാപങ്ങൾ പൊറുത്തതായുള്ള, അതായത് നീക്കം ചെയ്തതായുള്ളതിന്റെ സൂചനകൾ ഇനി പറയുന്നതു പോലായിരിക്കും; ദൈവത്തിനായി ദൈവത്തെ ആരാധിക്കുമ്പോൾ ഒരു ആനന്ദം ദർശിക്കപ്പെടുന്നു; അയൽക്കാരനു വേണ്ടി അയൽക്കാരനെ സേവിക്കുമ്പോൾ, അതുവഴി, നന്മയ്ക്ക് വേണ്ടി നന്മ പ്രവർത്തിക്കുന്നു, സത്യത്തിനു വേണ്ടി സത്യം പറയുന്നു; ബഹുമതികൾ നേടണമെന്ന ചിന്തയോട് കാരുണ്യത്തിന്റെയും സത്യത്തിന്റെയും ചിന്തകളിലൂടെ വൈമുഖ്യം തോന്നുന്നു; തിന്മകളെ പരിത്യജിക്കുകയും, ഉദാഹരണത്തിന്, ശത്രുത, വിദ്വേഷം, പക, പരസ്ത്രീഗമനം, ഈ തിന്മകളുടെയെല്ലാം മൂല ചിന്തകളോടും അവയുടെ ഉദ്ദേശങ്ങളോടും വെറുപ്പ് തോന്നുകയും ചെയ്യുന്നു. എന്നാൽ പാപങ്ങൾ പൊറുക്കപ്പെടുന്നില്ല, അതായത്, നീക്കം ചെയ്യപ്പെടുന്നില്ല എന്നതിന്റെ സൂചന ഇനി പറയുന്നതു പോലെയാണ്: ദൈവത്തിനെ ദൈവത്തിനായി ആരാധിക്കപ്പെടുകയോ അയൽക്കാരനെ അയൽക്കാരനായി സേവിക്കപ്പെടുകയോ ചെയ്യുന്നില്ല; തദ്വാരാ നന്മയ്ക്കും സത്യത്തിനും വേണ്ടി നന്മ ചെയ്യുകയോ സത്യം പറയുകയോ ചെയ്യുന്നില്ല, മറിച്ച് സ്വയത്തിനു വേണ്ടിയും ലോകത്തിനു വേണ്ടിയുമാണ് അങ്ങനെ ചെയ്യുന്നത്; ഒരുവന്റെ പ്രവർത്തികളിലൂടെ ബഹുമതികൾ കൊയ്യണമെന്ന് ചിന്തയോട് ആഭിമുഖ്യം തോന്നുന്നു: ശത്രുത, വിദ്വേഷം, പ്രതികാരം, പരസ്ത്രീ ഗമനം തുടങ്ങിയ തിന്മകളിൽ ആനന്ദക്കേടുകൾ ഒന്നും തോന്നുന്നതേയില്ല; എന്നാൽ ഈ തിന്മകളിൽ നിന്നും അനിയന്ത്രിതമായ സ്വാതന്ത്ര്യമാണ് അവർ കാണുന്നത്.

168. സ്വതന്ത്രമായ അവസ്ഥയിൽ മാനസാന്തരം അനുഷ്ഠിക്കുന്നത് പ്രയോജനകരമായിരിക്കുന്നു; എന്നാൽ പ്രേരണയാൽ മാനസാന്തരം നടത്തുന്നത് പ്രയോജനകരമായിരിക്കില്ല. പ്രേരണയാലുള്ള അവസ്ഥ എന്നത്, രോഗാതുര അവസ്ഥയും ദൗർഭാഗ്യത്തിൽ

നിന്ന് മനസ്സിന് വിഷണ്ണതയുണ്ടാകുന്ന അവസ്ഥയും, മരണത്തെ സമീപിക്കുന്ന അവസ്ഥയുമാകുന്നു; പ്രേരണയാൽ മാനസാന്തര ത്തിന് സമ്മതിക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുന്ന തിന്മ നിറഞ്ഞ ഒരുവൻ സ്വതന്ത്രാവസ്ഥ വീണ്ടെടുക്കുകയും പഴയ തിന്മ യുടെ ജീവിതത്തിലേക്ക് മടങ്ങിപ്പോകുകയും ചെയ്യുന്നു. എന്നാൽ നന്മ നിറഞ്ഞവന്റെ കാര്യത്തിൽ ഇത് വ്യത്യസ്തമായിരിക്കും.

169. ഒരുവൻ ആത്മപരിശോധന നടത്തിയതിനും തന്റെ പാപങ്ങൾ അംഗീകരിച്ചതിനും മാനസാന്തരം നടത്തിയതിനും ശേഷം, അവ ന്റെ ജീവിതാന്ത്യം വരെ നന്മയിൽ അടിയുറച്ചു നിൽക്കാൻ ബാ ധ്യസ്ഥനാണ്. എന്തെന്നാൽ അതിനുശേഷം അവൻ തന്റെ തിന്മ നിറഞ്ഞ പൂർവ ജീവിതത്തിലേക്ക് മടങ്ങുകയും അത്തരം ജീവിത ത്തെ പുൽകുകയും ചെയ്താൽ അവൻ ദൈവനിന്ദ നടത്തുന്നവ നായി തീരുന്നു; കാരണം അവിടെ അവൻ നന്മയെ തിന്മയുമായി സംയോജിപ്പിക്കുകയാണ് ചെയ്യുന്നത്; അതുകൊണ്ട് അവന്റെ പുതിയ അവസ്ഥ, പഴയതിനേക്കാൾ മോശമായിരിക്കും; കർത്താ വിന്റെ വാക്കുകളിൽ ഇങ്ങനെ പറയുന്നു (മത്തായി 12. 43–45), 'ദു രാത്മാവ് ഒരു മനുഷ്യനിൽ നിന്ന് പുറത്തു കടന്ന്, വെള്ളമില്ലാ ത്ത പ്രദേശങ്ങളിൽ കൂടി വിശ്രമം തേടി സഞ്ചരിക്കുന്നു. അതു കണ്ടെത്താൻ കഴിയാതെ, 'ഞാൻ വിട്ടുപോന്ന വീട്ടിലേക്ക് തിരി കെച്ചെല്ലും,' എന്നു പറയുന്നു. അങ്ങനെ ചെല്ലുമ്പോൾ ആ വീട് ഒഴിഞ്ഞും അടിച്ചു വാരിയും ക്രമീകരിക്കപ്പെട്ടും കാണുന്നു. അ പ്പോൾ അതുപോയി തന്നേക്കാൾ ദുഷ്ടതയേറിയ ഏഴ് ആത്മാക്ക ളെക്കൂടി കൂട്ടിക്കൊണ്ടുവരികയും അവർ അവിടെ പ്രവേശിച്ചു പാർ ക്കുകയും ചെയ്യുന്നു. ആ മനുഷ്യന്റെ ഒടുവിലത്തെ സ്ഥിതി ആ ദ്യത്തേതിനേക്കാൾ വഷളാവുന്നു.' ദൈവനിന്ദ എന്നു പറയുന്ന തിലൂടെ അർത്ഥമാക്കുന്നതെന്തെന്ന് ഇനിയുള്ള ഭാഗങ്ങളിൽ കാ ണാം.

**വീണ്ടും ജനനം**

173. ആത്മീയ ജീവിതം ലഭിക്കാത്തവന്, അതായത്, കർത്താവി നാൽ **വീണ്ടും ജനനം** ലഭിക്കാത്തവന് സ്വർഗത്തിലേക്ക് പ്രവേ

ശിക്കാനാവില്ല. യോഹന്നാന്റെ സുവിശേഷത്തിൽ (3.3) കർത്താവ് ഉപദേശിക്കുന്നത് ഇതാണ്, 'സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, വീണ്ടും ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴിയില്ല.'

174. മാതാപിതാക്കളിലൂടെ ഒരുവൻ ആത്മീയ ജീവിതത്തിലേക്ക് പിറക്കുന്നില്ല, മറിച്ച് പ്രാകൃതിക ജീവിതത്തിലേക്കാണ് ജനിക്കുന്നത്. എല്ലാറ്റിനും മീതെ ദൈവത്തെയും അയൽക്കാരനെ തന്റെ സ്വയത്തെയെന്നോണം സ്നേഹിക്കുന്നതാണ് ആത്മീയ ജീവിതം; അതോടൊപ്പം തന്നെ വചനത്തിൽ കർത്താവ് ഉപദേശിക്കുന്ന വിശ്വാസത്തിന്റെ വീക്ഷണങ്ങൾക്ക് അനുസരിച്ച് ജീവിക്കുകയും ചെയ്യുന്നതാണ് ഇത്. എന്നാൽ പ്രാകൃതിക ജീവിതമെന്നാൽ അയൽക്കാരനേക്കാളേറെ, അതെ ദൈവത്തേക്കാൾ ഏറെയും, ഒരുവന്റെ സ്വയത്തേയും ലോകത്തേയും സ്നേഹിക്കുന്നതാണ്.

175. എല്ലാ മനുഷ്യരും തങ്ങളുടെ മാതാപിതാക്കളിൽ നിന്ന് സ്വയസ്നേഹത്തിന്റെയും ലോക സ്നേഹത്തിന്റെയും തിന്മകളിലേക്കാണ് ജനിച്ചു വീഴുന്നത്; പ്രാകൃതിക ശീലമായിത്തീരുന്ന തിന്മകളെല്ലാം, അതേപോലെ, സന്തതി പരമ്പരയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു; അങ്ങനെ മാതാപിതാക്കളിലും പിതാമഹരിലും, പൂർവികരിലും അതിനും കാലങ്ങളോളം മുമ്പുള്ളവരിൽ നിന്നും തിന്മകൾ പിന്തുടർച്ചയായി മാറുന്നു. ഈ പശ്ചാത്തലത്തിൽ ഇങ്ങനെ കൈമാറ്റം ചെയ്യപ്പെടുന്ന തിന്മകളുടെ വലിപ്പം വർദ്ധിക്കുന്നു, അങ്ങനെ ഒരുവന്റെ ജീവിതകാലം മുഴുവൻ തിന്മയല്ലാതെ മറ്റൊന്നുമില്ലാതെയാകുന്നു. തിന്മകളുടെ തുടർച്ചയായ ഈ തുടർച്ചാ പാരമ്പര്യത്തേയും തകർക്കാനും മാറ്റപ്പെടാനും കർത്താവിങ്കൽ നിന്നുള്ള വിശ്വാസത്തിന്റെയും സ്നേഹത്തിന്റേയും ജീവിതത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ.

176. ഒരുവന് പൈതൃകമായി ലഭിക്കുന്നതും അവൻ തുടർച്ചയായി ചായുന്നതും തെറ്റിപ്പോകുകയും ചെയ്യുന്ന ഈ സ്രോതസ്സിൽ നിന്നാണ് തന്നിലെ പ്രത്യേക തിന്മകളെ അവൻ സ്ഥിരീകരിക്കുന്നത്, തന്റേതായ തിന്മകൾ അവൻ അതിലേക്ക് കൂട്ടിച്ചേർക്കുക

യും ചെയ്യുന്നു. ഈ തിന്മകൾ ആകമാനം ആത്മീയ ജീവിതത്തിനു വിരുദ്ധമാകുന്നു, അതിന് വിനാശകരവുമാണ് ഇവ; ആകയാൽ കർത്താവിൽ നിന്നുള്ള ആത്മീയ ജീവിതമാകുന്ന ഒരു പുതിയ ജീവിതവും ലഭിക്കാത്ത പക്ഷവും; ആയതിനാൽ പുതിയ കാഴ്ചപ്പാടു ധരിക്കയും, പുതിയതായ ശിക്ഷണം നൽകപ്പെടുകയും പുതിയതായി സൃഷ്ടിക്കപ്പെടുകയും ചെയ്യാത്തപ്പക്ഷവും നരകത്തിലെ ആളുകളുടെ മാതിരി ഒന്നും ചിന്തിക്കുകയോ, ഇഛരിക്കുകയും ചെയാതെ ലോകത്തോടും സ്വയത്തോടും മാത്രം ചിന്തിക്കുകയും ഇഛരിക്കുകയും ചെയ്തിട്ട് അവൻ നഷ്ടപ്പെട്ടു പോകുന്നു..

177. പുതുജീവിതമാകുന്ന ആത്മീയ ജീവിതത്തിന്റെ അത്തരം കാര്യങ്ങൾ അറിയാത്ത പക്ഷം ഒരുവനും വീണ്ടും ജനിക്കാനാവില്ല. വിശ്വസിക്കപ്പെടേണ്ടതിനുള്ള സത്യങ്ങളും നിവർത്തിക്കപ്പെടേണ്ട നന്മകളുമാണ് പുതു ജീവിതത്തിന്റേയോ ആത്മീയ ജീവിതത്തിന്റേയോ കാര്യങ്ങൾ: ആദ്യം പറയുന്ന കാര്യം വിശ്വാസത്തിന്റേതും രണ്ടാമത് പറയുന്നത് സാർവത്രീക സ്നേഹത്തി ന്റെ നന്മയുടേയും. ആർക്കും തന്നിൽ നിന്നു തന്നെ ഇക്കാര്യങ്ങളെ അറിയാനാവുന്നില്ല; എന്തെന്നാൽ തന്റെ ബോധത്തിൽ പതിയുന്ന കാര്യങ്ങളെ മാത്രമാണ് ഒരു മനുഷ്യൻ മനസ്സിലാക്കുന്നത്: ഇവയിൽ നിന്നെല്ലാം അവൻ തനിക്കു വേണ്ട വെളിച്ചത്തെ സംഭരിക്കുന്നു, ഇതിനെ പ്രാകൃതിക വെളിച്ചം എന്നു വിളിക്കുന്നു; അതിലൂടെ അവൻ ലോകത്തിന്റെയും തന്റെയും കാര്യങ്ങളെ മാത്രമാണ് കാണുന്നത്, മറിച്ച് സ്വർഗത്തിന്റേയും ദൈവത്തിന്റേയും കാര്യങ്ങളെ കാണുന്നില്ല. രണ്ടാമതു പറയുന്ന കാര്യം വെളിപാടിലൂടെ അവൻ അഭ്യസിച്ചെടുക്കേണ്ടതാണ് – ഉദാഹരണത്തിന് നിത്യതയിൽ നിന്നുള്ള ദൈവമായ കർത്താവ് മനുഷ്യ വർഗ്ഗത്തെ രക്ഷിക്കുന്നതിനായി ഭൂമിയിലേക്ക് വന്നു; അവന് സ്വർഗത്തിലും ഭൂമിയിലും സകല അധികാരങ്ങളും ഉണ്ടായിരിക്കുന്നു; സകല വിശ്വാസവും സാർവത്രീക സ്നേഹത്തിന്റെ നന്മയും, അതുവഴി സകല സത്യങ്ങളും നന്മകളും അവനിൽ നിന്നു വരുന്നു; ഇവിടെ ഒരു സ്വർഗവും നരകവുമുണ്ട്; ഒരുവൻ നന്മ

ചെയ്താൽ അവൻ സ്വർഗത്തിൽ നിത്യതയോളം ജീവിക്കുന്നു, മറിച്ച് തിന്മ ചെയ്താൽ നരകത്തിലേക്ക് പോകുന്നു തുടങ്ങിയ കാര്യങ്ങൾ.

178. ഇവയും വിശ്വാസത്തിന്റേതായ മറ്റു പല കാര്യങ്ങളും വീണ്ടും ജനിക്കപ്പെടുന്ന മനുഷ്യൻ അറിഞ്ഞിരിക്കേണ്ടതാണ്; എന്തുകൊണ്ടെന്നാൽ, ഇത്തരം കാര്യങ്ങളുമായി പഴകിയിട്ടുള്ളവന് അവയെ കുറിച്ച് ചിന്തിക്കാനാകും, തുടർന്ന് അവയെ ഇച്ഛിക്കുന്നു; ഒടുവിൽ അത് പ്രവർത്തിക്കുന്നു; അങ്ങനെ അവന് ഒരു പുതിയ ജീവിതം നേടാനാകുന്നു. നേരെ മറിച്ച് കർത്താവ് മനുഷ്യ കുലത്തിന്റെ രക്ഷകനാണെന്ന് അറിയാത്തവർക്ക് അവനിൽ ഒരു വിശ്വാസവുമുണ്ടായിരിക്കില്ല, അവനെ സ്നേഹിക്കുന്നുമില്ല, അതുകൊണ്ട് അവനു വേണ്ടി നന്മ പ്രവർത്തിക്കുന്നുമില്ല; കർത്താവിൽ നിന്നാണ് എല്ലാ നന്മകളുമുണ്ടാകുന്നതെന്ന് അറിയാത്തവന് തന്റെ മോചനം അവനിൽ നിന്നുണ്ടാവുന്നതെന്നും ചിന്തിക്കാൻ കഴിയുന്നില്ല, അങ്ങനെയാണ് കാര്യങ്ങളെന്ന് ഇച്ഛിക്കാനും സാധിക്കാതെ വരികയും അങ്ങനെ കർത്താവിൽ നിന്ന് ജീവിക്കാനാവാതെ വരികയും ചെയ്യുന്നു; അവിടെ ഒരു നരകവും ഒരു സ്വർഗവുമുണ്ടെന്ന്, ഒരു നിത്യജീവിതമുണ്ടെന്ന് അറിയാത്തവന്, സ്വർഗീയ ജീവിതത്തെ കുറിച്ച് ചിന്തിക്കാൻ പോലുമാവില്ല, അവയെ ലഭിക്കാൻ സ്വയം അപേക്ഷിക്കാനുമാവുന്നില്ല. മറ്റുള്ള എല്ലാ സംഗതികളിലും അങ്ങനെ തന്നെയാണ്.

179. എല്ലാവരിലും ഒരു ആന്തരിക മനുഷ്യനും ബാഹ്യ മനുഷ്യനുമുണ്ട്: ആത്മീയ മനുഷ്യനെന്നും വിളിക്കപ്പെടുന്നത് ആന്തരിക മനുഷ്യനും പ്രാകൃതിക മനുഷ്യൻ എന്നു വിളിപ്പെടുന്നത് ബാഹ്യ മനുഷ്യനുമാവുന്നു. മനുഷ്യനെ വീണ്ടും ജനിപ്പിക്കുന്നത് അനുസരിച്ച് ഇവ ഓരോന്നിനേയും വീണ്ടും ജനിപ്പിക്കേണ്ടതുണ്ട്. വീണ്ടും ജനിക്കാത്ത ഒരുവന്റെ ബാഹ്യ മനുഷ്യൻ, ആതായത് പ്രാകൃതിക മനുഷ്യനാണ് വാഴുന്നത്; ആന്തരിക ആജ്ഞാനുവർത്തി മാത്രമാണ്; എന്നാൽ വീണ്ടും ജനിക്കുന്ന മനുഷ്യനിൽ ആന്തരിക മനുഷ്യൻ, അതായത് ആന്തരിക മനുഷ്യനാണ് വാഴുന്നത്, ബാഹ്യ മനുഷ്യൻ ആജ്ഞാനുവർത്തി മാത്രമാണ്. ഇതിൽ നിന്നും

വ്യക്തമാകുന്നത് ജനനം മുതലുള്ള ഒരു മനുഷ്യന്റെ ജീവിതക്രമം ഇവിടെ കീഴ്മേൽ മറിക്കുന്നു; അതായത്, വാഴേണ്ടത് എന്തോ അത് ആജ്ഞാനുവർത്തിയാവുന്നു, ആജ്ഞാനുവർത്തിയാകേണ്ട തെന്തോ അത് വാഴുന്നു. ഒരുവൻ രക്ഷിക്കപ്പെടേണ്ടതിനായി ഈ ക്രമത്തെ കീഴ്മേൽ മറിക്കേണ്ടതുണ്ട്; കർത്താവിനാൽ നടക്കുന്ന വീണ്ടും ജനനത്തിലൂടെയല്ലാതെ ഈ കീഴ്മേൽ മറിക്കൽ സംഭവിക്കാനാവുകയില്ല.

180. ആന്തരിക മനുഷ്യന്റെ വാഴ്ചയേയും ബാഹ്യമനുഷ്യന്റെ ആജ്ഞാനുവർത്തിത്വത്തേയും, അതിന്റെ വിപരീത രൂപത്തേയും ഇങ്ങനെ വിവരിക്കാം: ഒരുവൻ തന്റെ നന്മയെ മുഴുവനും കാമവെറിയിലും നേട്ടങ്ങളിലും ഗർവിലും വയ്ക്കുകയും വിദ്വഷത്തിലും പ്രതികാരത്തിലും ആനന്ദം അനുഭവിക്കുകയും ആന്തരികമായി സ്ഥിരീകരണ കാരണങ്ങൾ തേടുകയും ചെയ്യുകയാണെങ്കിൽ അവന്റെ ബാഹ്യ മനുഷ്യൻ അവിടെ വാഴുകയും ആന്തരിക മനുഷ്യൻ അനുസരിക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ഒരുവൻ നല്ലതായും സത്യസന്ധമായും നൈതികമായും ചിന്തിക്കുകയും ഇച്ഛിക്കുകയും ചെയ്യുന്നതിൽ തന്റെ ആനന്ദവും തന്റെ നന്മയും കാണുന്നുവെങ്കിൽ, ഹൃദ്യമായ രീതിയിൽ ബാഹ്യതലത്തിൽ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവെങ്കിൽ അവിടെ ആന്തരിക മനുഷ്യൻ വാഴുകയും ബാഹ്യമനുഷ്യൻ അനുസരിക്കുകയുമാണ് ചെയ്യുന്നത്.

181. കർത്താവിനാൽ ആദ്യം വീണ്ടും ജനിക്കപ്പെടുന്നത് ആന്തരിക മനുഷ്യനാണ്, ബാഹ്യ മനുഷ്യൻ രണ്ടാമതായാണ് ജനിക്കുന്നത്; ആന്തരിക മനുഷ്യനിലൂടെയാണ് ബാഹ്യമനുഷ്യൻ ജനിക്കുന്നത്; എന്തുകൊണ്ടെന്നാൽ ആന്തരിക മനുഷ്യൻ വീണ്ടും ജനിപ്പിക്കപ്പെടുന്നത് വിശ്വാസത്തിന്റേയും കാരുണ്യത്തിസാർസ്സത്രീക സ്നേഹത്തിന്റെ നന്മയുടേയും കാര്യങ്ങളെ കുറിച്ച് ചിന്തിച്ചുകൊണ്ടാണ്; മറിച്ച് ബാഹ്യ മനുഷ്യനെ ഇതിനനുസരിച്ചുള്ള ജീവിതം കൊണ്ടാണ് സൃഷ്ടിക്കുന്നത്. കർത്താവിന്റെ ഈ വാക്കുകളിൽ അർത്ഥമാക്കുന്നത് അങ്ങനെയാണ് (യോഹന്നാൻ 3.5), 'ദൈവത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിച്ചില്ല എങ്കിൽ

ദൈവരാജ്യത്തിൽ കടക്കുവാൻ ആർക്കും കഴിയില്ല.' വെള്ളം എന്നത് ആത്മീയ അർത്ഥത്തിൽ വിശ്വാസ സത്യത്തെ കുറിക്കുന്നു, ആത്മാവ് എന്നത് അതിന് അനുസരിച്ചുള്ള ജീവിതവുമാകുന്നു.

182. വീണ്ടും ജനിക്കപ്പെട്ട ഒരുവന്റെ ആന്തരിക മനുഷ്യൻ സ്വർഗത്തിലായിരിക്കും, ദൂതർക്കൊപ്പം ഒരു ദൂതനായിരിക്കും അവൻ, മരണാനന്തരം അവരിലേക്കാണ് അവൻ എത്തുന്നത്. തുടർന്ന് അവന് സ്വർഗീയ ജീവിതം ജീവിക്കാനും, കർത്താവിനെ സ്നേഹിക്കാനും, അയൽക്കാരനെ സ്നേഹിക്കാനും, സത്യം മനസ്സിലാക്കാനും, നന്മ ആസ്വദിക്കാനും അവിടെ നിന്നുള്ള അനുഗ്രഹത്തെ ദർശിക്കാനും സാധിക്കുന്നു.

**പ്രലോഭനം**

187. വീണ്ടും ജനിക്കപ്പെടുന്നവർ മാത്രമാണ് ആത്മീയ പ്രലോഭനങ്ങളിലൂടെ കടന്നു പോകുന്നത്; എന്തുകൊണ്ടെന്നാൽ നന്മകളിലും സത്യങ്ങളിലും കഴിയുന്നവരിൽ ദുരാത്മാക്കൾ ചെലുത്തുന്ന മനോവേദനയാണ് ആത്മീയ പ്രലോഭനം. അത്തരം ആളുകളിലുള്ള തിന്മകളെ ഈ ആത്മാക്കൾ ഉത്തേജിപ്പിക്കുമ്പോൾ പ്രലോഭനത്തിന്റേതായ തീവ്ര മനോവ്യഥ ഉയരുന്നു. ഇതിന്റെ ഉത്ഭവം എവിടെയാണ് എന്നറിയാത്തതിനാൽ ആരിൽ നിന്നാണ് ഈ മനോവ്യഥ വരുന്നതെന്ന് മനുഷ്യൻ അറിയുന്നില്ല.

188. എല്ലാ മനുഷ്യർക്കും ഒപ്പം ദുരാത്മാക്കളും സദ് ആത്മാക്കളും ഉണ്ട്: ദുരാത്മാക്കൾ അവന്റെ തിന്മകളിലും സദ് ആത്മാക്കൾ അവന്റെ നന്മയിലും ആണുള്ളത്. ദൂരാത്മാക്കൾ സമീപത്തെത്തുമ്പോൾ അവയുടെ തിന്മകളെ മുന്നോട്ടു കൊണ്ടുവരുന്നു; നേരെ മറിച്ച് സദ് ആത്മാക്കൾ നന്മയേയും മുന്നോട്ടു കൊണ്ടുവരുന്നു. ഇതിൽ നിന്ന് അവിടെ കൂട്ടിയിടിയും ആക്രമണവും ഉണ്ടാകുന്നു, അതിലൂടെയാണ് മനുഷ്യൻ മനോവ്യഥ നേരിടുന്നത്, ഇതിനെ പ്രലോഭനം എന്ന് അർത്ഥമാക്കുന്നു. ഇപ്പറയുന്നതിൽ നിന്നും പ്രലോഭനം നരകത്തിൽ നിന്നാണുണ്ടാകുന്നത്, മറിച്ച് സ്വർഗത്തിൽ നിന്നല്ല എന്നു വ്യക്തമാകുന്നു; ദൈവം ആരേയും പ്രലോഭിപ്പിക്കുന്നില്ല എന്നുപദേശിക്കുന്ന സഭയുടെ വിശ്വാസങ്ങൾക്ക് അനുസ

രിച്ചായിരിക്കും ഇത്.

189. നന്മയിലും സത്യത്തിലുമല്ലാത്തവർക്ക് ആന്തരിക ക്ലേശം ഉണ്ടാവുന്നു: ആത്മീയ ചിന്തകളല്ല, മറിച്ച് പ്രാകൃതിക ചിന്തകളാണ് വേദന സൃഷ്ടിക്കുന്നത്. ഐഹിക വസ്തുക്കളിലാണ് പ്രാകൃതിക ക്ലേശം ഉള്ളത്, എന്നാൽ ആത്മീയ ക്ലേശം സ്വർഗീയ വസ്തുക്കളിൽ നിന്നാണുള്ളത് എന്ന് ഇവയെ വേർതിരിക്കാം.

190 തിന്മയ്ക്ക് മുകളിൽ നന്മയുടെ അധീശത്വവും നന്മയുടെ മുകളിൽ തിന്മയുടെ അധീശത്വവും തമ്മിൽ പ്രലോഭനത്തിൽ വച്ച് പോരാട്ടത്തിൽ ഏർപ്പെടുന്നു. അധികാര പ്രമത്തതയുള്ള തിന്മയാണ് പ്രാകൃതിക മനുഷ്യനിൽ അല്ലെങ്കിൽ ബാഹ്യ മനുഷ്യനിൽ ഉള്ളത്; ആത്മീയ മനുഷ്യനിൽ അല്ലെങ്കിൽ ആന്തരിക മനുഷ്യനിൽ ഉള്ളത് നന്മയുമാണ്. തിന്മയാണ് നിലനിൽക്കുന്നതെങ്കിൽ പ്രാകൃതിക മനുഷ്യനും നന്മ നിലനിൽക്കുന്നുവെങ്കിൽ ആത്മീയ മനുഷ്യനുമായിരിക്കും വാഴുന്നത്.

191. വചനത്തിൽ നിന്നുള്ള വിശ്വാസ സത്യത്തിന്റെ പന്തയങ്ങളാണ് ഈ പോരാട്ടങ്ങൾ. ഇതിൽ നിന്നും മനുഷ്യൻ തിന്മകൾക്കും വ്യാജതകൾക്കും എതിരെ പോരാടാൻ ബാധ്യസ്ഥനാണെന്നു കാണാം; മറ്റൊന്നിലും കർത്താവില്ലത്തതിനൽ ഇതല്ലാതെ മറ്റിതര സത്യങ്ങളിലൊരുവൻ പോരാടുകയാണെങ്കിൽ അവനു അതിനെ കീഴടക്കനാവുകയില്ല. വിശ്വാസ സത്യങ്ങളുടെ പന്തയങ്ങളാണ് പോരാട്ടം എന്നിരിക്കെ നന്മയുടേയും സത്യത്തിന്റേയും അവകാശി ആകുന്നതുവരേയും മനുഷ്യന് അവയുടെ മേൽ പ്രവേശിക്കാനാവില്ല..

192. ഈ പോരാട്ടത്തിൽ ഒരുവൻ പരാജയപ്പെടുകയാണെങ്കിൽ പ്രലോഭനത്തിന് കീഴടങ്ങിയതിനു ശേഷമുള്ള അവസ്ഥ അതിനു മുമ്പുണ്ടായിരുന്നതിനേക്കാൾ മോശമായിരിക്കും; എന്തെന്നാൽ അപ്പോൾ നന്മയ്ക്കു മേലെ തിന്മയും സത്യത്തിനു മേലെ വ്യാജതയും അധികാരം നേടുന്നു.

193. സാർസ്സത്രീക സ്നേഹത്തിന്റെ നന്മയില്ലാത്തതിനാൽ വർത്തമാനകാലത്തിൽ വിശ്വാസം വളരെ ദുർലഭമാണ് – എന്തെന്നാൽ

സഭയുടെ ലക്ഷ്യം തന്നെ സാർവത്രീക സ്നേഹത്തിന്റെ നന്മയാണ് - അതുകൊണ്ടുതന്നെ വളരെ കുറച്ചുപേരെ മാത്രമേ ആത്മീയ പ്രലോഭനങ്ങൾക്ക് വിധേയരാക്കപ്പെടുന്നുള്ളൂ. ആയതിനാൽ ഈ പ്രലോഭനങ്ങൾ എന്താണെന്നും അവയുടെ ഉപകാരങ്ങൾ എന്താണെന്നും വിരളമായി മാത്രമേ അറിയപ്പെടുന്നുള്ളൂ.

194. തിന്മയ്ക്ക് മേൽ നന്മയ്ക്കും വ്യാജതയ്ക്ക് മേൽ സത്യത്തിനും അധീശത്വം നേടുന്നതിന് ഉപയുക്തങ്ങളാണ് പ്രലോഭനങ്ങൾ; കൂടാതെ സത്യങ്ങളെ ഉറപ്പിക്കുന്നതിനും, അവയെ നന്മയുമായി സംയോജിപ്പിക്കുന്നതിനും അതേ സമയം തന്നെ തിന്മകളേയും അതുവഴി വ്യാജതകളേയും തുരത്തുന്നതിനും പ്രലോഭനങ്ങൾ ഉപയുക്തമാണ്. ആന്തരിക മനുഷ്യനെ തുറക്കുന്നതിനും പ്രാകൃതികത അതിനു വിധേയമാക്കുന്നതിനും പ്രലോഭനങ്ങൾ ഉപയുക്തങ്ങളാണ്: അതേസമയം തന്നെ സ്വയത്തോടും ലോകത്തോടുമുള്ള സ്നേഹങ്ങളിൽ വിടുതൽ നേടുന്നതിനും, അതിൽ നിന്നുമുണ്ടാകുന്ന കാമത്തെ നിയന്ത്രിക്കുന്നതിനും പ്രലോഭനങ്ങൾ ഉപകരിക്കുന്നു. ഇവയെല്ലാം നേടിക്കഴിയുമ്പോൾ മനുഷ്യൻ ജ്ഞാനദീപ്തതയും എന്താണ് സത്യവും നന്മയുമെന്നും വ്യാജതയും തിന്മയുമെന്നുമുള്ള വീക്ഷണം നേടുകയും ചെയ്യുന്നു. മനുഷ്യന് ബുദ്ധിയും ജ്ഞാനവും ലഭിക്കുന്ന വേളയാണിത്, അത് പിന്നീട് ദിവസം തോറും വർദ്ധിച്ചു വരുന്നു.

195. പ്രലോഭനത്തിലുള്ള ഒരുവനു വേണ്ടി പോരാടുന്നത് കർത്താവു മാത്രമാണ്; കർത്താവു മാത്രമാണ് തനിക്കുവേണ്ടി പോരാടുന്നതെന്നും തനിക്കായി കീഴടക്കുന്നതെന്നും അവൻ വിശ്വസിക്കുന്നില്ലെങ്കിൽ അവൻ ബാഹ്യമായ പ്രലോഭനത്തിലൂടെ മാത്രമാണ് കടന്നുപോകുന്നത്, അതുകൊണ്ട് അവനു കാര്യമായ പ്രയോജനമൊന്നുമില്ല.

**സ്നാനം**

202. ഒരു വ്യക്തി താൻ സഭയുടേതാണെന്നും അവൻ വീണ്ടും ജനിക്കപ്പെടേണ്ടതായിരിക്കുന്നു എന്നുള്ള ഓർമ്മയ്ക്കായും

സ്ഥാപിച്ചിട്ടുള്ള അടയാളമാണ് സ്നാനം. സ്നാനത്തിന്റെ കഴുകൽ മറ്റൊന്നിനേയും അർത്ഥമാക്കുന്നില്ല മറിച്ച് വീണ്ടും ജനനമെന്ന ആത്മീയ വൃത്തിയാകലിന്റെ ബാഹ്യ അടയാളമാണ്.

203. വിശ്വാസത്തിന്റെ സത്യങ്ങളിലൂടെയും അതിൻപ്രകാരമുള്ള ഒരു ജീവിതത്തിലൂടെയുമാണ് കർത്താവ് എല്ലാ വീണ്ടും ജനനങ്ങളും സാർത്ഥകമാക്കുന്നത്. അതിനാൽ സ്നാനം എന്നത് ഒരു വ്യക്തി സഭയിലുള്ളവനാണെന്നും വീണ്ടും ജനിക്കപ്പെടുന്നതിന് യോഗ്യതയുള്ളവനാണെന്നുമുള്ള വസ്തുതയ്ക്ക് സാക്ഷ്യം വഹിക്കുകയാണ് ചെയ്യുന്നത്: എന്തുകൊണ്ടെന്നാൽ വീണ്ടും ജനനത്തെ ഫലവത്താക്കുന്നതിനു മുഖാന്തരമാകുന്ന വിശ്വാസ സത്യങ്ങൾ ഉൾക്കൊള്ളുന്ന വചനം അതിലാണെന്നും വീണ്ടും ജനിപ്പക്കുന്ന കർത്താവിനെ സഭയിൽ അംഗീകരിക്കുകയും ചെയ്യുന്നു.

204. യോഹന്നാന്റെ സുവിശേഷത്തിലൂടെ (3.5) കർത്താവ് ഇങ്ങനെ ഉപദേശിക്കുന്നു, 'വെള്ളത്താലും ആത്മാവിനാലും വീണ്ടും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടക്കുവാൻ ആർക്കും കഴിയില്ല.' വെള്ളം എന്നത് ആത്മീയ അർത്ഥത്തിൽ വചനത്തിൽ നിന്നുള്ള വിശ്വാസ സത്യങ്ങളെയാണ് ഉദ്ദേശിക്കുന്നത്; ആത്മാവ് എന്നത് ഈ സത്യങ്ങൾക്ക് അനുസരിച്ചുള്ള ഒരു ജീവിതവും; ജനനം എന്നാൽ അവയിലൂടെ വീണ്ടും ജനിക്കുക എന്നും അർത്ഥമാക്കുന്നു.

205. വീണ്ടും ജനിക്കപ്പെടുന്ന ഓരോരുത്തരും തിന്മയ്ക്കും വ്യാജതയ്ക്കും എതിരെയുള്ള ആക്രമണങ്ങളായ പ്രലോഭനങ്ങളിലൂടെയും കടുന്നുപോകുന്നതിനാൽ സ്നാന ജലവും പ്രലോഭനങ്ങളെ അർത്ഥമാക്കുന്നുണ്ട്.

206. സ്നാനം എന്നത് ഈ വക കാര്യങ്ങളുടെ സൂചകവും സ്മാരകവുമായതിനാൽ ഒരു വ്യക്തിയെ ശൈശവവത്തിലേ സ്നാനപ്പെടുത്തുന്നു; അതല്ലെങ്കിൽ പ്രായപൂർത്തിയായവനായി അവനെ സ്നാനപ്പെടുത്താവുന്നതാണ്.

207. ആയതിനാൽ, സ്നാനപ്പെട്ടവർ തങ്ങളുടെ മനസ്സിൽ സ്നാ

നം എന്നത് രക്ഷയേയോ വിശ്വാസത്തേയോ പകർന്നു നൽകുന്നില്ല, മറിച്ച് വിശ്വാസത്തെ സ്വീകരിക്കുമെന്നും വീണ്ടും ജനിച്ചാൽ രക്ഷിക്കപ്പെടുമെന്നുമാണ് സാക്ഷ്യപ്പെടുത്തുന്നത്.

208. ഇതിൽ നിന്നും മർക്കോസിന്റെ സുവിശേഷത്തിലൂടെയുള്ള (16.16) കർത്താവിന്റെ വാക്കുകളിൽ എന്താണ് അർത്ഥമാക്കുന്ന തെന്ന് വ്യക്തമാകുന്നു, 'വിശ്വസിക്കുകയും സ്നാനം ഏൽക്കപ്പെ ടുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശി ക്ഷാവിധിയിൽ അകപ്പെടും.' വിശ്വസിക്കുന്നവൻ എന്നത് കർത്താ വിനെ അംഗീകരിക്കുന്നവൻ എന്നാണ് അർത്ഥമാക്കുന്നത്, വച നത്തിലൂടെ അവനിൽ നിന്നുള്ള ദിവ്യ സത്യങ്ങൾ സ്വീകരിക്കുന്നു: സ്നാനം ഏൽക്കുന്നവൻ എന്നത് ആരിലൂടെയാണോ കർത്താവ് ഈ സത്യങ്ങളെ വീണ്ടും ജനിപ്പിക്കുന്നത് അവനെ ആണ് അർ ത്ഥമാക്കുന്നത്.

**തിരുവത്താഴം**

210. സ്വർഗ്ഗവുമായി സഭയുടെ സംയോഗവും അതിലൂടെ കർത്താവുമായും സംയോഗപെടേണ്ടതിനായ് കർത്താവിനാൽ സ്ഥാപിക്കപ്പെട്ടതാണ് വിശുദ്ധ തിരുവത്താഴം, ആയതുകൊണ്ട് ആരാധനയുടെ അതി വിശുദ്ധമായ കാര്യമാണിത്.

211. അക്ഷരത്തിന്റേതായിരിക്കുന്ന ബാഹ്യാ അർത്ഥങ്ങൾക്കപ്പുറം ചിന്തിക്കാനാവാത്താവർക്കും വചനത്തിന്റെ ആത്മീയമോ ആന്തരികമോ ആയതിനെ കുറിച്ചു ഒന്നും അറിയാത്തവർക്കും തിരുവത്താഴത്തിലൂടെ എതു രീതിയിലുള്ള സംയോഗമാണ് പ്രാപ്തമാകുന്നതെന്ന് ഉൾകൊള്ളാനാവില്ല.അപ്പത്തിന്റേയും വീഞ്ഞിന്റേയും ശരീരത്തിന്റേയും രക്തത്തിന്റേയും അർത്ഥമാനങ്ങൾ വചനത്തിന്റെ ആന്തരീകവും ആത്മീയവുമായ അർത്ഥങ്ങളിൽ നിന്നും മനസ്സിലാക്കവുന്നതാണ്.

212. ആത്മീയ തലത്തിൽ കർത്താവിന്റെ ശരീരം, അല്ലെങ്കിൽ മാംസം, സമാനാർത്ഥത്തിൽ അപ്പം എന്നത് സ്നേഹത്തിന്റെ നന്മ യെ കുറിക്കുന്നു; കർത്താവിന്റെ രക്തം, സമാനാർത്ഥത്തിൽ വീ ഞ്ഞ് എന്നത് വിശ്വാസത്തിന്റെ നന്മയെ കുറിക്കുന്നു; ഭക്ഷിക്കുക

എന്നത് വിനിയോഗത്തേയം സംയോഗത്തേയും കുറിക്കുന്നു. അത്താഴ ശുശ്രൂഷയിൽ ഭാഗഭാക്കാകുന്ന മനുഷ്യനോടൊപ്പമുള്ള ദൂതന്മാർ മറ്റൊരു പ്രകാരേണ ഗ്രഹിക്കാതെ അവർ ആത്മീയമായി ദർശിക്കുന്നു. കർത്താവിൽ നിന്ന് സ്വർഗ്ഗത്തിലൂടെ ഈവിധം ദൂതന്മാരിൽ നിന്നു മനുഷ്യനിലേക്കു വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും വിശുദ്ധി പ്രവഹിക്കുന്നതിനാലാണ് സംയോഗം പ്രാപ്തമാകുന്നത്.

213. ഒരു മനുഷ്യൻ കർത്താവിൽ നിന്നും കർത്താവിലും ഉള്ള വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും നന്മയിലൂടെ കർത്താവുമായി സംയോഗിക്കുന്നതാണ് രക്തത്തേയും ശരീരത്തേയും കുറിക്കുന്ന വീഞ്ഞും അപ്പവും ഒരുവൻ പങ്കു കൊള്ളുന്നതിൽ നിന്നും തെളിവാക്കുന്നത്. കർത്താവിൽ നിന്നും അവനിലുള്ള വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും നന്മയിലായിരിക്കുന്നവരിലാണ് തിരുവത്താഴ ശുശ്രൂഷയിലൂടെ കർത്താവുമായുള്ള സംയോഗം സംഭവിക്കുന്നതെന്നു ശ്രദ്ധിക്കേണ്ടിയിരീക്കുന്നു. തിരുവത്താഴത്തിലൂടെ സംയോഗവും മറ്റുള്ളവരോടൊപ്പം സാന്നിദ്ധ്യവും സംയോഗമല്ലതാനും.

214. വിശുദ്ധ തിരുവത്താഴം അതിന്റെ ആത്മീയ അർത്ഥത്തിൽ ഉൾക്കൊണ്ടിരിക്കുന്നത് യിസ്രായേലിന്റെ മുഴു ദൈവീക ആരാധനയെയാണ്, ആ സഭയിലെ ആരാധനയിൽ അടിസ്ഥനപരമായി ഉൾപ്പെടുത്തിയിരുന്ന ദഹന വഴിപാടുകളും യാഗങ്ങളും അപ്പമെന്ന ഏക പദപ്രയോഗത്താലാണ്, ആയതിനാൽ തിരുവത്താഴം അതിന്റെ നിവൃത്തിയാണ്.

**പുനരുത്ഥാനം**

223. മരിക്കാനാവാത്ത വിധം മനുഷ്യന്റെ ആന്തരികതയെ ദൈവം സൃഷ്ഠിച്ചിരിക്കകൊണ്ട് ദൈവത്തെ സ്നേഹിക്കാനും വിശ്വസിക്കാനും അപ്രകാരം വിശ്വാസത്താലും സ്നേഹത്താലും ദൈവത്തോട് അവനു സംയോജിക്കാനും കഴിയും.ആയതിനാൽ നിത്യതയിലേക്കു ജീവിക്കേണ്ടതിനായി അവൻ ദൈവത്തോട് സംയോജിക്കേണ്ടിയിരീക്കുന്നു..

224. ജനിക്കുന്ന ഓരോ മനുഷ്യനോടൊപ്പമുള്ള ആന്തരികതയും ബാഹ്യതയും അവന്റെ വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും ആയ കാര്യങ്ങളുടെ ഉദ്ദേശ്യത്തിലേക്കു കൊണ്ടുവരപ്പെടുന്നു. ആന്തരികതയെ ആത്മാവ് എന്നും ബഹ്യതയെ ശരീരം എന്നും വിളിക്കുന്നു. പ്രക്രുതിക ലോകത്തിലെ ഉപയോഗങ്ങൾക്കായി അനുരൂപപ്പെട്ടതാണ് ശരീരമെന്നു വിളിക്കുന്ന ബാഹ്യത. എന്നാൽ ആത്മീയ ലോകത്തിലെ ഉപയോഗങ്ങൾക്കായി അനുരൂപപ്പെട്ടതാണ് ആത്മാവേന്നു വിളിക്കുന്ന ആന്തരീകത, ഇതു ഒരുനാളും മരിക്കുന്നില്ല. ഈ ലോകത്തിൽ മനുഷ്യൻ നന്മയുള്ളവനായിരിക്കുന്നുവെങ്കിൽ ഈ ആന്തരികത ഒരു നല്ല ആത്മാവും ഒരു ദൂതനുമാണ്, മറിച്ച് ഈ ലോകത്തിൽ മനുഷ്യൻ തിന്മയുള്ളവനായിരിക്കുന്നുവെങ്കിൽ ദുഷ്ഠാത്മാവാണ്.

225. ശരീരത്തിന്റെ മരണാനന്തരം മനുഷ്യന്റെ ആത്മാവു ഈ ലോകത്തിൽ ആയിരുന്ന എല്ലാ ആദരവിലുമുള്ള മനുഷ്യരൂപത്തിൽ ആത്മീയ ലോകത്ത് പ്രത്യക്ഷപ്പെടുന്നു. ലോകത്തിൽ ആയിരുന്ന പോലെ കഴ്ചയുടേയും കേൾവിയുടേയും സംസ്സാരത്തിന്റേയും വികാരത്തിന്റേയും കഴിവുകളെ ആസ്വദിക്കയും ഈ ലോകത്തിലെ പോലെ ചിന്തയുടേയും ഇച്ഛയുടേയും പ്രവൃത്തികളുടേയും എല്ലാ കഴിവുകളും അവനു നൽകപ്പെട്ടുമിരിക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ ഈ ലോകത്തിൽ അവനെ പൊതിഞ്ഞിരുന്നതായ മാംസ ശരീരം ഒഴിച്ച് അവൻ എല്ലാ അർത്ഥത്തിലും ഒരു മനുഷ്യനാണ്. അവൻ ആ മാംസ ശരീരത്തെ മരണത്തിങ്കൽ വീണ്ടുകൊള്ളനാവാത്ത വിധം ഉപേക്ഷിക്കുന്നു.

226. ജീവിതത്തിന്റെ ഈ തുടർച്ചയെ ആണ് പുനരുത്ഥാനം എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. അന്ത്യന്യായവിധിക്ക് മുമ്പ് മനുഷ്യർ ഉയർത്തെഴുന്നേൽക്കപ്പെടില്ലെന്നും അന്ന് ലോകം മൊത്തം നശിക്കുമെന്നും മനുഷ്യർ വിശ്വസിക്കുന്നത് അവർ വചനത്തെ മനസ്സിലാക്കുന്നില്ലാത്തതിനാലാണ്; ഇന്ദ്രിയ മനുഷ്യൻ ജീവനെ ശരീരത്തിൽ പ്രതിഷ്ഠിക്കുന്നു, ശരീരത്തിന് ജീവൻ തിരികെ ലഭിക്കുന്നില്ലെങ്കിൽ മനുഷ്യനോടൊപ്പം എല്ലാം അവസാനിക്കുന്നതായി അവർ വിശ്വസിക്കുന്നു.

227. ഒരുവന്റെ മരണാനന്തര ജീവിതമെന്നത്, അവന്റെ സ്നേഹത്തിന്റെ ജീവിതവും വിശ്വാസത്തിന്റെ ജീവിതവുമാണ്. അതുകൊണ്ട് ഇഹലോക ജീവിതത്തിൽ ഒരുവന്റെ സ്നേഹവും അവന്റെ വിശ്വാസവും എപ്രകാരമായിരിക്കുന്നുവോ അപ്രകാരമുള്ള ഒരു ജീവിതമായിരിക്കും നിതൃതയിലും അവന് അവശേഷിച്ചിരിക്കുന്നത്. എല്ലാ വസ്തുക്കളേക്കാളും ഉപരിയായി തങ്ങളെത്തന്നെയും ഇഹലോകത്തേയും സ്നേഹിച്ചവരെ കാത്തിരിക്കുന്നത് നരക ജീവിതമാണ്; എല്ലാ വസ്തുക്കളിലും ഉപരിയായി ദൈവത്തെ സ്നേഹിക്കുകയും അയൽക്കാരനെ തന്നെ പോലെ തന്നെ സ്നേഹിക്കുകയും ചെയ്തവർക്ക് സ്വർഗീയ ജീവിതവും കാത്തിരിക്കുന്നു. ഇവിടെ രണ്ടാമത് പറഞ്ഞിരിക്കുന്ന കൂട്ടർ വിശ്വാസികളും ആദ്യം പറഞ്ഞിരിക്കുന്നവർ അവിശ്വാസികളുമാണ്. സ്വർഗീയ ജീവിതത്തെ നിത്യമായ ജീവിതമെന്നും നരകീയ ജീവിതത്തെ ആത്മീയ മരണമെന്നും വിളിക്കപ്പെടുന്നു.

228. മനുഷ്യൻ മരണാനന്തരവും ജീവിക്കുന്നവെന്നാണ് വചനം പഠിപ്പിക്കുന്നത്; ഉദാഹരണത്തിന്, 'അവിടുന്ന് മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവമത്രേ' (മത്തായി 22.32); ലാസർ മരിച്ചപ്പോൾ അവനെ സ്വർഗത്തിലേക്ക് കൂട്ടികൊണ്ടുപോയി, എന്നാൽ ധനവാൻ നരകത്തിലേക്ക് തള്ളപ്പെടുകയുംചെയ്തു (ലൂക്കൊസ് 16. 22–23); അബ്രഹാം, ഇസഹാക്ക്, യാക്കോബ് ഇവരെല്ലാം സ്വർഗത്തിലാണുള്ളത് (മത്തായി 8.11, 22.31–32; ലൂക്കൊസ് 20. 37–38); യേശു കള്ളനോട് പറഞ്ഞു , ഇന്നു നീ എന്റെ കൂടെ പറുദീസയിലായിരിക്കും (ലൂക്കോസ് 23.43)

**സ്വർഗവും നരകവും**

230. മനുഷ്യാത്മാവിന്റെ ജീവിതത്തെ രൂപപ്പെടുത്തുന്നത് സ്നേഹവും വിശ്വാസവുമെന്ന രണ്ടു കാര്യങ്ങളാണ്, അവന്റെ ഇച്ഛയുടെ ജീവിതത്തെ രൂപപ്പെടുത്തുന്നത് സ്നേഹവും അവന്റെ ധാരണ ബോധത്തിന്റെ ജീവിതത്തെ രൂപപ്പെടുത്തുന്നത് വിശ്വാസവും. അക്കരണത്താൽ കിട്ടിയിട്ടുള്ള സത്യവിശ്വാസവും സത്സ്നേഹവും സ്വർഗ്ഗീയ ജീവനെ രൂപികരിക്കയും വ്യാജ

സത്യവും തിന്മയുടെ സ്നേഹവും നരകീയ ജീവിതത്തേയും രൂപികരിക്കുന്നു.

231. കർത്താവിനോടുള്ള സ്നേഹവും അയൽക്കാരനോടുള്ള സ്നേഹവും സ്വർഗത്തെ രൂപപ്പെടുത്തുന്നു; അങ്ങനെ വിശ്വാസത്തേയും. എന്നാൽ മേൽപറയുന്ന സ്നേഹങ്ങളിൽ നിന്നുള്ള ജീവിതത്തെ ആസ്വദിക്കുമ്പോഴാണ് വിശ്വാസം രൂപപ്പെടുന്നതെന്നു മാത്രം. ഈ സ്നേഹവും അതിൽ നിന്നുണ്ടാകുന്ന വിശ്വാസവും കർത്താവിൽ നിന്നു വരുന്നതിനാൽ കർത്താവാണ് സ്വർഗത്തെ രൂപപ്പെടുത്തുന്നതെന്ന് ഇതിൽ നിന്നു വ്യക്തമാകുന്നു.

232. സ്വർഗ്ഗം മനുഷ്യനോടൊപ്പം ആയിരിക്കുന്നത് കർത്താവിൽ നിന്നുള്ള വിശ്വാസത്തേയും സ്നേഹത്തെയും സ്വീകരിക്കുന്നതിനനുസരിച്ചാണ്. ലോകത്തിൽ ജീവിച്ചു കൊണ്ടിരുന്നപ്പോൾ കർത്താവിൽ നിന്നുള്ള സ്വർഗ്ഗത്തെ സ്വീകരിച്ചിരുന്നവർ മരണാനന്തരം സ്വർഗ്ഗത്തിലേക്കു വരുന്നു.

233. കർത്താവിൽ നിന്നുള്ള സ്വർഗ്ഗത്തെ സ്വീകരിക്കുന്നവർ അവരിൽ തന്നെ സ്വർഗ്ഗമുള്ളവരാണ്, കാരണം മനുഷ്യനിലാണ് സ്വർഗ്ഗം, കർത്താവും അപ്രകാരം തന്നെ പഠിപ്പിക്കുന്നു. (ലൂക്കൊസ് 17. 21), 'ദൈവ രാജ്യം 'ഇതാ ഇവിടെ' എന്നോ, 'അതാ അവിടെ' എന്നോ മനുഷ്യർ പറയുകയും ഇല്ല; എന്തുകൊണ്ടെന്നാൽ ദൈവ രാജ്യം നിങ്ങളുടെ ഉള്ളിൽ ആകുന്നു.'

234. സ്വർഗ്ഗം മനുഷ്യനോടൊപ്പം ആയിരിക്കുന്നത് സ്നേഹത്തിൽ നിന്നും വിശ്വാസത്തിൽ നിന്നും പ്രവൃത്തിക്കയും സംസ്സാരിക്കയും ചെയ്യുന്നതായ അവന്റെ ബഹ്യതയിലും വിശ്വാസത്തിൽ നിന്നും സ്നേഹത്തിൽ നിന്നും ചിന്തിക്കയും ഇച്ഛിക്കയും ചെയ്യുന്നതായ അവന്റെ ആന്തരികതയിലുമാണ് . പക്ഷെ ആന്തരികത കൂടാതെ മനുഷ്യനിൽ സ്വർഗ്ഗം ഇല്ല. എല്ലാ കാപട്യർക്കും നന്നായി സംസ്സാരിക്കുവാനും പെരുമാറുവാനും കഴിയും, എന്നാൽ നല്ല നിലയിൽ ചിന്തിക്കുവാനും ഇഛിക്കുവാനും കഴിയുകയില്ല.

235. മരണത്തിനു തൊട്ടു പിന്നാലെ ഒരുവൻ സ്വർഗത്തിലേക്ക് എത്തുമ്പോൾ അവനിൽ സ്വർഗമുണ്ടോ ഇല്ലയോ എന്നത് വ്യക്തമാ

കുന്നു; എന്നാൽ ഇഹലോകത്തിൽ ജീവിക്കുമ്പോൾ അങ്ങനെയല്ല. കാരണം ഇഹലോകത്തിൽ ബാഹ്യതലമാണ് പ്രത്യക്ഷമായിട്ടുള്ളത്, മറിച്ച് അന്തക്കരണമല്ല; എന്നാൽ പരലോകത്തിൽ ആന്തരിക തലം സുവ്യക്തമാകുന്നു, എന്തുകൊണ്ടെന്നാൽ അവൻ തന്റെ ആത്മാവായിട്ടാണ് അവിടെ ജീവിക്കുന്നത്.

236. കർത്താവിനോടുള്ള സ്നേഹത്തിലും വിശ്വാസത്തിലും ആയിരിക്കുന്ന അത്തരം ആളുകൾക്ക് കർത്താവിൽ നിന്നുള്ള സ്വർഗ്ഗീയ ആനന്ദമെന്ന നിത്യ സന്തോഷമുണ്ടായിരിക്കും. ആ സ്നേഹവും വിശ്വാസവുമുള്ളവരിലും സ്വർഗ്ഗം തന്നിൽ തന്നെയുള്ള മനുഷ്യരിലും അടങ്ങിയിട്ടുള്ള ഈ സന്തോഷത്തിലേക്കാണ് മരണാനന്തരം വരുന്നത്, അതേ സമയം തന്നെ അവരുടെ ആന്തരികതയിൽ ഈ ആനന്ദം സംഭരിക്കപ്പെട്ടു കിടക്കുന്നു. കർത്താവിൽ നിന്നുള്ള സ്നേഹവും വിശ്വാസവും ഒരുവൻ സ്വീകരിക്കുന്നതിനനുസരിച്ച് സ്വർഗ്ഗത്തിൽ അവർ ഏർപ്പെടുന്നതായ സന്തോഷത്തിന്റേയും, ജ്ഞാനത്തിന്റേയും വിവേകത്തിന്റേയും സമാധാനത്തിന്റേയും എല്ലാ നന്മകളുടേയും പങ്കുവെക്കൽ പോലും സ്വർഗ്ഗത്തിൽ ഉണ്ട്. സ്വർഗ്ഗത്തിലുള്ള സന്തോഷവും ജ്ഞാനവും വിവേകവും സമാധാനവും എത്രത്തോളം മഹത്തരമായിരിക്കുന്നുവെന്നു ഇതിൽ നിന്നും തെളിവാകുന്നു..

237. കർത്താവിനോടുള്ള സ്നേഹവും അയൽക്കാരനോടുള്ള സ്നേഹവും മനുഷ്യനിൽ സ്വർഗീയ ജീവിതത്തെ തീർത്തെടുക്കുന്നതു പോലെ തന്നെ, സ്വയത്തോടുള്ള സ്നേഹവും ഇഹലോകത്തോടുള്ള സ്നേഹവും പ്രബലമായിരിക്കുമ്പോൾ നരകീയ ജീവിതത്തേയും രൂപപ്പെടുത്തുന്നു; എന്തുകൊണ്ടെന്നാൽ ഇവിടെ രണ്ടാമത് പറയുന്ന സ്നേഹങ്ങൾ ആദ്യമേ പറയുന്ന സ്നേഹങ്ങൾക്ക് വിരുദ്ധമാണ്. അതുകൊണ്ട് സ്വയത്തോടുള്ള സ്നേഹവും ഇഹലോകത്തോടുള്ള സ്നേഹവും പ്രബലമായിരിക്കുന്നവർക്ക് സ്വർഗത്തിൽ നിന്ന് ഒന്നും സ്വീകരിക്കാനാവില്ല, അതിനാൽ അവർ സ്വീകരിക്കുന്നതെല്ലാം നരകത്തിൽ നിന്നുള്ളതായിരിക്കും; എന്തുകൊണ്ടെന്നാൽ ഒരുവൻ സ്നേഹിക്കുന്നതെന്തോ, അവൻ

വിശ്വസിക്കുന്നതെന്തോ അത് ഒന്നുകിൽ സ്വർഗത്തിൽ നിന്നോ അല്ലെങ്കിൽ നരകത്തിൽ നിന്നോ വരുന്നതായിരിക്കും.

238. സ്വയത്തോടുള്ള സ്നേഹവും ലോകത്തോടുള്ള സ്നേഹവും പ്രബലമായിരിക്കുന്നവർക്ക് സ്വർഗവും സ്വർഗീയ ആനന്ദവും എന്താണെന്ന് അറിയുകയേയില്ല; അവരിലുള്ള മറ്റേതൊരു സ്നേഹത്തേക്കാളും അധികമായി നൽകപ്പെട്ട ആ സന്തോഷം അവർക്കു അവിശ്വസനയമായി കാണപ്പെടുന്നു. എന്നിരുന്നാലും അതിന്റെ ലക്ഷ്യങ്ങളായി വിലമതിക്കപ്പെട്ടിട്ടുള്ള സ്വയത്തിന്റേയും ലോകത്തിന്റേയും സ്നേഹം നീക്കപ്പെടുന്നുവോ അത്രത്തോളം സ്വർഗ്ഗത്തിന്റെ സ്നേഹം പ്രവേശിക്കുന്നു. അവയുടെ നീക്കം ചെയ്യപ്പെടലിന്മേൽ പിന്തുടരുന്നതായ സന്തോഷം എല്ലാ മനവീക ധാരണകളേയും കവച്ചു വെക്കുന്നത്രയും മഹത്തരമാണ്.

239 ഒരവന്റെ ജീവിതത്തെ മരണാനന്തരം മാറ്റിയെടുക്കാനാവില്ല. അത് എങ്ങനെയായിരുന്നുവോ അതേ പ്രകാരം തുടരുക മാത്രമേയുള്ളൂ; എന്തുകൊണ്ടെന്നാൽ ഒരുവന്റെ ആത്മാവ് എന്നത് പൂർണമായും അവന്റെ സ്നേഹത്തിന്റെ മൂല്യത്തിന് അനുസരിച്ചാണുള്ളത്; ഒരു നരകീയ സ്നേഹത്തെ ഒരിക്കലും സ്വർഗീയ സ്നേഹമാക്കി പരിവർത്തനപ്പെടുത്താൻ സാധിക്കില്ല, കാരണം അവ രണ്ടും വിരുദ്ധങ്ങളാണ്. നരത്തിലെ സമ്പന്നനോട് എബ്രഹാം നൽകുന്ന ഉപദേശത്തിൽ ഇതാണ് അർത്ഥമാക്കുന്നത്, ‘ഞങ്ങൾക്കും നിങ്ങൾക്കും ഇടയിൽ വലിയൊരു പിളർപ്പു വച്ചിരിക്കുന്നു; ഇവിടെ നിന്നു നിങ്ങളുടെ അടുത്തേക്ക് വരാൻ ആഗ്രഹിക്കുന്നവർക്ക് അത് സാധ്യമല്ല; അവിടെ നിന്ന് ആർക്കും ഞങ്ങളുടെ അടുത്തേക്ക് കടക്കുവാനും കഴിയുകയില്ല.‘ ഇതിൽ നിന്നും നരകത്തിലേക്കു പോകുന്നവർ നിത്യതയോളം നരകത്തിലും സ്വർഗത്തിലേക്കു പോകുന്നവർ നിത്യതയോളം സ്വർഗത്തിലുമാണ് കഴിയുന്നത് എന്ന് വ്യക്തമാകുന്നു.

**സഭ**

241. ഒരു മനുഷ്യനോടൊപ്പമുള്ള സ്വർഗത്തെ രൂപീകരിക്കുന്നതെന്തോ അതു തന്നെയാണ് സഭയേയും രൂപീകരിക്കുന്നത്; എന്തു

കൊണ്ടെന്നാൽ സ്നേഹവും വിശ്വാസവും സ്വർഗത്തെ രൂപീകരിക്കുന്നതു പോലെ സഭയേയും രൂപീകരിക്കുന്നു: തത്ഫലമായി സ്വർഗത്തെ സംബന്ധിച്ച് വിവരിച്ചിട്ടുള്ള കാര്യങ്ങളിൽ നിന്നും സഭ എന്താണെന്നതും വ്യക്തമായിരിക്കുന്നു.

242. കർത്താവിനെ സ്വീകരിച്ചിട്ടുള്ളതും വചനം നിലനിൽക്കുന്നതുമായ ഇടമാണ് സഭ എന്നാണ് പറയപ്പെടുന്നത്; എന്തെന്നാൽ സഭയുടെ അടിസ്ഥാന ഘടകങ്ങൾ എന്നത് കർത്താവിൽ നിന്നു ഉത്ഭവിക്കുന്ന കർത്തവിങ്കലെ വിശ്വാസവും സ്നേഹവുമാണ്; കർത്തവിങ്കൽ നിന്നുള്ള സ്നേഹവും വിശ്വാസവും സ്വീകരിപ്പാനായി ഒരുവൻ എങ്ങനെ ജീവിക്കണമെന്ന് വചനം പഠിപ്പിക്കുന്നു.

243. സഭയ്ക്ക് നിലനിൽക്കാനായി വചനത്തിൽ നിന്നുള്ള അനുശാസനങ്ങൾ ഉണ്ടായിരിക്കണം; എന്തുകൊണ്ടെന്നാൽ അനുശാസനങ്ങളില്ലാതെ വചനത്തെ മനസ്സിലാക്കാനാവില്ല. എന്നിരുന്നാലും ഒരുവനിൽ സഭയെ രൂപീകരിക്കുന്നത് അനുശാസനങ്ങൾ മാത്രമല്ല, മറിച്ച് അനുശാസനങ്ങൾക്ക് അനുസരിച്ചുള്ള ജീവിതമാണ്. ഇതിനെ പിന്തുടർന്നു വരുന്ന വിശ്വാസം കൊണ്ടുമാത്രം സഭ രൂപീകരിക്കപ്പെടുന്നില്ല, മറിച്ച് വിശ്വാസത്തിന്റെ ജീവിതത്തിലൂടെ, അതായത് സാർവത്രീക സ്നേഹത്തിലൂടെയാണ് അത് സാധിക്കുന്നത്. നിർവ്യാജ അനുശാസനമെന്നാൽ സാർവത്രീക സ്നേഹത്തിന്റെ അനുശാസനമാകുന്നു, അതേസമയം തന്നെ വിശ്വാസത്തിന്റേയും; എന്തുകൊണ്ടെന്നാൽ സാർവത്രീക സ്നേഹത്തിന്റെ അനുശാസനവും അതേസമയം തന്നെ വിശ്വാസത്തിന്റെ അനുശാസനവും ജീവിതത്തിന്റെ അനുശാസനം തന്നെയാണ്; മറിച്ച് സാർവത്രീക സ്നേഹത്തിന്റെ അനുശാസനങ്ങൾ കൂടാതെയുള്ള സത്യത്തിന്റെ അനുശാസനമല്ല.

244. അയൽക്കാരനോട് ഒരു പ്രത്യേക സാർവത്രീക സ്നേഹത്തിൽ അവരുടെ മതപരമായ വ്യവസ്ഥിതിയ്ക്കനുസരിച്ച് ജീവിക്കുകകയും ഏക ദൈവത്തെ അംഗീകരിക്കയും ചെയ്യുന്ന സഭയ്ക്കു വെളിയിലുള്ള അത്തരം ആളുകൾ സഭയുടെ ആളുകളുമായി സംസ്സർഗ്ഗത്തിലാണ്.

ദൈവത്തിൽ വിശ്വസിക്കയും നന്നായി ജീവിക്കയും ചെയാത്ത ഏതൊരുവനും നാശം പിടിച്ചവരാണ്. ഇതിൽ നിന്നും കർത്താവിനെ അംഗീകരിക്കുന്നതെവിടെയോ, വചനം നിലനിൽക്കുന്നതെവിടെയോ അവിടെ ആണെങ്കിലും കൂടിയും. കർത്താവിന്റെ സഭ ലോകത്തെല്ലായിടത്തുമുണ്ടെന്ന് വ്യക്തമാകുന്നു.

245. സഭ ആരിൽ ഉള്ളടങ്ങിയിരിക്കുന്നുവോ അവർ രക്ഷിക്കപ്പെട്ടിരിക്കുന്നു, ആരിൽ ഇല്ലാതിരിക്കുന്നുവോ അവർ നഷ്ടപ്പെട്ടിരിക്കുന്നു.

**വിശുദ്ധ എഴുത്തുകൾ, അല്ലെങ്കിൽ വചനം**

249. ദൈവസ്നേഹത്തേയും അവങ്കലുള്ള വിശ്വാസത്തേയും സംബന്ധിച്ച് ഒരുവന് പരിമിയതായി മാത്രം അറിയുന്നതിനാൽ ദൈവത്തിൽ നിന്നുള്ള വെളിപ്പാട് കൂടാതെ ദൈവത്തേയും നിത്യ ജീവനേയും സംബന്ധിച്ച് ഒന്നുമേ അറിയാനാവുകയില്ല. മനുഷ്യൻ തികഞ്ഞ അജ്ഞതയിലേക്ക് പിറന്നിരിക്കയാൽ അവന്റെ ധാരണ ബോധം രൂപപ്പെടേണ്ടിയിരിക്കുന്നതായ എല്ലാ ഐഹീക വസ്തുക്കളിൽ നിന്നും അതിനെ തുടർന്ന് പഠിക്കുന്നു. പാരമ്പര്യമായി സ്വയത്തോടും ലോകത്തോടുമുള്ള സ്നേഹത്തിന്റെ എല്ലാ തിന്മകളിലേക്കും ആണ് അവൻ ജനിച്ചിരിക്കുന്നത്. അത്തരം തിന്മകളിൽ നിന്നു പ്രബലപ്പെടുന്ന ആനന്ദങ്ങൾ ദൈവീകതയ്ക്ക് നേരെ എതിരായ അത്തരം കാര്യങ്ങളെ തോന്നിപ്പിക്കുന്നു. നിത്യ ജീവനെ സംമ്പന്ധിച്ചുള്ളതായ ഒന്നും തന്നെ അറിയാത്തതാണ് ഇതിനു കാരണം, ആയതിനാൽ അത്തരം അറിവുകൾ ഉണ്ടാകേണ്ടതിനായി ആവശ്യമായ വെളിപ്പാടുകൾ അത്യാവശ്യ മായിരിക്കുന്നു..

250. നിത്യമായ ജീവിതത്തെ സംബന്ധിച്ച കാര്യങ്ങളിൽ സ്വയ സ്നേഹത്തിന്റെയും ഐഹിക സ്നേഹത്തിന്റെയും തിന്മകൾ ഇത്രത്തോളം അജ്ഞതയെയാണ് പ്രോൽസാഹിപ്പിക്കുന്നത് എന്നുള്ളത് സഭയിലുള്ളവരുടെ കാര്യത്തിൽ നിന്നു തന്നെ സ്പഷ്ടമാകുന്നു. എന്തുകൊണ്ടെന്നാൽ, ദൈവമുണ്ടെന്നും സ്വർഗവും നരകവുമുണ്ടെന്നും, ഒരു നിത്യമായ ജീവിതമുണ്ടെന്നും, സ്നേഹ

ത്തിന്റെയും വിശ്വാസത്തിന്റെയും നന്മയിലൂടെ ആ ജീവിതത്തെ ആർജ്ജിക്കേണ്ടതുണ്ടെന്നും വെളിപാടിലൂടെ അവർക്ക് അറിവുള്ളതാണെങ്കിലും വിദ്യാസമ്പന്നരും അല്ലാത്തവരുമായ ആളുകൾ ഈ വക കാര്യങ്ങളെ അവർ നിരാകരിക്കുന്ന ഒരു വഴിപിഴയ്ക്കലിലേക്കാണ് എത്തിച്ചേരുന്നത്. ഇതിൽ നിന്നും വെളിപാടില്ലാത്ത അവസ്ഥയിൽ എത്രത്തോളം വലുതായിരിക്കും ഈ അജ്ഞത യെന്ന് ഇതിൽ നിന്നും ഒരിക്കൽ കൂടി വ്യക്തമാകുന്നു.

251. ആയതിനാൽ മരണാനന്തരം നിത്യതയിലേക്ക് ജീവിക്കുകകയും അവിടെ അവന്റെ സ്നേഹത്തിന്റേയും വിശ്വാസത്തിനുമനുസരിച്ച ഒരു ജീവിതം അവനെ കാത്തിരിക്കുന്നു. മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹാതിതമായ ആ ദൈവീകത ഒരു മനുഷ്യന്റെ രക്ഷയ്ക്ക് ഉപകാരമായതും ആ ജീവിതത്തിലേക്കു നയിക്കുന്നതുമായ അത്തരം കാര്യങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. ആ ദൈവീകത വെളിപ്പെടുത്തി യിരിക്കുന്നത് നമ്മോടൊപ്പം ഉള്ള വചനമാണ്.

252. വചനം ദിവ്യത്വത്തിൽ നിന്നുള്ള വെളിപാടായതിനാൽ ഒരോ കാര്യത്തിലും ഇത് ദിവ്യമായിരിക്കുന്നു; എന്തുകൊണ്ടെന്നാൽ, ദിവ്യത്വത്തിൽ നിന്നുത്ഭവിക്കുന്നതിന് മറ്റൊരു തരത്തിലാവാൻ കഴിയില്ല. ദിവ്യത്വത്തിൽ നിന്നും വരുന്നവയെല്ലാം സ്വർഗത്തിലൂടെയാണ് മനുഷ്യനിലേക്ക് എത്തുന്നത്; ആയതിനാൽ ഇത് സ്വർഗത്തിൽ അവിടെ വസിക്കുന്ന ദൂതരുടെ ജ്ഞാനത്തിലേക്കും ഇഹലോകത്തിൽ അവിടുത്തെ നിവാസികളായ മനുഷ്യരുടെ അവബോധത്തിലേക്കും ഇത് ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഇതിൻ പ്രകാരം വചനത്തിൽ ദൂതർക്ക് ഒരു ആന്തരിക ബോധം അഥവാ ആത്മീയമായുള്ള ബോധം ഉണ്ടായിരിക്കുന്നു; മനുഷ്യർക്ക് ബാഹ്യമായ, അഥവാ പ്രാകൃതികമായ ഒരു ബോധവുമുണ്ടായിരിക്കും. ആയതിനാൽ മനുഷ്യന് സ്വർഗവുമായുള്ള സംയോജനം നടക്കുന്നത് വചനം മുഖാന്തരമാണ്.

253. ജ്ഞാനദീപ്തമായവർക്കല്ലാതെ മറ്റാർക്കും വചനത്തിന്റെ യഥാർത്ഥ തലം മനസ്സിലാവുകയില്ല; കർത്താവിനോടുള്ള സ്നേഹ

ത്തിലും അവനിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നവരും മാത്രമേ ജ്ഞാനദീപ്തമായവരാകപ്പെടുന്നുള്ളൂ: എന്തുകൊണ്ടെന്നാൽ ഇവരുടെ അന്തക്കരണങ്ങൾ കർത്താവിനാൽ സ്വർഗീയ വെളിച്ചത്തിലേക്ക് ഉയർത്തപ്പെടുന്നു.

254. ബോധദീപ്തനായ ഒരാളാൽ തയാറാക്കപ്പെട്ട വചന ഉപദേശങ്ങളിലൂടെ മാത്രമേ വചനത്തിൽ വാക്കുകളാൽ കുറിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. വളരെ സാധാരണക്കാർക്ക് പോലും മനസ്സിലാക്കാൻ സാധിക്കുന്ന വിധത്തിലാണ് വാക്കുകളുടെ അർത്ഥ തലം ഇണക്കിയിരിക്കുന്നത്; ആയതിനാൽ വചന ഉപദേശങ്ങൾ അവയ്ക്ക് വെളിച്ചം പകരുന്നവയായിരിക്കണം.

## പരിപാലനം

267. സ്വർഗത്തിലും ഭൂമിയിലുമുള്ള കർത്താവിന്റെ ഭരണത്തിനാണ് പരിപാലനം എന്നു പറയുന്നത്; രക്ഷയെ ഒരുക്കുന്ന സ്നേഹത്തിന്റേതായ എല്ലാ സ്നേഹങ്ങളും വിശ്വാസത്തിന്റേതായ എല്ലാ നന്മകളും മനുഷ്യനിൽ നിന്നല്ല, മറിച്ച് അവനിൽ നിന്നു വരുന്നതിനാൽ മാനവരാശിയുടെ രക്ഷയ്ക്ക് ഹേതുവായിത്തീരുന്ന ഓരോ വസ്തുക്കളിലും ദിവ്യ പരിപാലനം അടങ്ങിയിരിക്കുന്നതായി ഇതിലൂടെ വ്യക്തമാകുന്നു. യോഹന്നാനിലൂടെ (14 : 6) കർത്താവ് ഉപദേശിക്കുന്നതും ഇതുതന്നെ: 'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു'. ഇങ്ങനെ തുടരുന്നു, 'മുന്തിരിച്ചെടിയിൽ വസിക്കാത്ത കൊമ്പിന് സ്വയം കായ്ക്കാൻ സാധിക്കാത്തതു പോലെ എന്നിൽ വസിക്കാതെ നിങ്ങൾക്കും കഴിയില്ല.' (15: 4, 5)

268. ഒരു മനുഷ്യന്റെ ഏറ്റവും കുറഞ്ഞ സ്ഥിതി വിവരങ്ങളിലേക്ക് പോലും നീളുന്നതാണ് കർത്താവിന്റെ ദിവ്യ പരിപാലനം, അവിടെ ജീവന്റെ ഉറവിടം കർത്താവു മാത്രമായിരിക്കകൊണ്ട് നാം അവനിലാണ് ജീവിക്കയും പ്രവൃത്തിക്കുന്നതും.

269. ദിവ്യ പരിപാലനത്തെ സംബന്ധിച്ചു ലൗകീക കാര്യങ്ങളിൽ നിന്നും ചിന്തിക്കുന്ന ആളുകൾ അത് കേവലം സാർവത്രീകമാണെന്നും അതു മനുഷ്യനെ സംബന്ധിച്ചുള്ള

വസ്തുതകളാണെന്നും നിഗമിക്കുന്നു. എന്നാൽ ലോകത്തിന്റേയും സ്വാർത്ഥ സ്നേഹത്തിൽ നിന്നും അവരുടെ ഭോഗേച്ഛകളിൽ നിന്നും മാത്രം അവരുടെ നിഗമനങ്ങൾ അനുമാനിക്കുന്നതുകൊണ്ട് അത്തരം ആളുകൾ സ്വർഗീയ രഹസ്യം അറിയുന്നില്ല. ദുഷ്ടന്മാർ അവരുടെ പ്രായോഗീക തന്ത്രങ്ങളിൽ വിജയിച്ചിട്ട് നീതിമാന്മാരേക്കാൾ അധികം സമ്പത്ത് ആർജ്ജിക്കുകയും, അനർഹമായ ബഹുമതിയിലേക്കു ഉയർത്തപ്പെടുന്നതും അവർ കാണുമ്പോൾ ഇങ്ങനെ ഓരോരോ കാര്യങ്ങളിലും ദിവ്യ പരിപാലനം ആയിരുന്നെങ്കിൽ അവസ്ഥ ഇതായിരിക്കുമോ എന്നു അവർ ഹൃദയത്തിൽ പറയുന്നു. നൈമഷീക സമയത്തിൽ കടന്നു പോകുന്നതും ഈ ലോകത്തിൽ മനുഷ്യനോടൊപ്പം അവസാനിക്കുന്നതിനെയും കുറിക്കുന്നതല്ല ദിവ്യ പരിപാലനം, അങ്ങനെ അന്തമില്ലാതെ നിതൃത വരെ എന്നേക്കും നിലനിൽക്കുന്നതിനെ കുറിക്കുന്നതാണ്. അന്ത്യമില്ലാത്തവ നില നിൽക്കുന്നു; അന്ത്യമുള്ളവയ്ക്കാകട്ടെ താരതമ്യേന നിലനിൽപില്ല. നിതൃതയോട് ഏതെങ്കിലും ഒരു നൂറായിരം വർഷങ്ങളെ പരിഗണിക്കുവാൻ കഴിവുള്ള ഒരുവനെ അനുവദിച്ചാൽ അവ ഒന്നുമല്ല എന്നു നിരീക്ഷിക്കും അപ്പോൾ ഈ ലോകത്തിൽ ജീവിതത്തിന്റെ കുറഞ്ഞ ആണ്ടുകൾ എന്താണ്?

270. ഈ ലോകത്തിലെ ധനപുഷ്ഠിയും കീർത്തിയും വാസ്തവികമായ ദൈവീക അനുഗ്രഹങ്ങളല്ലെന്ന് ശരിയായി ചിന്തിക്കുന്ന ഏതൊരുവനും അറിയാവുന്നതാണ്, ഒരു മനുഷ്യൻ അവന്റെ വിഷയ സുഖങ്ങളിൽ അതു അങ്ങനെ വിളിക്കുമെന്നിരിക്കിലും അതു അവനെ കടന്നു പോകയും വഞ്ചിക്കുകയും സ്വർഗ്ഗത്തിൽ നിന്നു പിന്തിരിപ്പിക്കയും ചെയ്യുന്നു, മറിച്ച് നിത്യ ജീവനും അതിന്റെ സന്തോഷവും ദൈവീകതയിൽ നിന്നുള്ള വാസ്തവീക അനുഗ്രങ്ങളാണ്. ലൂക്കൊസിലൂടെ കർ ത്താവ് ഉപദേശിക്കുന്നതും ഇതുതന്നെ: ‘പഴകാത്ത പണസ ഞ്ചിയും അക്ഷയ നിക്ഷേപവും സ്വർഗത്തിൽ നിങ്ങൾക്കായി ക രുതും. അവിടെ കള്ളൻ അടുക്കുകയോ പുഴു നശിപ്പിക്കുകയോ ചെയ്യുന്നില്ല. നിന്റെ നിക്ഷേപം എവിടെയോ അവിടെ നിന്റെ ഹൃദ

യവും ഇരിക്കും.' (ലൂക്കോസ് 12:33,34)

271. ദുഷ്ടന്മാർ അവരുടെ വിരുതകൾക്കനുസരിച്ചു വിജയിക്കുന്നതിനുള്ള കാരണം ഒരോരുത്തരും അവനവന്റെ യുക്തിബോധത്തിലും സ്വാതന്ത്ര്യത്തിലും പ്രവൃത്തിക്കണമെന്നുള്ളത് ദൈവീക ചട്ടമായിരിക്കുന്നതു കൊണ്ടാണ്. യുക്തിക്കനുസരിച്ചും സ്വാതന്ത്ര്യത്തിനനുസരിച്ചും പ്രവൃത്തിക്കുന്നതിനും നേടുന്നതിനും ഒരുവനെ അനുവദിക്കാതിരിക്കുന്ന പക്ഷം അവനു നിത്യജീവൻ നേടുന്നതിനു വൈമുഖ്യമുള്ളവനായിരിക്കും. അവന്റെ യുക്തിയിൽ പ്രകാശിതനാകുമ്പോൾ സ്വാതന്ത്ര്യത്തിലുള്ള മനുഷ്യൻ കരുത്തനാകുന്നതു കൊണ്ടു ഇതിനു യോഗ്യനാകുന്നു. നിർബന്ധത്താൽ ആർക്കും ഒന്നും അവരുടെ സ്വന്തമാകുന്നില്ല. നന്മയ്ക്കായി ആരേയും നിർബന്ധിക്കാനാവില്ല. അവന്റെ യുക്തിയിൽ നിന്നുള്ള സ്വാതന്ത്ര്യത്തിൽ ചെയുന്നതു മാത്രമാണ് അവന്റേതാകുന്നത്. ഒരുവൻ ഇച്ഛിക്കാത്തത് ചെയ്യുവാൻ നിർബന്ധിക്കുകയാണെങ്കിൽ അവൻ ഇച്ഛിക്കുന്നതു ചെയ്യുന്നതിലേക്കു അവന്റെ മനസ് പ്രവണതപ്പെട്ടിരിക്കുന്നു. മാത്രവുമല്ല, വാസ്തവത്തിൽ അജ്ഞാതമായ കാരണങ്ങളാൽ, വിലക്കപ്പെട്ടതിനു വേണ്ടിയാണ് എല്ലാവരും പരിശ്രമിക്കുന്നത്; എന്തുകൊണ്ടെന്നാൽ എല്ലാവരും സ്വാതന്ത്ര്യത്തിനായി പരിശ്രമിക്കുന്നു. ഒരുവനെ സ്വാതന്ത്ര്യത്തിൽ നിലനിർത്തുന്നില്ലെങ്കിൽ, അവനിൽ നന്മ ചൊരിയാനാവില്ലെന്ന് ഇതിൽ നിന്നു വ്യക്തമാകുന്നു.

272. ഒരുവനെ അവന്റെ സ്വാതന്ത്ര്യത്തിൽ നിന്നുകൊണ്ട്, ചിന്തിക്കുന്നതിനും, ഇച്ഛിക്കുന്നതിനും നിയമങ്ങൾ നിരോധിക്കാതിരിക്കുന്നിടത്തോളം തിന്മകൾ ചെയ്യുന്നതിനു വിടുന്നതിനെ അനുമതിയെന്നു വിളിക്കുന്നു.

273. എന്നാൽ തിന്മയിൽ നിന്നും അകറ്റി വഴി നയിക്കുന്നതും അതു അനുവദിക്കുന്നതും തുടർച്ചയായി അകമ്പടി സേവിക്കുന്ന ദിവ്യ പരിപാലനം ആണെന്നിരിക്കെ വിരുതുകളാൽ ഈ ലോകത്തിലെ സൗഭാഗ്യങ്ങളിലേക്ക് നയിക്കുന്നത് ഒരുവന്റെ സ്വന്തം സാമർത്ഥ്യമാണെന്ന് മനുഷ്യന്

കാണപ്പെടുന്നു. കർത്താവിങ്കൽ നിന്നും അവന്റെ ഫലവത്തായ ദിവ്യ പരിപാലനത്താലുമാണ് ഒരുവനെ നിരന്തരമായി തിന്മയിൽ നിന്നകറ്റി സൗഭാഗ്യത്തിലേക്ക് നയിക്കുന്നത്, മറിച്ച് അവന്റെ സാമർത്ഥ്യം കൊണ്ടല്ല എന്നാണ് സ്വർഗ്ഗത്തിൽ അറിയപ്പെട്ടിരിക്കുന്നതുംബോധ്യപ്പെട്ടിരിക്കുന്നതും

274. ദൈവീക ചട്ടങ്ങളുടെ പ്രമാണങ്ങളെ വിലമതിക്കുന്നതൊന്നും തന്നെ മനുഷ്യൻ അറിയാത്തതുകൊണ്ട് സ്വാഭാവീക വെളിച്ചത്തിൽ ഇത്തരം കാര്യങ്ങൾ ഉൾക്കൊള്ളാനാവില്ല.

275. കർത്താവിനാൽ സജ്ജീകരിക്കപ്പെട്ടിരിക്കുന്ന നന്മയെന്തെന്നും എന്നാൽ തിന്മയെന്തെന്നും കർത്താവിനാൽ മുന്നറിയപ്പെട്ടിരിക്കുന്നു, അതു മുൻകരുതലും പരിപാലനവുമാണെന്ന് അറിയേണ്ടിയിരിക്കുന്നു . മനുഷ്യനിൽ നിന്ന് തിന്മയല്ലാതെ മൊറ്റൊന്നും ഇല്ല എന്നും കർത്താവിൽ നിന്നുംമാത്രമാണ്നന്മ വരുന്നതെന്നും അതുകൊണ്ട് ഒരുവൻ ഏതെങ്കിലും ഒന്നിനോട് പറ്റിച്ചേരേണ്ടിയിരീക്കുന്നു.

**കർത്താവ്**

280. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും അതിന്റെ സംരക്ഷകനുമായി ഒരു ദൈവമാണുള്ളത്; തദ്വാരാ അവൻ സ്വർഗത്തിന്റെ ദൈവവും ഭൂമിയുടെ ദൈവവുമാകുന്നു.

281. മനുഷ്യനിൽ സ്വർഗീയ ജീവിതത്തെ രൂപീകരിക്കുന്ന രണ്ടു കാര്യങ്ങളാണുള്ളത്, സ്നേഹത്തിന്റെ നന്മയും വിശ്വാസത്തിന്റെ സത്യവും. ദൈവത്തിൽ നിന്നാണ് മനുഷ്യൻ ഈ ജീവിതത്തെ ഉരുവപ്പെടുത്തുന്നത്, മനുഷ്യനിൽ നിന്ന് ഒന്നും തന്നെ ഉരുവപ്പെടുന്നുമില്ല. അതുകൊണ്ടു തന്നെ സഭയുടെ മുഖ്യമായ കാര്യം ദൈവത്തെ അംഗീകരിക്കുക, ദൈവത്തിൽ വിശ്വസിക്കുക, അവനെ സ്നേഹിക്കുക എന്നതാണ്.

282. സഭയിൽ ജനിക്കുന്നവർ കർത്താവിനേയും അവന്റെ ദിവ്യത്വത്തേയും അവന്റെ മനുഷ്യത്വത്തേയും അംഗീകരിക്കാൻ ബാധ്യസ്ഥനാണ്; അവനിൽ വിശ്വസിക്കാനും അവനെ സ്നേഹി

ക്കാനും അവർ ബാധ്യസ്ഥരായിരിക്കുന്നു; എന്തുകൊണ്ടെന്നാൽ എല്ലാ രക്ഷയും കർത്താവിൽ നിന്നാണ് സംഭവിക്കുന്നത്. യോഹന്നാനിലൂടെ (3. 36) കർത്താവ് ഉപദേശിക്കുന്നതും ഇതാണ്, 'പുത്രനിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ലഭിക്കുന്നു. എന്നാൽ പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കുകയില്ല. ദൈവകോപം അവന്റെ മേൽ ഉണ്ട് കൂടാതെ ഇങ്ങനെ വീണ്ടും പറയുന്നു, 'പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവന് നിത്യ ജീവനുണ്ടാകണമെന്നതാണ് എന്റെ പിതാവിന്റെ ഇഷ്ടം. അന്ത്യദിനത്തിൽ അവനെ ഞാൻ ഉയിർപ്പിക്കുകയും ചെയ്യും.' (യോഹന്നാൻ 6. 40) വീണ്ടും തുടരുന്നു, 'യേശു അവളോട് പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയുമില്ല.' (യോഹന്നാൻ 11. 25–26)

283. അതുകൊണ്ടുതന്നെ കർത്താവിനേയും അവന്റെ ദിവ്യത്വത്തേയും അംഗീകരിക്കാത്ത സഭയ്ക്കുള്ളിലുള്ളവർക്ക് ദൈവവുമായി സംയോജിക്കാനാവില്ല, ആയതിനാൽ സ്വർഗത്തിൽ ദൂതർക്കൊപ്പം അവർക്ക് പൊതുവായി ഒരു ഇടം ലഭിക്കുന്നില്ല, എന്തുകൊണ്ടെന്നാൽ കർത്തിവിങ്കൽ നിന്നുള്ളവർക്കും കർത്താവിൽ ഉള്ളവർക്കുമല്ലാതെ മറ്റാർക്കും ദൈവവുമായി സംയോജിക്കാനാവില്ല. കർത്താവിങ്കൽ നിന്നുള്ളവർക്കും കർത്താവിൽ ഉള്ളവർക്കുമല്ലാതെ മറ്റാർക്കും ദൈവവുമായി സംയോജിക്കാനാവില്ല എന്നതിനെ കുറിച്ച് കർത്താവ് ഇങ്ങനെ യോഹന്നാനിൽ ഉപദേശിക്കുന്നു, (1. 8) 'ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല, പിതാവിന്റെ മടിയിൽ ഇരിക്കുന്ന എകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു.' 'അവിടുത്തെ സ്വരം നിങ്ങൾ ഒരിക്കലും കേട്ടിട്ടില്ല, രൂപം കണ്ടിട്ടുമില്ല.' യോഹന്നാൻ (5. 37). തുടർന്ന് വീണ്ടും പറയുന്നു 'പിതാവല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്തിക്കൊടുക്കാൻ മനസ്സാകുന്നുവോ അവനുമല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല.' (മത്തായി 9. 27). വീണ്ടും യോഹന്നാനിൽ (14. 6) പറയുന്നു 'വ

ഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല.' കർത്താവിലുള്ളവർക്കല്ലാതെ മറ്റാർക്കും ദൈവവുമായി സംയോജിക്കാനാവില്ല, എന്നതിന്റെ കാരണം പിതാവ് അവനിൽ ആകുന്നു, അവർ ഒന്നായിരിക്കുന്നു, എന്നതാണ്; യോഹന്നാനിൽ (14. 7–11)അവൻ ഇങ്ങനെ ഉപദേശിക്കുന്നു, 'നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എന്റെ പിതാവിനേയും അറിയുമായിരുന്നു. എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. ഞാൻ പിതാവിലും പിതാവ് എന്നിലുമാണെന്ന് വിശ്വസിക്കുന്നില്ലേ?'. വീണ്ടും പറയുന്നു, 'ഞാനും പിതാവും ഒന്നാണ്. അപ്പോൾ പിതാവ് എന്നിലും ഞാൻ പിതാവിലുമാണെന്ന് നിങ്ങൾ അറിയുകയും ആ അറിവിൽ നിലനിൽക്കുകയും ചെയ്യും.'

284. പിതാവ് കർത്താവിൽ ഉള്ളതിനാലും കർത്താവും പിതാവും ഒന്നാകയാലും; കർത്താവിൽ വിശ്വാസം അർപ്പിക്കേണ്ടതായതിനാലും അവനിൽ വിശ്വാസിക്കുന്നവന് നിത്യമായ ജീവിതം ഉള്ളതിനാലും; കർത്താവ് ദൈവമാണ് എന്നത് വ്യക്തമാകുന്നു. കർത്താവ് ദൈവമാണെന്ന് വചനവും പഠിപ്പിക്കുന്നു; യോഹന്നാൻ (1. 1, 3, 14), 'ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെയായിരുന്നു; വചനം ദൈവമായിരുന്നു. സകലതും അവൻ മുഖാന്തരം ഉളവായി; ഉളവായതൊന്നും അവിടുത്തെ കൂടാതെ ഉളവായതല്ല. വചനം ശരീരമായിത്തീർന്നു നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവിടുത്തെ തേജസ്സ്, പിതാവിന്റെ അടുക്കൽ നിന്ന് കൃപയും സത്യവും നിറഞ്ഞവനായി വന്ന ഏകജാതന്റെ തേജസ്സു തന്നെ കണ്ടിരിക്കുന്നു.' യെശയാവു(9. 6) പറയുന്നത് ഇങ്ങനെയാണ്, 'നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കൊരു മകൻ നൽകപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിലിരിക്കും; അവന് അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു എന്നു പേർ വിളിക്കും.' തുടർന്നു പറയുന്നു, 'കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനുവേൽ എന്ന് പേർ വിളിക്കും.' (യിശയ്യാവു 7. 14; മത്തായി 1. 23). തുടർന്ന് യിരമ്യാവു (23. 5–6; 33. 15–16) 'ഞാൻ ദാവീദിനു നീതിയുള്ളോരു

മുളയായവനെ ഉത്ഭവിപ്പിക്കുന്ന കാലം വരും. അവൻ ദേശത്ത് നീതിയും ന്യായവും നടത്തും. അതിന് യഹോവ നമ്മുടെ നീതി എന്നു പേർ പറയും.

285. സഭയിലുള്ളവരും സ്വർഗീയ വെളിച്ചത്തിൽ കഴിയുന്നവരുമായ എല്ലാവരും കർത്തിവിലുള്ള ദിവ്യത്വത്തെ കാണുന്നു; എന്നാൽ സ്വർഗീയ വെളിച്ചത്തിൽ അല്ലാത്തവർ കർത്താവിൽ മനുഷ്യനെ അല്ലാതെ മറ്റൊന്നിനേയും കാണുന്നില്ല; ദിവ്യത്വവും മനുഷ്യനും അവനിൽ ഒരുമിക്കുമ്പോൾ അവ ഒന്നുകുന്നു; കാരണം യോഹന്നാനിലൂടെ (17. 10) ഇങ്ങനെ ഉപദേശിക്കുന്നു, 'എനിക്കുള്ളതെല്ലാം അങ്ങയുടേയും അങ്ങേയ്ക്കുള്ളതെല്ലാം എന്റേതുമാകുന്നു.'

286. പിതാവായ യോഹോവയിൽ നിന്നാണ് ഗർഭം ധരിച്ചതെന്നും ഗർഭസ്ഥാവസ്ഥ മുതൽ അദ്ദേഹം ദൈവമാണെന്നും സഭയിൽ അറിയപ്പെടുന്നു; കൂടാതെ പൂർണ ശരീരവുമായിത്തന്നെ അവൻ ഉയർത്തെഴുന്നേറ്റതായും അറിയപ്പെടുന്നു, എന്തുകൊണ്ടെന്നാൽ തിരുവെഴുത്തുകൾക്ക് പിന്നിൽ ഒന്നും അവശേഷിപ്പിക്കാതെയാണ് അവൻ പോയത്; ഇതേക്കുറിച്ച് അവൻ പിന്നീട് അവന്റെ ശിഷ്യന്മാരോട് ഇങ്ങനെ സ്ഥിരീകരിക്കുന്നുണ്ട്, 'ഞാൻ തന്നെ ആകുന്നു എന്ന് എന്റെ കയ്യും കാലും നോക്കി അറിവിൻ; എന്നെ തൊട്ടു നോക്കുവിൻ; എന്നിൽ കാണുന്നതു പോലെ ഭൂതത്തിന് മാംസവും അസ്ഥിയും ഇല്ലല്ലോ.' ലൂക്കൊസ് (24. 39). മാംസവും അസ്ഥിയുമുള്ള മനുഷ്യനായിരുന്നു അവൻ എങ്കിലും അടഞ്ഞ വാതിലുകളിൽ കൂടി അവൻ കടന്നു വന്നു; അവൻ സ്വയം വെളിപ്പെടുത്തി കഴിഞ്ഞപ്പോഴാകട്ടെ, അദൃശ്യനായി മാറുകയും ചെയ്തു (യോഹന്നാൻ 20. 19, 26; ലൂക്കൊസ് 14. 31) – ഓരോ മനുഷ്യനിൽ നിന്നുള്ള വ്യത്യസ്തമായ കാര്യങ്ങൾ; എന്തുകൊണ്ടെന്നാൽ അവന്റെ ആത്മാവ് മാത്രമാണ് ഉയർത്തുന്ന്, ശരീരത്തെ അങ്ങനെ ചെയ്യുന്നില്ല. അതുകൊണ്ട് അവന് ആത്മാവിനെ പോലെ അല്ല എന്നു പറയുമ്പോൾ, അവൻ മറ്റൊരു മനുഷ്യനെ പോലെയല്ലെന്നം കർത്താവും പറയുന്നു. ഇതിൽ നിന്നും കർത്താവിലുള്ള് മനുഷ്യനും ദിവ്യത്വവുമാണെന്ന് വ്യക്തമാകുന്നു.

287. എല്ലാ മനുഷ്യർക്കും അവന്റെ പിതാവിൽ നിന്നാണ് ദേഹി എന്നു വിളിക്കപ്പെടുന്ന അവന്റെ ജീവ സത്ത ലഭിക്കുന്നത്; ഇതിൽ നിന്നാണ് ശരീരം എന്നു വിളിക്കുന്ന ജീവിത രൂപം ലഭിക്കുന്നത്. അതിനാൽ ശരീരമെന്നത് ആത്മാവിന്റെ ആൾ രൂപമാകുന്നു; അതിലൂടെയാണ് ആത്മാവ് അതിന്റെ ആനന്ദത്തിലെ ജീവിതം ജീവിക്കുന്നത്. ആയതിനാൽ മനുഷ്യർ അവരുടെ മാതാപിതാക്കൾക്ക് സദൃശ്യരായാണ് ജനിക്കുന്നത്, അതുപോലെ കുടുംബങ്ങൾ ഓരോന്നും വ്യത്യസ്തവുമായിരിക്കും. ഇതിൽ നിന്നും ഏതു രീതിയിലുള്ള ശരീരമാണ്, അതായത്, ഏതു രീതിയിലുള്ള മനുഷ്യനായിരുന്നു കർത്താവിന്റേത് എന്ന് വ്യക്തമാകുന്നു; അത് അവന്റെ ജീവിത സത്തയായ, അല്ലെങ്കിൽ, പിതാവിൽ നിന്നുള്ള ആത്മാവായ ദിവ്യത്വത്തിനു തന്നെ സദൃശ്യമായിരുന്നു; ആയതിനാൽ അവൻ ഇപ്രകാരം പറഞ്ഞു, 'എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു' (യോഹന്നാൻ 14. 9).

288. ക്രൈസ്തവ ലോകത്ത് ആകമാനം ലഭിക്കുന്ന മത വിശ്വാസ പ്രമാണങ്ങൾ പ്രകാരം കർത്താവിന്റെ ദിവ്യത്വവും മനുഷ്യത്വവും ഒരാളാകുന്നു; അത് ഇങ്ങനെയാണ്: 'ക്രിസ്തു ദൈവവും മനുഷ്യനുമാണെങ്കിലും, അവൻ രണ്ടല്ല, മറിച്ച് ഒന്നായ ക്രിസ്തുവാണ്; വ്യക്തിയുടെ സംയോഗത്തിൽ ഒന്നായിരിക്കുന്നു. ശരീരവും ആത്മാവും ഒരു മനുഷ്യനാകയാൽ അതുകൊണ്ടുതന്നെ ദൈവവും മനുഷ്യനും ഒന്നായ ക്രിസ്തുവാകുന്നു.' അത്തനേഷ്യൻ മതവിശ്വാസങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതാണ് ഈ വാക്കുകൾ.

289. ദൈവത്വത്തെ സംബന്ധിച്ച് മൂന്നു വ്യക്തികൾ എന്ന ആശയത്തിൽ കഴിയുന്നവർക്ക് ഏക ദൈവമെന്ന ആശയമുണ്ടായിരിക്കില്ല; അധരങ്ങളിൽ അവർ ഒന്ന് എന്നു പറഞ്ഞേക്കാമെങ്കിലും അപ്പോഴും അവർ മൂന്നിനെ കുറിച്ചാണ് ചിന്തിക്കുന്നത്. മൂന്നും ഒരു വ്യക്തിയാണെന്ന് ആശയം വച്ചുപുലർത്തി ദൈവത്വത്തെ ആരാധിക്കുന്നവർക്ക്, ഏക ദൈവമെന്ന ആശയമുണ്ടായിരിക്കുകയും, ഒരു ദൈവത്തെ കുറിച്ച് ചിന്തിക്കുകയും ചെയ്തേക്കും.

290. പിതാവ് കർത്താവിലുള്ളതായും പരിശുദ്ധാത്മാവ് അവനിൽ

നിന്നും പുറപ്പെടുന്നതായും ചിന്തിക്കുമ്പോഴാണ് മൂന്നു വ്യക്തികളെന്ന ആശയമുണ്ടാകുന്നത്. ത്രിത്വം കർത്താവിലാണുള്ളത്; ദിവ്യത്വത്തെ പിതാവ് എന്നും, ദിവ്യ മനുഷ്യനെ കർത്താവ് എന്നും, ദിവ്യ വ്യവഹാരത്തെ പരിശുദ്ധത്മാവ് എന്നും വിളിക്കുന്നു.

291. ദിവ്യത്വം മുഴുവനും കർത്താവിൽ ആയിരിക്കുന്നതിനാൽ, സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും അവന്റേതാകുന്നു. യോഹന്നാനിലൂടെ (3. 25) അവൻ ഇതു പ്രഖ്യാപിക്കുന്നു, 'പിതാവ് പുത്രന്റെ കൈകളിലേക്ക് എല്ലാം സമർപ്പിച്ചിരിക്കുന്നു.' ഇങ്ങനെ തുടരുന്നു, 'നീ അവന് നൽകിയിട്ടുള്ളവർക്കെല്ലാവർക്കും അവൻ നിത്യ ജീവനെ കൊടുക്കേണ്ടതിന് നീ സകല ജഡത്തിന്മേലും അവന് അധികാരം നൽകിയിരിക്കുന്നുവല്ലോ.' മത്തായിയുടെ സുവിശേഷത്തിൽ പറയുന്നു (11. 27), 'എന്റെ പിതാവ് സകലവും എങ്കൽ ഏൽപിച്ചിരിക്കുന്നു.' അത് ഇങ്ങനെ തുടരുന്നു, 'സ്വർഗത്തിലേയും ഭൂമിയിലേയും സകല അധികാരവും എനിക്ക് നൽകിയിരിക്കുന്നു,' (മത്തായി 17. 18). ഈ ഭരണാധിപൻ ദൈവമാണ്.

292. കർത്താവിന്റെ മനുഷ്യനെ മറ്റൊരു മനുഷ്യന് സമാനമായി കാണുന്നവർ അവനെ ദിവ്യത്വത്തിൽ നിന്ന് ഗർഭം ധരിച്ചവനായി കാണുന്നില്ല; ഓരോരുത്തരുടേയും ശരീരം അവനവന്റെ ആത്മാവിന്റെ പ്രതിരൂപമാണെന്നും അവർ പരിഗണിക്കുന്നില്ല. പൂർണ്ണ ശരീരവുമായി അവന്റെ പുനരുത്ഥാനത്തെ കുറിച്ചും അവർ ചിന്തിക്കുന്നില്ല; അവൻ തേജോരൂപം ധരിച്ചപ്പോൾ എങ്ങനെ പ്രത്യക്ഷപ്പെട്ടു എന്നതും അവന്റെ മുഖം സൂര്യനേപ്പോലെ തിളങ്ങിയതും അവർ പര്യാലോചിക്കുന്നില്ല. കർത്താവ് അവനിലെ വിശ്വാസത്തെ സംബന്ധിച്ചും, പിതാവുമായി ചേർന്ന് ഒന്നായി ഇരിക്കുന്നതിനെ കുറിച്ചും, അവന്റെ മഹത്വപ്പെടലിനെ കുറിച്ചും, സ്വർഗത്തിലും ഭൂമിയിലുമുള്ള അവന്റെ അധികാരത്തെ കുറിച്ചും അവർ ചിന്തിക്കുന്നില്ല; വിശേഷിച്ചും ഈ കാര്യങ്ങളെല്ലാം ദിവ്യമാണെന്നും അവന്റെ മനുഷ്യനാൽ അരുളപ്പെട്ടതാണ് ഇവയെന്നും അവർ ചിന്തിക്കുന്നില്ല. സർവവ്യാപത്വം ദിവ്യമാണെന്ന പരിഗണനയിൽ നിന്നു വന്നിട്ടുള്ള തിരുവത്താഴത്തിൽ അവന്റെ സർവവ്യാപത്വത്തിൽ

വിശ്വാസം ഉണ്ടെന്നിരിക്കിലും അവന്റെ സർവവ്യാപത്വം കർത്താവിന്റെ മനുഷ്യത്വത്തിന്റേതു കൂടിയാണെന്നുള്ളത് അവർക്ക് ഓർക്കുവാൻ പോലും ആവില്ല. (മത്തായി 28. 20); അല്ല, ചിലപ്പോൾ പരിശുദ്ധാത്മാവ് എന്നു വിളിക്കുന്ന ദിവ്യത്വം അവന്റെ മനുഷ്യരൂപത്തിൽ നിന്ന് പുറപ്പെടുന്നതാണെന്ന് അവർ ചിന്തിക്കുന്നില്ല; അവന്റെ തേജസ്കരിക്കപ്പെട്ട മനുഷ്യരൂപത്തിൽ നിന്ന് അത് പുറപ്പെടുമ്പോൾ പോലും; എന്തുകൊണ്ടെന്നാൽ ഇങ്ങനെ പറയുന്നു, 'യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലായിരുന്നതു കൊണ്ട് അതുവരേയും ആത്മാവ് വന്നിരുന്നില്ല.' (യോഹന്നാൻ 7. 39).

293. നിത്യമരണത്തിൽ നശിച്ചു പോകുമായിരുന്ന മനുഷ്യവർഗ്ഗത്തെ രക്ഷിക്കേണ്ടതിനായി കർത്താവു ഈ ലോകത്തിലേക്ക് വന്നു. ഈ ലോകത്തിലേക്കു വരികയും ഇവിടെ നിന്നു വിട്ടുപോകുകയും ചെയ്യുന്ന എല്ലാ മനുഷ്യരേയും ആക്രമിച്ചിരുന്ന നരകങ്ങളെ അവൻ കീഴ്പ്പെടുത്തി. അവൻ മഹത്വപ്പെടുത്തിയ അവന്റെ മനുഷ്യത്വത്താൽ നരകങ്ങളെ അധീനപ്പെടുത്തി സൂക്ഷിക്കുവാൻ കഴിയും. ഒരേ സമയം തന്നെ നരകങ്ങളൂടെ അധീനപ്പെടുത്തലും തന്റെ മനുഷ്യത്വത്തിന്റെ മഹത്വീകരണവും പ്രാപ്തമാക്കിയത് അമ്മയിൽ നിന്നുണ്ടായിരുന്ന മനുഷ്യത്വത്തിലേക്ക് പ്രലോഭനങ്ങളൂടെ മുഖാന്തരങ്ങൾ അനുവദിച്ചുകൊണ്ട് അവയിൽ നിന്നുള്ള അവിരാമമായ വിജയങ്ങളാലും ആണ്. ക്രൂശിന്മേലുള്ള അവന്റെ കഷ്ടാനുഭവങ്ങൾ അവസാന പ്രലോഭനവും ഒടുവിലത്തെ വിജയവുമായിരിന്നു.

294. നരകത്തെ കീഴടക്കിയ കർത്താവ് യോഹന്നാനിലൂടെ ഉപദേശിക്കുന്നു; കുരിശിലെ പീഡനത്തിൽ ഇങ്ങനെ പറയുന്നു, 'ഈ ലോകത്തിന്മേൽ ന്യായവിധി നടക്കുന്ന സമയം ഇതാകുന്നു. ഇപ്പോൾ ലോകത്തിന്റെ അധിപതി പുറംതള്ളപ്പെടും.' തുടർന്ന് പറയുന്നു, 'ഈ ലോകത്തിൽ നിങ്ങൾക്ക് കഷ്ടത ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.' (16. 33).ഏദോമിൽ നിന്നും രക്താംബരം ധരിച്ചു കൊണ്ട് ബൊസ്രയിൽ നിന്നു വരുന്നോരിവൻ ആർ?...വസ്ത്രാലംകൃതനായി തന്റെ ശക്തിയുടെ മാഹാത്മ്യത്തിൽ നടകൊള്ളുന്നോരിവൻ ആർ

?.....എന്റെ ഭുജം തന്നെ എനിക്കു രക്ഷ വരുത്തി... (യെശയ്യാവ് 63:1-19), അവൻ വീണ്ടെടുപ്പുകാരനായി വരും (യെശയ്യാവ് 59:16-25).

ക്രൂശിലെ പീഠാനുഭവം അവന്റെ അവസാന പ്രലോഭനവും അവന്റെ മനുഷ്യത്വത്തിന്റെ മഹത്വീകരണവും ആ മഹത്വീകരണം അവന്റെ പൂർണ്ണ വിജയവുമായിരുന്നു. യോഹന്നാനിലും യേശു പഠിപ്പിക്കുന്നത്. അവൻ പോയ ശേഷം യേശു പറഞ്ഞത് ഇപ്പോൾ മനുഷ്യ പുത്രൻ മഹത്വപ്പെട്ടിരിക്കുന്നു;...ദൈവം അവനെ തന്നിൽ തന്നെ മഹത്വപ്പെടുത്തും, ക്ഷണത്തിൽ അവനെ മഹത്വപ്പെടുത്തും. (13 : 31, 32) പിതാവേ നഴിക വന്നിരിക്കുന്നു നിന്റെ പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ മഹത്വപ്പെടുത്തേണമെ (യോഹ 17 : 1, 5) ഇപ്പോൾ എന്റെ ഉള്ളം കലങ്ങിയിരിക്കുന്നു; ..പിതാവെ നിന്റെ നാമത്തെ മഹത്വപ്പെടു ത്തെണമേ.. അപ്പോൾ സ്വർഗ്ഗത്തിൽ നിന്നു ഞാൻ മഹത്വപ്പെടുത്തി യിരിക്കുന്നു, ഇനിയും മഹത്വപ്പെടുത്തും (യോഹ് : 12: 27, 28) ലൂക്കോസിലും ..ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലേയോ (24: 26)

മഹത്വപ്പെടുത്തുക എന്നതു ദിവ്യമാക്കുക എന്നാണ് അവന്റെ പീഠനുഭവങ്ങളോടുള്ള ബന്ധത്തിൽ പറയപ്പെട്ട ഈ വാക്കുകൾ. മനുഷ്യനായി ഈ ലോകത്തിലേക്കു കർത്താവ് വരാത്ത പക്ഷം, അവനെ വിശ്വസിക്കയും സ്നേഹിക്കയും ചെയ്യുന്നവരെ നരകത്തിൽ നിന്നും ഇത്തരത്തിൽ വിടുവിക്കയും ചെയ്തിട്ടില്ലാ യിരിന്നുവെങ്കിൽ ഒരു ജഢവും രക്ഷിക്കപ്പെടുമായിരുന്നില്ല. ഇതു ബോധ്യപ്പെടുത്തുന്നത് കർത്താവിനെ കൂടാതെ രക്ഷ ഇല്ല എന്നാണ്

295. കർത്താവ് അവന്റെ മനുഷ്യ രൂപത്തെ പൂർണമായി തേജസ് കരിച്ചപ്പോൾ അവൻ മാതാവിൽ നിന്നും മനുഷ്യരൂപത്തെ ഒഴി വാക്കി, പിതാവിൽ നിന്നുള്ള ദിവ്യ മനുഷ്യ രൂപത്തെ ധരിച്ചു; ആ യതിനാൽ പിന്നീട് അവൻ മറിയത്തിന്റെ മകനായിരുന്നില്ല.

296. ഏക ദൈവത്തെ അറിയുകയും അംഗീകരിക്കുകയും ചെയ്യു

ക എന്നതാണ് സഭയുടെ പ്രാഥമികവും സർവ പ്രധാനവുമായ കാര്യം; അറിവും അംഗീകരിക്കലുമില്ലാതെ അവിടെ സംയോഗ മില്ല; കർത്താവിന്റെ അംഗീകാരമില്ലാത്ത സഭയുടെ കാര്യം ഇങ്ങ നെയാണ്. യോഹന്നാനിന്റെ സുവിശേഷത്തിൽ (3. 36) കർത്താ വ് ഇങ്ങനെ പറയുന്നു, 'പുത്രനിൽ വിശ്വസിക്കുന്നവനു നിത്യ ജീ വൻ ഉണ്ട്. പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുക യില്ല; എന്തെന്നാൽ ദൈവകോപം അവന്റെ മേൽ വസിക്കുന്നു,' മറ്റൊരു സ്ഥലത്ത് ഇങ്ങനെ പറയുന്നു,..'ഞാൻ അങ്ങനെയുള്ളവൻ എന്ന് വിശ്വസിക്കാതിരുന്നാൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും( 8:24)

297. ദിവ്യത്വം, ദിവ്യ മനുഷ്യൻ, നിർഗമിക്കുന്ന ദിവ്യത്വം എന്നിങ്ങ നെ ഒരു ത്രിത്വം കർത്താവിലുണ്ട്, വിശുദ്ധ യെരുശലേമിൽ ആയിരിക്കുന്നവർക്ക് സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു രഹസ്യമാണിത്.

**സഭാപരവും നാഗരികവുമായ ഭരണം**

311. മനുഷ്യരിൽ രണ്ടു കാര്യങ്ങൾ ക്രമമായിരിക്കേണ്ടതുണ്ട്; സ്വർ ഗത്തിലെ കാര്യങ്ങളും ഇഹലോകത്തിലെ കാര്യങ്ങളും. സ്വർഗ ത്തിലെ കാര്യങ്ങളെ സഭാപരം എന്നും ഇഹലോകത്തിലെ കാര്യ ങ്ങളെ നാഗരികം എന്നും വിളിക്കപ്പെടുന്നു.

312. നിയമത്തിനു വിരുദ്ധമായി ജീവിക്കുന്നവരെ ശാസിക്കയും നിയമത്തിനനുസരിച്ചു ജീവിക്കുന്നവരെ വിലമതിക്കയും ചെയ്യുന്നതായ അഥവ നിയമങ്ങൾക്കനുസരിച്ച് എല്ല കാര്യങ്ങളും നിവർത്തിക്കപ്പെടുന്നു എന്നു നിരീക്ഷിക്കേണ്ടതിനായ ഭരണാധികരികളെ കൂടാതെ ലോകത്തിൽ നിയമത്തെ നിലനിർത്താനാവില്ല. ഇത് നടപ്പാക്കിയില്ലെങ്കിൽ മാനവരാശി ത ന്നെ നശിക്കും. എന്തുകൊണ്ടെന്നാൽ ശത്രുത, അസൂയ, വിദ്വേഷം, പ്രതികാരവാഞ്ഛ, വഞ്ചന, ക്രൂരത, മറ്റ് പലവിധത്തിലുള്ള തിന്മ കൾ തുടങ്ങിയവ ഉണ്ടാകുമ്പോൾ പൈതൃകമായിത്തന്നെ മറ്റു ള്ളവരെ അടക്കി വാഴാനും മറ്റുള്ളവരുടെ നന്മകൾ സ്വന്തമാക്കാ നുമുള്ള ആഗ്രഹം ഓരോരുത്തർക്കുമൊപ്പമുണ്ട്. ആയതിനാൽ നി യമങ്ങളാലും, നന്മകൾ പ്രവർത്തിക്കുന്നവർക്കുള്ള ബഹു

മതികളും നേട്ടങ്ങളുമായ അവരുടെ സ്നേഹത്തിന് യോജിക്കുന്ന പുരസ്കാരങ്ങളാലും, ഇത്തരം സ്നേഹങ്ങൾക്ക് വിരുദ്ധമായ കീർത്തിയ്ക്കും നേട്ടങ്ങൾക്കും ജീവിതത്തിനും ഭംഗം വരുത്തുന്ന തിന്മകൾ പ്രവർത്തിക്കുന്നവർക്കുള്ള ശിക്ഷകളാലും മനുഷ്യരെ കെട്ടുപാടുകളിൽ നിർത്തുന്നില്ലെങ്കിൽ മാനവരാശി തന്നെ നശിച്ചു പോകും.

313. നിയമത്തിൽ എല്ലാ മനുഷ്യ സമൂഹങ്ങളേയും നിലനിർത്തേണ്ടതിനായി ദൈവഭയവും, വിവേകമതികളും, നിയമപരിജ്ഞാനവുമുള്ള ഭരണാധികാരികൾ ഉണ്ടാവണം. അധികാരത്തിലുള്ളവർക്കിടയിലും ഈ ക്രമം ഉണ്ടായിരിക്കണം; അല്ലെങ്കിൽ ചായ്വിനാലോ അല്ലെങ്കിൽ അജ്ഞതയാലോ ആരെങ്കിലും നിയമത്തിനു വിരുദ്ധമായ തിന്മകളെ അനുവദിച്ചേക്കുകയും അതുവഴി നിയമത്തെ തകർക്കുകയും ചെയ്യും. അധികാരത്തിലുള്ളവർ സ്ഥനമാനങ്ങൾക്കനുസരിച്ച് അവർക്കിടയിൽ നിയമത്തോടുള്ള വിധേയമനുസരിച്ച് നിയമം സംരക്ഷിക്കപ്പെടുന്നു.

314. സ്വർഗ്ഗത്തോടു ബന്ധപ്പെട്ടതൊ അല്ലെങ്കിൽ സഭാകാര്യങ്ങളുടെ മേലോ ആയ ആളുകളുടൊപ്പം ആയിരിക്കുന്ന അത്തരം കാര്യങ്ങളുടെ മേലുള്ള ഭരണാധികാരിയെ പുരോഹിതൻ എന്നും അവരുടെ കാര്യാലയങ്ങൾ പൗരോഹിത്യം എന്നു വിളിക്കുന്നു. ലോകത്തോട് അല്ലെങ്കിൽ നാഗരിഗതയോടു ബന്ധപ്പെട്ടിട്ടുള്ള ആളുകളോടൊപ്പമുള്ള അത്തരം കാര്യങ്ങളുടെ മേലുള്ള അധികാരികളെ ന്യായധിപന്മാരെന്നും ഭരണക്കൂടത്തിന്റെ രൂപത്തിൽ പ്രബലപ്പെടുന്ന അവരുടെ മുഖ്യനെ രാജാവ് എന്നും വിളിക്കുന്നു.

315. മനുഷ്യരെ സ്വർഗ്ഗത്തിലേക്കുള്ള പാതകളെ ഉപദേശിക്കാനും അവരെ നയിക്കാനും പുരോഹിതർ ബാധ്യസ്ഥരാണ്. വചനത്തിൽ നിന്നുള്ള അവരുടെ സഭയുടെ സിദ്ധാന്തങ്ങൾക്ക് അനുസരിച്ച് അവരെ ഉപദേശിക്കാൻ പുരോഹിതർ ബാധ്യസ്ഥരാണ്; പുരോഹിതർ അവരെ നയിക്കുകയും വേണം, അതുവഴി അവർ സിദ്ധാന്തങ്ങൾക്ക് അനുസരിച്ചുള്ള ജീവിതം നയിക്കുന്നു. സത്യങ്ങൾ ഉപദേശി

ക്കുകയും അതുവഴി നല്ല ജീവിതത്തിലേക്കും തുടർന്ന് കർത്താവിലേക്കും നയിക്കുയും ചെയ്യുന്ന പുരോഹിതർ ആട്ടിൻപറ്റങ്ങൾക്കിടയിലെ നല്ല ആട്ടിടയന്മാരാണ്; മറിച്ച് ഉപേദശം നൽകുകയും എന്നാൽ നല്ല ജീവിതത്തിലേക്കും അതുവഴി കർത്താവിങ്കലേക്കും നയിക്കാത്തവർ മോശം ആട്ടിടയന്മാരുമാണ്.

316. പുരോഹിതർ മനുഷ്യാത്മാക്കളുടെ മേൽ എന്തെങ്കിലും അധികാരം പ്രയോഗിക്കാൻ പാടില്ല, എന്തെന്നാൽ മനുഷ്യരുടെ അന്തക്കരണങ്ങൾ ഏത് അവസ്ഥയിലാണുള്ളതെന്ന് അവർക്ക് അറിയില്ല; സ്വർഗത്തിന്റെ കവാടം അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നതിനുള്ള അധികാരം അത്രപോലും അവർക്ക് അവകാശപ്പെടാനാവില്ല, കാരണം അധികാരം കർത്താവിന്റെ മാത്രമാണ്.

317. പുരോഹിതർ നിർവഹിക്കുന്ന വിശുദ്ധ കാര്യങ്ങൾക്ക് അനുസൃതമായി അവർക്ക് ആദരവും ബഹുമാനവും നൽകേണ്ടതുണ്ട്; എന്നാൽ ജ്ഞാനികളായവർ വിശുദ്ധ കാര്യങ്ങൾ ഉത്ഭവിക്കുന്ന കർത്താവിനാണ് ആദരവ് നൽകുന്നത്, അവർ അത് തങ്ങളുടേതായിട്ട് എടുക്കാറില്ല. നേരെ മറിച്ച് ജ്ഞാനികളല്ലാത്തവർ ആദരവ് കർത്താവിൽ നിന്നെടുത്ത് തങ്ങളുടേതായ വിശേഷിപ്പിക്കുന്നതായ് കാണുന്നു.. ആത്മാക്കളുടെ രക്ഷയോടുള്ള നേട്ടത്തേക്കാളും ബഹുമതിയേക്കാളും പ്രിയതമമായിരിക്കുന്നത് അവർ നിർവഹിക്കുന്ന വിശുദ്ധ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ തങ്ങൾക്ക് തന്നെ ബഹുമതി വിശേഷിപ്പിക്കുന്നു.ഒരു പ്രവൃത്തിയുടേയും ആദരവ് വ്യക്തിയിൽ ഉണ്ടായിരിക്കുന്നില്ല, മറിച്ച് അവൻ വഹിക്കുന്ന പദവിയുടെ അന്തസ്സിന് അനുസരിച്ച് ആദരവ് വ്യക്തിയോട് ചേർത്തുവയ്ക്കപ്പെടുകയാണ് ചെയ്യുന്നത്; അങ്ങനെ ചേർത്തുവയ്ക്കപ്പെടുന്ന ആദരവ് ആ വ്യക്തിയുടേതാകുന്നില്ല, മാത്രമല്ല, അത് അവന്റെ പദവിയിൽ നിന്ന് വേറിട്ടു നിൽക്കുകയും ചെയ്യും. ഒരു വ്യക്തിയിൽ സഹജമായുള്ള ആദരവ് ജ്ഞാനത്തിന്റെ ആദരവും കർത്താവിനോടുള്ള ഭയവുമാണ്.

318. പുരോഹിതർ ജനങ്ങളെ ഉപദേശിക്കാൻ ബാധ്യസ്ഥരാണ്, സത്യത്തിലൂടെ അവരെ നന്മയുടെ ജീവിതത്തിലേക്ക് നയിക്കുകയും വേണം; എന്നിരുന്നാലും അവർ ആരിലും നിർബന്ധം ചെ

ലുത്താൻ പാടില്ല; എന്തുകൊണ്ടെന്നാൽ ഒരുവൻ മനസ്സിൽ സത്യമെന്ന് ചിന്തിച്ചു വച്ചിരിക്കുന്നതിന് വിരുദ്ധമായ കാര്യങ്ങൾ വിശ്വസിക്കാൻ ആരേയും നിർബന്ധിക്കാൻ പാടുള്ളതല്ല. പുരോഹിതനിൽ നിന്ന് വ്യത്യസ്തമായി ചിന്തിക്കുകയും, സ്വൈര്യക്കേടുകളൊന്നും ഉയർത്താതിരിക്കുകയും ചെയ്യുന്നവനെ ശാന്തതയിലേക്ക് വിടേണ്ടതാണ്: നേരെ മറിച്ച് സ്വൈര്യക്കേടുകൾ ഉയർത്തുന്നവനെ വേർപെടുത്തുകയും വേണം; എന്തുകൊണ്ടെന്നാൽ പൗരോഹിത്യം നിലനിൽക്കുന്ന ക്രമവുമായി ബന്ധപ്പെട്ട കാര്യമാണിത്.

319. ദിവ്യ നിയമവും ആരാധനയുമായി ബന്ധപ്പെട്ട കാര്യങ്ങളെ നിർവഹിക്കുന്ന അധികാരപ്പെട്ട വ്യക്തികളാണ് പുരോഹിതരെങ്കിൽ, നാഗരിക നിയമവും ന്യായവിധിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവഹിക്കുന്ന അധികാരപ്പെട്ട വ്യക്തികളാണ് രാജാക്കന്മാരും ന്യായാധിപന്മാരും.

320. രാജാവിന് എല്ലാ കാര്യങ്ങളും നിർവഹിക്കാൻ സാധിക്കാത്തതിനാൽ അദ്ദേഹത്തിനു കീഴിൽ അധികാരപ്പെട്ട വ്യക്തികളുണ്ടാവും, അവർക്ക് ഓരോരുത്തർക്കും ഓരോ പ്രവിശ്യ ചുമതലപ്പെടുത്തി കൊടുക്കുകയും രാജാവിന് സാധിക്കാത്തതും അപ്രാപ്യവുമായ കാര്യങ്ങൾ അവർ അവിടെ നിർവഹിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ അധികാരപ്പെടുത്തിയിട്ടുള്ള വ്യക്തികൾ ചേർന്ന് രാജകീയ പദവി രൂപീകരിക്കുന്നു, എന്നാൽ പരമോന്നത അധികാരകേന്ദ്രം രാജാവു തന്നെയായിരിക്കും.

321. രാജകീയ പദവി വ്യക്തിയിലുള്ളതല്ല, മറിച്ച് വ്യക്തിയോട് ചേർക്കപ്പെട്ടു വയ്ക്കുന്നതാണ്. തന്റെ സ്വന്തം വ്യക്തിത്വത്തിലുള്ളതാണ് രാജപദവിയെന്ന് ഒരു രാജാവ് വിശ്വസിക്കുകയാണെങ്കിൽ, അതേ പോലെ അധികാരപ്പെട്ട ഒരു വ്യക്തി തന്റെ അധികാര പദവി സ്വന്തം വ്യക്തിത്വത്തിലുള്ളതാണെന്ന് കരുതുകയാണെങ്കിൽ അത് ബുദ്ധിപരമല്ല.

322. രാജ്യത്തെ നിയമങ്ങൾക്ക് അനുസരിച്ച് ഭരണ നിർവഹണം നടത്തുന്നവയും ഈ നിയമങ്ങൾക്ക് അനുസരിച്ച് നീതിയുടെ തത്വത്തിൽ നിന്നുകൊണ്ട് വിധി പ്രസ്താവിക്കുകയും ചെയ്യുന്നവയാണ് രാജകീയ പദവികൾ. നിയമം തന്നേക്കാൾ മേലെയെന്നു കരുതുന്ന രാജാവ് ബുദ്ധിമാനാണ്; മറിച്ച് നിയമത്തേക്കാൾ മേലെയാണ് താൻ എന്നു ചിന്തിക്കുന്നവൻ ബുദ്ധിമാനല്ല. നിയമത്തെ ത

ന്നേക്കാൾ മേലെ കാണുന്ന രാജാവ് രാജപദവിയേയും നിയമത്തിൽ നിലനിർത്തുകയും നിയമം അദ്ദേഹത്തിന്റെയും മേലെ വാഴുകയും ചെയ്യുന്നു; എന്തുകൊണ്ടെന്നാൽ നിയമമെന്നാൽ നീതിയാണെന്നും നൈതികമായ എല്ലാ നീതിയും ദിവ്യമാണെന്നും അദ്ദേഹത്തിന് അറിയാം. മറിച്ച് നിയമത്തിലും മേലെ തന്നെ കാണുന്നവൻ രാജ പദവിയെ തന്നിൽ തന്നെ നിലനിർത്തുന്നു, അദ്ദേഹം ഒന്നുകിൽ താൻ തന്നെയാണ് നിയമമെന്നോ അല്ലെങ്കിൽ നീതിയാകുന്ന നിയമം തന്നിൽ നിന്ന് രൂപപ്പെടുന്നതാണെന്നോ വിശ്വസിക്കുന്നു; ആയതിനാൽ ദിവ്യത്വത്തെ അദ്ദേഹം അപഹരിച്ചെടുക്കുന്നു; അതിനു കീഴിൽ കഴിയേണ്ടവനായിരിക്കുമ്പോൾ തന്നെയാണ് അദ്ദേഹം ഇങ്ങനെ ചെയ്യുന്നത്.

323. രാജ്യത്തെ ബുദ്ധിമാന്മാരും ദൈവ ഭയമുള്ളവരുമായ സാമാജികർ ചേർന്നാണ് നീതിയാകുന്ന നിയമം നിർമ്മിച്ചെടുക്കേണ്ടത്; തുടർന്ന് രാജാവും പ്രജകളും അതിന് അനുസരിച്ച് ജീവിക്കുകയും വേണം. നിർമ്മിക്കപ്പെട്ടിരിക്കുന്ന നിയമങ്ങൾക്ക് അനുസരിച്ച് ജീവിച്ചുകൊണ്ട് തന്റെ പ്രജകൾക്ക് മാതൃക കാട്ടുന്ന രാജാവാണ് യഥാർത്ഥ രാജാവ്.

324. ഒരു രാജാവിന് സമ്പൂർണ അധികാരമുണ്ടായിരിക്കുകയും തന്റെ പ്രജകൾ വെറും അടിമകളാണെന്നും അവരുടെ ജീവനും സമ്പത്തിനും മേൽ തനിക്ക് അവകാശമുണ്ടെന്ന് വിശ്വസിക്കുകയും അത്തരം അവകാശങ്ങൾ അവർക്കു മേൽ ചെലുത്തുകയും ചെയ്യുന്നവൻ രാജാവല്ല, മറിച്ച് ഏകാധിപതിയാണ്.

325. രാജ നിയമങ്ങൾക്കനുസരിച്ച് രാജാവിനെ അനുസരിക്കേണ്ടതാകുന്നു, കൂടാതെ ഒരു കാരണവശാലും വാക്കു കൊണ്ടോ പ്രവൃത്തി കൊണ്ടോ അദ്ദേഹത്തെ മുറിവേൽപിക്കാൻ പാടില്ല; എന്തുകൊണ്ടെന്നാൽ അത് പൊതു സുരക്ഷയെ ബാധിക്കുന്നതാണ്.